# മലയാളരാജ്യം
## ആഴ്ചപ്പതിപ്പ്




THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII — As. 2 — No. 296

15th May 1950

സിനിമാപംക്തി

# താരാചൗധരി

നൃത്യകലയിൽ ഉൽകൃഷ്ടസിദ്ധികൾ നേടി അഖിലലോക പ്രശസ്തി സമ്പാദിച്ചിട്ടുള്ള ഒരു പ്രശസ്തനർത്തകിയാണ് ശ്രീമതി താരാചൗധരി. അവരുടെ നർത്തനം വർണ്ണനാതീതമായ സൗന്ദര്യവും അലൗകികമായ ഗാംഭീര്യവും ഒത്തിണങ്ങിയിട്ടുള്ളതാണ്. ഒരു ദശവത്സരക്കാലത്തെ കഠിനപരിശ്രമത്തിന്റെയും അഭ്യസനത്തിന്റെയും ഫലമായിട്ടാണ് വിശ്വവിഖ്യാതയായ നർത്തകിയുടെ ഉന്നതപദവിയിലേയ്ക്ക് അവർ ഉയർന്നിട്ടുള്ളത്. പൗരസ്ത്യരാജ്യങ്ങളിലെന്നപോലെ പാശ്ചാത്യരാജ്യങ്ങളിലും ശ്രീമതി താരാചൗധരിക്ക് അനേകം ആരാധകരെ സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അന്യാദൃശമായ നൃത്തകലാവൈദഗ്ദ്ധ്യവും സാർവ്വലൗകികപ്രശസ്തിയും നേടിയിട്ടുള്ള താരാചൗധരി ഭാരതസംസ്കാരത്തിന്റെ ഒരമൂല്യനേട്ടം തന്നെയാണ്.

പഞ്ചാബിലെ ഒരു പ്രശസ്തകുടുംബത്തിലാണ് താരാചൗധരി ജനിച്ചത്. സ്വന്തക്കാരുടെയും ബന്ധുജനങ്ങളുടെയും പ്രതിഷേധങ്ങളെ അവഗണിച്ചുകൊണ്ടാണ് ആ യുവതി കലാലോകത്തിന് ഉഴിഞ്ഞുവച്ചത്. ആധുനികകാലത്ത് ഇന്ത്യയിൽ ജീവിച്ചിട്ടുള്ള അഥവാ ജീവിച്ചിരിപ്പുള്ള പ്രധാന നൃത്തവിദഗ്ദ്ധന്മാരുടെയെല്ലാം ശിഷ്യയായി കലാഭ്യസനം നിർവ്വഹിച്ചു. കേരളകലാമണ്ഡലത്തിൽ മഹാകവി വള്ളത്തോൾ, കുഞ്ചുക്കുറുപ്പ്, രാവുണ്ണിമേനോൻ, കൃഷ്ണപ്പണിക്കർ, ചന്തുപ്പണിക്കർ മുതലായവരിൽനിന്ന് കഥകളിപാഠങ്ങൾ അഭ്യസിച്ചു. അതിനുശേഷം ഉസ്താദ് ആഷിത് ഇസ്മെയിൽ, ലോടിലാൽ, ഭരതനാട്യവിദഗ്ദ്ധൻ പണ്ടനല്ലൂർ മീനാക്ഷിസുന്ദരംപിള്ള, ശ്രീമതി ഗൗരി തുടങ്ങിയവരിൽനിന്നും ഭരതനാട്യരീതികളും ക്ലാസിക് നൃത്തസങ്കേതങ്ങളും അവർ അഭ്യസിച്ചു. താരാചൗധരിയുടെ സഹോദരനായ എം. ആർ. ചൗധരി ഒരു പണ്ഡിതനും നൃത്തകലാവിദഗ്ദ്ധനുമാണ്. സഹോദരന്റെ സഹായസഹകരണങ്ങൾ താരയുടെ കലാഭിരുചിയെ പോഷിപ്പിക്കുന്നതിന് സാരമായി സഹായിച്ചിട്ടുമുണ്ട്.

ഭാരതത്തിലെ നൃത്യകലയ്ക്ക് പ്രചാരവും പ്രോത്സാഹനവും നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി 1120-ൽ ലാഹോറിൽ താരാചൗധരി ഒരു നൃത്യകലാലയം സ്ഥാപിച്ച് പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കലാലയം പൊതുജനങ്ങളുടെ ഇടയിൽ ഭാരതീയനൃത്യകലയെക്കുറിച്ച് അഭിരുചി ജനിപ്പിക്കുന്നതിന് പ്രയോജനീഭവിച്ചിട്ടുണ്ട്. ഭാരതത്തിലെ നൃത്യകലാവിശേഷങ്ങളെ ലോകസമക്ഷം പ്രദർശിപ്പിക്കണമെന്നുള്ളതാണ് താരാചൗധരിയുടെ പ്രവർത്തനലക്ഷ്യം.

1118-ൽ സുപ്രസിദ്ധനർത്തകനായ റാം ഗോപാൽ അദ്ദേഹത്തിന്റെ സഹനർത്തകിയായി താരാചൗധരിയെ തിരഞ്ഞെടുത്തു. അവർ രണ്ടുപേരുംകൂടി സിലോണിലും ഇന്ത്യയിൽ പല സ്ഥലങ്ങളിലും പര്യടനംചെയ്ത് നൃത്യകലാപ്രകടനങ്ങൾ നടത്തി പ്രശസ്തി സമ്പാദിച്ചു. 1122-മാർച്ചുമാസത്തിൽ ഡൽഹിയിൽവെച്ചു നടത്തപ്പെട്ട ഇന്റർ-ഏഷ്യൻ റിലേഷൻസ് കാൺഫറൻസിൽ നൃത്തകലാപ്രകടനത്തിന് ശ്രീമതി താരാചൗധരി ക്ഷണിക്കപ്പെടുകയുണ്ടായി. അവരുടെ നൃത്യകലാപ്രകടനങ്ങൾ ദർശിച്ചു പണ്ഡിതജവഹർലാൽനെഹ്റു താരാചൗധരിയുടെ അനിതരസാധാരണമായ നൃത്യനൈപുണ്യത്തെക്കുറിച്ച് മുക്തകണ്ഠം പ്രശംസാവർഷം ചൊരിഞ്ഞു. ഏഷ്യൻ റിലേഷൻസ് കോൺഫറൻസിൽ സംബന്ധിച്ച സകല പ്രതിനിധികളെയും വിസ്മയസ്തബ്ധരാക്കുന്നതിനും ആ കലാകൗശലയ്ക്കു കഴിഞ്ഞു. ഭാരതീയ നൃത്യകലയുടെ മേന്മയേയും മഹിമാതിശയങ്ങളേയും ഏഷ്യൻരാജ്യക്കാർക്ക് ഒരിക്കലും മറക്കാത്തവിധം ആ ശ്രീമതി കാണിച്ചുകൊടുക്കുകയും ചെയ്തു.

ശ്രീമതി താരാചൗധരിയെപ്പോലെ ഒരു സ്ത്രീയായി നൃത്യകലാഭ്യസനം നിർവ്വഹിച്ചിട്ടുള്ള നർത്തകികൾ ഭാരതത്തിൽ പൊതുവേ വിരളമാണ്. തന്റെ പാണ്ഡിത്യത്തിന്റെയും വാസനയുടെയും സഹായത്തോടുകൂടി ദുർഗ്രാഹ്യങ്ങളായ സാങ്കേതിക മുദ്രകളെപ്പോലും അവർ സുഗ്രാഹ്യങ്ങളും സുന്ദരങ്ങളുമാക്കി തീർക്കാറുണ്ട്. വർദ്ധിച്ച ഭാവനാശക്തിയോടുകൂടിയാണ് കലാസമ്പൂർണ്ണമായ വിധത്തിൽ നൃത്യരീതികളെ അവർ പ്രദർശിപ്പിക്കാറുള്ളതും. മങ്ങിമറഞ്ഞുകൊണ്ടിരുന്ന ഭാരതീയനൃത്യകലയ്ക്ക് താരാചൗധരി നൽകിയിട്ടുള്ള കാലോചിതമായ പ്രോത്സാഹനവും പ്രചാരണവും വിലമതിക്കത്തക്കതല്ലേ. അതുല്യമായ ലാവണ്യധോരണി പൊഴിച്ചുകൊണ്ട് അവർ നൃത്യരംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് ഒരു പ്രാവശ്യം ദർശിച്ചിട്ടുള്ളവർ പിന്നീട് ഒരിക്കലും ആ നർത്തകിയെ വിസ്മരിക്കുമെന്നു തോന്നുന്നില്ല. അവരുടെ നർത്തനം ദർശിച്ചാൽ അരസികൻപോലും കലാരസികനായി പരിവർത്തനപ്പെടുന്നതാണ്. താരാചൗധരി നൃത്യരംഗങ്ങളിൽ അഭിനയിച്ചിട്ടുള്ള ചലച്ചിത്രങ്ങൾ അനവധിയാണ്. അവയെല്ലാം ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നൃത്യവിശേഷങ്ങളുടെ വിവിധരീതികളേയും സങ്കേതങ്ങളേയുംകുറിച്ചു അഗാധവും ശാസ്ത്രീയവുമായ പരിജ്ഞാനം നേടിയിട്ടുള്ള ആ കലാകാരി സർവ്വോൽകർഷേണ വിജയിക്കട്ടെ!

—o—

# ഗോപിനാഥൻ

—o—

ഏതാണ്ട് നാല്പതുവർഷങ്ങൾക്കുമുമ്പ് കുട്ടനാട്ടിലുള്ള ഒരു കുഗ്രാമമായ ചമ്പക്കുളത്ത് പാക്കേരിവീട്ടിലാണ് സുപ്രസിദ്ധനർത്തകനായ ഗോപിനാഥൻ ജനിച്ചത്. ആ പുരാതനകുടുംബം തലമുറകളായി കഥകളിനടന്മാരുടെ ജനനംകൊണ്ട് പ്രശസ്തിയാർജ്ജിച്ചിരുന്നു. പാരമ്പര്യമായി സിദ്ധിച്ചിരുന്ന ആ കലാവാസന ഗോപിനാഥനിലും വേരൂന്നിവളർന്നുവന്നു. മാതാപിതാക്കൾക്ക പുത്രൻ കാലോചിതമായ വിദ്യാഭ്യാസം നിർവ്വഹിച്ചു ഒരു ഉദ്യോഗസ്ഥനായിത്തീരണമെന്നായിരുന്നു ആഗ്രഹം. എന്നാൽ അവരുടെ അഭീഷ്ടത്തെ അവഗണിച്ച് ഒരു കഥകളിനടനായി തീരുന്നതിന് ഗോപിനാഥൻ തീരുമാനിച്ചു. ചമ്പക്കുളം പരമുപിള്ള എന്ന സുപ്രസിദ്ധകഥകളിനടന്റെ ശിഷ്യപ്പെട്ട് ഗോപിനാഥൻ ആദ്യമായി കഥകളിപാഠം ആരംഭിച്ചു. നിരന്തരമായ പരിശ്രമത്തിന്റെയും അനുവാസനയുടെയും ഫലമായി മൂന്നുമാസം കഴിഞ്ഞപ്പോൾ ഗോപിനാഥൻ കഥകളിരംഗങ്ങളിൽ പ്രത്യക്ഷപ്പെട്ടു. എങ്കിലും ഗോപിനാഥൻ പ്രസിദ്ധ കഥകളിനടനായിരുന്ന കുഞ്ചുപ്പണിക്കർക്ക് ശിഷ്യപ്പെട്ട് ഉപരിപഠനവും നിർവ്വഹിക്കുന്നുണ്ടായിരുന്നു. കുഞ്ചുപ്പണിക്കരുടെ മരണാനന്തരം ഗോപിനാഥൻ തകഴി കേശവപ്പണിക്കരുടെ ശിഷ്യത്വം സമ്പാദിച്ചു കഥകളിപ്രസ്ഥാനത്തിന്റെ വിവിധശാഖകളിൽ കൂടുതൽ പ്രാവീണ്യം സമ്പാദിക്കുകയും ചെയ്തു.

മഹാകവി വള്ളത്തോൾ കലാമണ്ഡലത്തിന്റെ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് ഗോപിനാഥനേയും അവിടുത്തെ ഒരു വിദ്യാർത്ഥിയായി അംഗീകരിച്ചു. കവളപ്പാറ നാരായണമേനോൻ, കുട്ടികൃഷ്ണമാരാര് എന്നിവരിൽനിന്ന് ഗോപിനാഥൻ കഥകളിനൃത്യം അഭ്യസിച്ചു.

കഥകളിപ്രേമിയായിരുന്ന ഒരു അമേരിക്കൻ വനിതയായ രാഗിണീദേവിയെ കലാമണ്ഡലം ആകർഷിക്കുകയുണ്ടായി. അവിടെവെച്ചു രാഗിണീദേവി ഗോപിനാഥനുമായി പരിചയപ്പെടുകയും വള്ളത്തോളിന്റെ അനുമതിയോടുകൂടി ഗോപിനാഥനെ അവർ ബോംബെയിലേക്ക് കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. ഇരുവരുംചേർന്ന് ഒരു നർത്തകസംഘവും രൂപവൽക്കരിച്ചു. 1105 ഡിസംബർ 28-ാംനു അവരുടെ പ്രഥമ നൃത്യകലാപ്രകടനം ബോംബെനഗരി ദർശിച്ചു. ഗോപിനാഥന്റെ ശിവതാണ്ഡവനൃത്തം, ഗരുഡനൃത്തം, വേടനൃത്തം എന്നിവ പ്രേക്ഷകലോകത്തെ വളരെയധികം ആകർഷിച്ചു. രാഗിണീദേവിയും ഗോപിനാഥനും കൂടിച്ചേർന്നുള്ള രാധാകൃഷ്ണനൃത്തവും ശിവപാർവ്വതീനൃത്തവും ഏറ്റവും ആകർഷകങ്ങളായിരുന്നു.

ഗോപിനാഥനും രാഗിണീദേവിയുംകൂടി ഒരു അഖിലേന്ത്യാപര്യടനം നടത്തി നൃത്യരംഗങ്ങൾ പ്രദർശിപ്പിച്ചു. പേരും പെരുമയും സമ്പാദിക്കുന്നതിന് അവർക്ക് വലിയ വൈഷമ്യം നേരിട്ടില്ല. ഗോപിനാഥന് പഞ്ചാല, ബറോഡ, നാഗ്പൂർ തുടങ്ങിയ രാജ്യങ്ങളിലെ മഹാരാജാക്കന്മാരിൽനിന്ന് പാരിതോഷികങ്ങൾ ലഭിക്കുകയുംചെയ്തു. ബംഗാളിലേയും ബനാറസിലേയും സംഗീതസമ്മേളനങ്ങൾ ഗോപിനാഥനിൽ നിർലോഭം പ്രശംസാവർഷം ചൊരിഞ്ഞു. കല്ക്കട്ടാ, അലഹബാദ്, മദ്രാസ് തുടങ്ങിയ സർവ്വകലാശാലകളും ഗോപിനാഥന് ഹാർദ്ദമായ പ്രോത്സാഹനവും പിൻതുണയും നൽകി. രണ്ടുവർഷത്തെ പര്യടനത്തിനുശേഷം ഗോപിനാഥൻ വീണ്ടും കലാമണ്ഡലത്തിൽതന്നെ മടങ്ങിയെത്തി. 1110 ഒക്ടോബർ മാസത്തിൽ തിരുവനന്തപുരത്തുവച്ചു നടത്തപ്പെട്ട നടനോത്സവത്തിൽ ഗോപിനാഥനും സംബന്ധിച്ചിട്ടുണ്ടായിരുന്നു. കലാപ്രണയിയായ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് ഗോപിനാഥന്റെ നൃത്തകല തൃക്കൺപാർക്കുകയും ആ കലാകാരനെ അഭിനന്ദിച്ചു വീരശൃംഖല നൽകുകയുംചെയ്തു.

1112 സെപ്റ്റംബർ നാലാംതീയതി ഗോപിനാഥൻ തങ്കമണി എന്ന നർത്തകിയെ സഹധർമ്മിണിയായി സ്വീകരിച്ചു. ആ യുവതിയും കലാമണ്ഡലത്തിലെ ഒരു വിദ്യാർത്ഥിനിയായിരുന്നു. തിരുവനന്തപുരത്തുവെച്ചു നടത്തപ്പെട്ട അഖിലേന്ത്യാ പ്രദർശനത്തിൽ ഗോപിനാഥനും തങ്കമണിയുംകൂടി നൃത്യപ്രദർശനം നിർവ്വഹിക്കുകയുംചെയ്തു. അതിനെത്തുടർന്ന് ഗോപിനാഥൻ പാലസ് ഡാൻസറായി നിയമിക്കപ്പെട്ടു. തിരുവനന്തപുരത്തു ഒരു നർത്തകലാലയം സ്ഥാപിച്ചു ഗോപിനാഥനും പാർട്ടിയുംകൂടി കലാപോഷണവും ആരംഭിച്ചു.

നർത്തകലയത്തിന്റെ പ്രവർത്തനങ്ങൾക്കിടയ്ക്ക് ഗോപിനാഥനും തങ്കമണിയുംകൂടി തെന്നിന്ത്യയിൽ സഞ്ചരിച്ച് കലാപ്രകടനങ്ങൾ നിർവ്വഹിക്കുന്നുണ്ടായിരുന്നു. ഗോപിനാഥന്റെ ശിവപാർവ്വതീനൃത്തവും രാധാകൃഷ്ണനൃത്തവും ലക്ഷ്മീനാരായണനൃത്തവും കലാപ്രേമികളെ ആകർഷിക്കുകയും ചെയ്തിരുന്നു. ഗോപിനാഥൻ കഥകളിയിൽനിന്നാണ് നൃത്തത്തിന്റെ രംഗങ്ങൾ സ്വീകരിച്ചിരുന്നത്. കഥകളിയേയും ഭരതനാട്യത്തെയും സമ്മേളിപ്പിച്ചു പ്രദർശിപ്പിക്കുന്നതിലാണ് ആ നൃത്യകലാവിദഗ്ദ്ധൻ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നതും. നർത്തകലയത്തിൽ നിരവധി വിദ്യാർത്ഥികൾക്കു നൃത്യകലയിൽ അഭ്യസനവും നൽകിക്കൊണ്ടിരുന്നു. അതിനിടയ്ക്കാണ് ഗോപിനാഥനും തങ്കമണിയുംകൂടി 'പ്രഹ്ലാദ' എന്ന മലയാളചലച്ചിത്രം അഭിനയിച്ചതും.

ഗോപിനാഥന്റെ മയൂരനൃത്തമാണ് ഏറ്റവും വിശിഷ്ടമായിട്ടുള്ളത്. ആ നടന്റെ നടനവും, ശരീരത്തിന്റെ വടിവും, പിറകിൽ ബന്ധിച്ചിരിക്കുന്ന മയിൽപീലിയുടെ വിജൃംഭണവും ആട്ടവും മറ്റും മയിലുകളെപ്പോലും ലജ്ജിപ്പിക്കത്തക്കവിധം മനോഹരമാണ്. ഗോപിനാഥൻ മദ്രാസിലേയ്ക്കു താമസം മാറിയതിനെ തുടർന്നാണ് തിരുവനന്തപുരത്തെ നൃത്തകലാലയത്തിന്റെ പ്രവർത്തനം നിലച്ചത്. ഗോപിനാഥൻ ഇപ്പോൾ മദ്രാസിൽ ഒരു നടനകലാലയം സ്ഥാപിച്ചു വിദ്യാർത്ഥികളേയും വിദ്യാർത്ഥിനികളേയും നൃത്യകല അഭ്യസിപ്പിച്ചുകൊണ്ടിരിക്കയാണ്. ഏതാനും ചലച്ചിത്രങ്ങളിലും ഗോപിനാഥനും പാർട്ടിയും അടുത്തകാലത്തു അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. മലയാളികളായ പല കലാകാരന്മാരും പ്രശസ്തരായതു തമിഴരുടെ പ്രോത്സാഹനംകൊണ്ടാണല്ലോ. ആ നിലയ്ക്കു പണവും പ്രശസ്തിയും സമ്പാദിക്കുന്നതിനു ഗോപിനാഥനും തമിഴ്നാടിനെ അഭയം തേടേണ്ടി വന്നിരിക്കയാണ്.

—o—

## ഫിലിംവാർത്തകൾ

—*—

വാഹിനിസ്റ്റുഡിയോവിൽ തമിഴിലും മലയാളത്തിലും നിർമ്മിച്ചുകൊണ്ടിരിക്കുന്ന 'ചന്ദ്രിക' എന്ന ചലച്ചിത്രം ഈ മാസാവസാനത്തോടുകൂടി പൂർത്തിയാകുമെന്നറിയുന്നു. ശ്രീനിവാസരാഘവനാണ് ഈ ചിത്രം ഡയറക്ട് ചെയ്യുന്നത്.

* * *

ജവഹർ ആർട്ട് പ്രൊഡക്ഷൻസിന്റെ പ്രഥമചിത്രമായ 'പടയാളി' എന്ന മലയാളചലച്ചിത്രത്തിന്റെ നിർമ്മാണവും ആരംഭിച്ചിരിക്കുന്നു. വിക്ടർ ഹ്യൂഗോയുടെ 'ലെസ് മിസറബിൾസ്' എന്ന സുപ്രസിദ്ധ ഫ്രഞ്ചുനോവലിനെ ആസ്പദമാക്കിയാണ് കഥ രചിച്ചിരിക്കുന്നത്. കെ. എസ്. ശ്രീനി, കനാകുത്തു കരുണാകരൻപിള്ള, ജോഹർ, വഞ്ചിയൂർ മാധവൻനായർ, വത്സല, ഉമാദേവി, സരോജ, ബേബി, സ്വർണ്ണലത മുതലായവരാണ് പ്രധാനനടീനടന്മാർ. ഡയറക്ടർ കെ. വി. എസ്. മണിയുമാണ്.

* * *

കോയമ്പത്തൂർ പക്ഷിരാജാസ്റ്റുഡിയോവും ജിയോപിക്ചേഴ്സുംകൂടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന 'പ്രസന്ന മധുവിധു' എന്ന മലയാളചിത്രത്തിന്റെ നിർമ്മാണവും പൂർത്തിയാകാറായി. മുൻഷി പരമുപിള്ളയാണ് ചിത്രത്തിന്റെ കഥയും സംഭാഷണവും രചിച്ചിരിക്കുന്നത്. കഥാനായകനായി ടി. എസ്. ബാലയ്യയും കഥാനായികമാരുടെ ഭാഗത്തിൽ ലളിതാപത്മിനിമാരുമാണ് അഭിനയിക്കുന്നത്.

* * *

ശക്തി പ്രൊഡക്ഷൻസുകാർ പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 'വിധി' എന്ന ചിത്രത്തിൽ സരോജ, പി. കെ. സരസ്വതി എന്നിവർ അഭിനയിക്കുന്നതാണ്.

* * *

ലളിതാപത്മിനി, ജയലക്ഷ്മി എന്നിവർ അഭിനയിച്ചുകൊണ്ടിരിക്കുന്ന വനസുന്ദരിയുടെ നിർമ്മാണം ന്യൂട്ടോൺ സ്റ്റുഡിയോവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

* * *

ടൂറിംഗ് സിനിമായ്ക്കു ലൈസൻസ് നൽകുന്നതിന്റെ കാലാവധി ഒൻപതുമാസമായി ദീർഘിപ്പിക്കുവാൻ മദ്രാസ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു.

* * *

ഗുജറാത്തിചിത്രനിർമ്മാതാവായ ഡയറക്ടർ വി. എം. വ്യാസ് ഇപ്പോൾ 'പ്യാർ' എന്നൊരു ഹിന്ദിചലച്ചിത്രം നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

* * *

കുംഭമേളഉത്സവം, രമണമഹർഷിയുടെ സമാധിയെത്തുടർന്നു നടന്ന ചടങ്ങുകൾ, ഇന്ത്യൻ എയർഫോഴ്സ് സിംഹൻ ജോഡ്പൂരിലും അംബാലായിലും നടന്ന പരേഡുകൾ എന്നിവ ഇന്ത്യൻ ന്യൂസ് റിവ്യൂവിൽ ഉൾപ്പെടുത്തി പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കുന്നു.

* * * *

ജനങ്ങളെ ചലച്ചിത്രസാക്ഷരരാക്കിത്തീർക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടി പണ്ഡിറ്റ് ഏ. ഭയന്ന ഥകൺസ്, പ്രസിഡണ്ടായും ശ്രീമതി ലീലാവതി മുൻഷി, ഖന്ന, മിസ്സ് ഹുമയൂൺകബീർ എന്നിവർ വൈസ്പ്രസിഡണ്ടുമാരായും കല്പൂരത്ത് ഫിലിംസൊസൈറ്റി എന്നപേരിൽ ന്യൂഡൽഹിയിൽ ഒരു സംഘടന രൂപവൽക്കരിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

* * * *

'ബാബുകഥാ' എന്നൊരു സംഗീതപ്രധാനമായ ഹിന്ദിചലച്ചിത്രം ന്യൂതിയേറ്റേഴ്സിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അനസൂയ, നാസിർ, കംഷിദ് തുടങ്ങിയവരാണ് ചിത്രത്തിൽ അഭിനയിക്കുന്നത്. പങ്കജ്മല്ലിക്ക് ആണ് ഗാനങ്ങൾ രചിച്ചിരിക്കുന്നത്. ദേബകിബോസ് ആണ് ചിത്രം ഡയറക്ട് ചെയ്തുകൊണ്ടിരിക്കുന്നത്.

* * *

ഡയറക്ടർ മെഹബൂബ് "അന്ദാസ്" എന്നൊരു ടെക്നിക്കളർ ചിത്രം നിർമ്മിക്കാൻ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

* * *

ഐ. എൻ. എ. സമരത്തെ ആസ്പദമാക്കി "പഹിലാ ആദ്മി" എന്നൊരു ഹിന്ദിചിത്രം ബിമൽറോയ് നിർമ്മിച്ചുകൊണ്ടിരിക്കുന്നു. നേതാജി ബോസിന്റെ അനുയായിയും അദ്ദേഹത്തിന്റെ സഹവാസിയുമായിരുന്ന ഒരു അനുഗൃഹീത സാഹിത്യകാരനാണ് ചിത്രത്തിനുവേണ്ടി കഥ രചിച്ചിരിക്കുന്നത്. അസിത, പഹാരി, നസീർ, ഷീലാത്ത തുടങ്ങിയവരാണ് ചിത്രത്തിൽ അഭിനയിക്കുന്നത്.

* * *

ഒഴിവുദിവസങ്ങളിൽ മാത്രമേ പതിനെട്ടു വയസ്സിനു താഴെയുള്ള വിദ്യാർത്ഥികൾക്ക് സിനിമാതിയറ്ററിന്റെ ഉടമസ്ഥന്മാർ ടിക്കറ്റ് വില്ക്കുവാൻപാടുള്ളു' എന്ന് അലഹബാദിലെ ഭരണാധികാരിയായ ഡിസ്ട്രിക്ട്മജിസ്ട്രേട്ട് അവിടെ ഒരു ആജ്ഞ പുറപ്പെടുവിച്ചിരിക്കുന്നു.


ശ്രീരാമവിലാസം

ടൈപ്പ് ഫൗണ്ടറി

28-പായിന്റ്, 18-പായിന്റ്, 14-പായിന്റ്, 12-പായിന്റ്, 10-പായിന്റ് ഈ അഞ്ചിനം മലയാളം ടൈപ്പുകളും ഇംഗ്ലീഷിലും, തമിഴിലും ഉള്ള അനവധി ഇനം ഹെഡിംഗ് ടൈപ്പുകളും, ടി പായിന്റുകളിലുള്ള പലയിനം റോമൻടൈപ്പുകളും അനേകംജാതി ബാർഡറുകളും ഇവിടെ എപ്പോഴും കിട്ടുന്നതാണ്.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.


## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | സിനിമാപംക്തി | 2 |
| 2. | സ്വാഗതം | 3 |
| 3. | ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി കെ. രാമവാര്യർ | 4 |
| 4. | പ്രതിമകൾ (കവിത) — ടി. എൻ. വർമ്മ ബനാറസ് | ,, |
| 5. | വീരപൂജ (കവിത) — എം. പി. അപ്പൻ | ,, |
| 6. | കലയുടെ സാമൂഹികാധിഷ്ഠാനം — പി. കെ. പരമേശ്വരൻനായർ | 5 |
| 7. | സ്ത്രീധർമ്മത്തിന്റെ വ്യാപ്തി — അമ്പാടി ഇക്കാവമ്മ | 6 |
| 8. | അഹിംസയുടെ ചരിത്രപരമായ പശ്ചാത്തലം — എൻ. എം. ചാക്കോ, എം. ഏ. | 7 |
| 9. | ഹരിദ്വാരമേള — മേക്കനാത്തു കുഞ്ഞികൃഷ്ണൻനായർ | 8 9 |
| 10. | ഷോപ്പിംഗ് — പി. എസ്. പത്മനാഭൻ | 10 |
| 11. | കുമാരനാശാന്റെ ദുരവസ്ഥ — ജി. ബാഹുലേയൻ | 11 |
| 12. | കാർട്ടൂൺ | 12 |
| 13. | ബാലപംക്തി | ,, |
| 14. | സ്നേഹത്തിന്റെ ശ്മശാനം — ശാന്താകുമാരി മന്നാർ | 13 |
| 15. | ഗണിതവിനോദം — എ. സ്. പരമേശ്വരൻ | 14 |
| 16. | കിലുക്കാംപെട്ടി — കടവത്തു കെ. ഗോപിനാഥൻ ബി. ഏ. | 15 |
| 17. | ഗ്രന്ഥവിചാരം | ,, |
| 18. | ചിത്രങ്ങൾ | 16 |


മുഖചിത്രം:— ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ പട്ടേൽ.

—o—

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ ഇടവം ൧-ാംനു- തിങ്കളാഴ്ച 1 th May 1950. | ലക്കം ൨൮൩


## ★ ★ ★ സ്വാഗതം ★ ★ ★

ആ അനുഗ്രഹം കൈവന്നു. സർദാർജിയുടെ സന്ദർശനം, നമ്മെ സംബന്ധിച്ചിടത്തോളം അത്ര ചിരപ്രതീക്ഷിതമായിരുന്നു. ഭാരതത്തിലെ നേതാക്കന്മാർ ഇവിടെ വന്നും പോയും ഇരുന്ന ഒരു കാലമുണ്ടായിരുന്നു. നമ്മുടെ കേരളത്തിലെ ദേശീയസമരചരിത്രത്തിലെ, നമ്മെ ഒരു ചരടിലിണക്കിയ ആ കാലഘട്ടത്തിലെ സംഭവബഹുലമായ കാര്യപരിപാടികളിൽ ഇദ്ദേഹം സംബന്ധപ്പെട്ടിരുന്നില്ല. എന്നാലും പരസ്സഹസ്രം വീരാപദാനസ്മരണകളെ മിന്നിച്ചുകൊണ്ടു അദൃശ്യപ്രഭാവനായി ഉജ്ജ്വലിച്ചുൽപതിച്ച ശ്രീ. പട്ടേൽ നമ്മുടെ രണരണിതഹൃദയങ്ങൾക്കു ഉണർവ്വിയറ്റിക്കൊണ്ടുതന്നെ ഇരുന്നു.

മഹാത്മജിയുടെ ബഹിശ്ചരപ്രാണനായിരുന്ന സർദാർജിയിൽ യുധിഷ്ഠിരോപാന്തത്തിലെ ഭീമവിക്രമമാണു നാം ദർശിച്ചുപോന്നതു്. ഭാരതത്തിലെ സ്വാതന്ത്ര്യസമരത്തിൽ ഈ ഉഗ്രരംഗത്തിൽനിന്നു നിർഗ്ഗളിച്ച ആത്മോൽഘോഷം പ്രതിയോഗികളെ അസ്തപൗരുഷന്മാരായി നിലകൊള്ളിച്ചു. ബാർഡോളി സത്യാഗ്രഹത്തിൻെറ ധീരനേതാവായ സർദാർജിയുടെ പുരുഷകേസരിയുടെ ചിഹ്നത്തിനു സാമ്രാജ്യസിംഹാസനം തകിടംമറിക്കാനുള്ള പ്രൗഢപ്രഭാവമുള്ളതായി തെളിഞ്ഞു. ഗുർജ്ജരത്തിലെ ഊർജ്ജസ്വലവിക്രമനായ ഈ കിരീടംവയ്ക്കാത്ത രാജാവിൻെറ കല്പനമാത്രയിൽ ഇതരസർവ്വസ്വത്തെയും ബലികഴിക്കാൻ ജനത സ്വയം സന്നദ്ധമായി. ജനസ്വാധീനത ഇത്രത്തോളം ആർജ്ജിക്കുകയും ആവർജ്ജിക്കുകയും ചെയ്തിട്ടുള്ള മറ്റൊരു നേതാവില്ലെന്നും നാം കണ്ടു.

അഭിഭാഷകലോകത്തിലും സമരരംഗത്തിലും അപ്രതിമപ്രഭാവപ്രബലനായി പ്രശോഭിച്ച ശ്രീ. വല്ലഭായി മന്ത്രാലോചനമഹാമണ്ഡലത്തിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നുവെന്നു എത്രകണ്ടു പ്രതിഭാസിക്കപ്പെട്ടുമെന്നു ചിലരെങ്കിലും സംശയിച്ചിരുന്നിരിക്കാം. സമരകാലത്തും സമാധാനകാലത്തും തദാപാദകമായ കർമ്മകുശലത പ്രദർശിപ്പിക്കുവാൻ ചുരുക്കം ചിലർക്കേ സാധിച്ചു കണ്ടിട്ടുള്ളൂ. വിവിധമണ്ഡലങ്ങളിൽ വിശ്രുതവൈദഗ്ദ്ധ്യം സമാർജ്ജിക്കുവാനുള്ള പ്രതിഭാപ്രവേകതയും പ്രവർത്തനകുശലതയും അസാധാരണമായ അനുഗ്രഹമായിത്തന്നെ പരിഗണിക്കണം. ആ അപൂർവ്വാനുഗ്രഹം ശ്രീ സർദാർജിയെ എങ്ങനെ സമാശ്ലേഷിച്ചിരിക്കുന്നു, നോക്കാം.

കാൺഗ്രസ്സിലെ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്ന ഈ ദേഹം ഡെപ്യൂട്ടി പ്രധാനമന്ത്രിയായി നിയമിതനായി. നാട്ടുരാജ്യവകുപ്പുംകൂടി ഇദ്ദേഹത്തിൻെറ അധികാരപരിധിയിൽ ഉൾപ്പെടുത്തി. ഒരു ഏകീകൃതഭാരതം ഒരിക്കലും ഉണ്ടാകരുതെന്നുള്ള മനഃപൂർവ്വമുള്ള ലക്ഷ്യത്തിന്മേൽ അഞ്ഞൂറോളം നാട്ടുരാജ്യങ്ങളെ വിലങ്ങുതടികളായി ബ്രിട്ടൻ നേരത്തെ ഇട്ടിരുന്നു. ഈ വിലങ്ങുതടികളെ എടുത്തുമാറ്റുന്നതിൽ ശ്രീ പട്ടേൽ പ്രദർശിപ്പിച്ച പ്രഗത്ഭത അദ്ദേഹത്തിൻെറ രാഷ്ട്രീയവിജ്ഞാനവിദഗ്ദ്ധതയുടെ മൂർദ്ധാഭിഷിക്തോദാഹരണമായി ലോകംവാഴ്ത്തപ്പെട്ടുകഴിഞ്ഞു. കാസിം റാസ്വിയും കൂട്ടരുംകൂടി ഒരു മതയുദ്ധമാക്കി ഹൈദ്രാബാദ് പ്രശ്നത്തെ ഊതിവീർപ്പിച്ച ആ അവസരത്തിൽ ശ്രീ വല്ലഭായിയുടെ അസാധാരണമായ നയപ്രയോഗചാതുരി അതിനെ എത്ര ലഘുവായി അമർത്തിയെന്നുള്ളതു നാം കണ്ടു. ഏതാണ്ടു രണ്ടുകൊല്ലത്തെ പ്രവർത്തനംകൊണ്ടു അഞ്ഞൂറിൽപ്പരം നാട്ടുരാജ്യങ്ങളെ ഒരു തുള്ളി രക്തമെങ്കിലും പുരളാതെ അടക്കിച്ചേർത്തു ഭാരതചരിത്രത്തിൻെറ നൂതനസംവിധാതാവായിത്തീർന്ന സർദാർജി ഈ ഒരേ ഒരുകർമ്മംകൊണ്ടുതന്നെ ലോകാരാധ്യതനേടിയിരിക്കുന്നു. പണ്ഡിതജവഹരിലാൽനെഹ്റു സാർവ്വദേശീയപ്രശ്നങ്ങളിൽ വിശാലവീക്ഷണവും സമാധാനദീക്ഷയുംകൊണ്ടു കൂടുതൽ സമാരാധ്യനായിട്ടുണ്ടെങ്കിലും ഇന്ത്യൻകാര്യങ്ങളിൽ ശ്രീ പട്ടേലിൻെറ പരിജ്ഞാനവൈപുല്യം അനുസരിക്കേണ്ടതന്നെയും അടുത്ത അവസരത്തിൽ പുകഴ്ത്തിത്തുടങ്ങിയിട്ടുണ്ടു്. അഭിപ്രായധീരത, സേവനതല്പരത, വിദൂരവീക്ഷണം; സമചിത്തത തുടങ്ങിയവ ആ വ്യക്തിത്വത്തിൻെറ സ്വഭാവരൂപവൽക്കരണത്തിൽ പ്രശംസാർഹമായ പങ്കു വഹിച്ചിട്ടുണ്ടു്.



ഭാരതത്തിലെ അത്യുൽകൃഷ്ടനായ ഈ മഹാപുരുഷനെ സ്വാഗതം ചെയ്യാൻ മലയാളത്തിനു ലഭിച്ച ഈ സുകൃതപരിപാകം എന്നെന്നും അവിസ്മരണീയമായി വിജയിച്ചരുളുമാറാകട്ടെ.

ഈ പ്രശസ്താതിഥിയെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ലെങ്കിലും ഈ ശുഭസന്ദർഭം സവിനയം അതിലേക്കായി വിനിയോഗിച്ചുകൊള്ളട്ടെ. ഇന്ത്യയിലെ വിദ്യാഭ്യാസത്തിനുശേഷം നിയമപരമായ വിദ്യാഭ്യാസത്തിനായി അദ്ദേഹം ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ പരീക്ഷ പാസ്സായി. തിരിച്ചുവന്നതിനുശേഷം അദ്ദേഹം അഹമ്മദബാദിൽ വ്യവഹരിക്കുവാൻ തുടങ്ങി. രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതാനുള്ള വെമ്പലിൽ അദ്ദേഹം ആ തൊഴിൽ കൈവെടിഞ്ഞു. താമസിയാതെതന്നെ അദ്ദേഹം ഗാന്ധിജിയുടെ വലംകൈ ആയിത്തീർന്നു. കെയ്റാസത്യഗ്രഹം, നാഗപ്പൂരു പ്രക്ഷോഭണം, ബാർഡോളി പ്രസ്ഥാനം എന്നിവ സർദാർജിയുടെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളാണു്. ഈ സംഭവങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലെ അവിസ്മരണീയ സംഭവങ്ങളാണു്. അനേകം തവണ അദ്ദേഹം ജയിൽവാസമനുഭവിച്ചു. അദ്ദേഹം ഇന്ത്യൻ നാഷനൽ കാൺഗ്രസ്സിൻെറ പ്രസിഡൻറും ആക്ടിംഗ് പ്രസിഡൻറുമായിരുന്നു. ഗുജറാത്തിൽ നികുതിനിഷേധപ്രസ്ഥാനം നയിച്ചു് അവിടുത്തെ കർഷകരെ വിജയത്തിലേയ്ക്കു നയിക്കുന്നതിനിടയിൽ പതിനൊന്നുമാസത്തിനുള്ളിൽ അദ്ദേഹം മൂന്നു പ്രാവശ്യം ബന്ധനസ്ഥനാവുകയുണ്ടായി. ദൃഢചിത്തതയും തുളച്ചുകയറുന്ന നോട്ടവും കനത്തുപരന്ന ശിരസ്സും ഇടത്തരം പൊക്കവും സർദാർജിയുടെ വിശേഷതകളാണു്. ഗാന്ധിജി സർദാർജിയെപ്പറ്റി ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചു. "സർദാർ വല്ലഭായിയുമൊത്തു കഴിയുകയെന്നതു് എനിക്കു ഒരു വലിയ ബഹുമതിയാണു്. അദ്ദേഹത്തിൻെറ നിസ്തുലമായ ധീരതയേയും രാജ്യത്തിനുവേണ്ടിയുള്ള തീക്ഷ്ണമായ ആഗ്രഹത്തേയുംപറ്റി എനിക്കു നല്ലതുപോലെ അറിയാം. ഞാൻ അദ്ദേഹവുമൊന്നിച്ചു താമസിച്ചു കഴിഞ്ഞ ൧൬ മാസങ്ങളിൽ അദ്ദേഹം എന്നോടു പ്രദർശിപ്പിച്ച വാത്സല്യം എൻെറ അമ്മ എന്നോടു പ്രദർശിപ്പിച്ചിട്ടുള്ള വാത്സല്യത്തെ സ്മൃതിപഥത്തിലെത്തിക്കുകയുണ്ടായി. ബാർഡോളിയിലേയും കെയ്റായിലേയും കർഷകർക്കുവേണ്ടിയുള്ള അദ്ദേഹത്തിൻെറ സേവനങ്ങൾ ഒരിക്കലും മറക്കത്തക്കതല്ല." ഉൾഘടസന്ധിയിലും സാധാരണഘട്ടത്തിലും അദ്ദേഹം ഒരുപോലെ പ്രശാന്തനാണു്. അദ്ദേഹം ഒരിക്കലും വികാരാധീനനായിരുന്നില്ല. അദ്ദേഹം കാൺഗ്രസ്സ് പാർലമെൻററി ബോർഡിൻെറ പ്രസിഡൻറാണു്. അദ്ദേഹത്തിൻെറ വാഗ്ധാടി എത്രയും പ്രശംസനീയമാണു്. സൽകാര്യങ്ങൾക്കായല്ലാതെ അദ്ദേഹം അതു് ദുർവിനിയോഗം ചെയ്യാറില്ല. ൧൯൨൭-ൽ അദ്ദേഹം അഹമ്മദബാദ് മുനിസിപ്പാലിറ്റി പ്രസിഡൻറായിരുന്നു. ൧൯൩൧-ൽ കറാച്ചിയിൽവച്ചു നടന്ന ൪൬-ാമതു ഇന്ത്യൻ നാഷനൽ കാൺഗ്രസ്സിൻെറ പ്രസിഡൻറായി. ഭഗത്സിംഗിനെയും മററും തൂക്കിക്കൊന്ന പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലായിരുന്നു ആ സമ്മേളനം നടന്നതു്. ൧൯൧൭ ലാണു് പൊതുജനസേവനമാരംഭിച്ചതു്. നാഡിയാദിനു സമീപം കരംസദ് എന്ന സ്ഥലത്തെ പട്ടിദാർകുടുംബത്തിൽ ൧൮൭൫ അക്ടോബർ ൩൧-ാംനു- അദ്ദേഹം ഭൂജാതനായി. സർദാർജിക്കു് വീണ്ടും കൈരളിയുടെ സ്വാഗതം.

# ഈ ആഴ്ചയിലെ നക്ഷത്രഫലം

1-10-125 മുതൽ 7-10-125
15-5-1950 — 21-5-1950

തകഴി കെ. രാമചാര്യർ

അശ്വതി— സന്താനങ്ങളാലും ആശ്രിതരാലും മനോവ്യഥയ്ക്കിടവരും. സ്ഥാനലബ്ധിയും സുഹൃത്തുക്കളുടെ സമാഗമസന്തോഷവും ധനപരമായ ഗുണങ്ങളും തൊഴിലുകൾക്ക് അഭിവൃദ്ധിയും ഫലം.

ഭരണി—നല്ലവണ്ണം ആലോചിച്ചു പ്രവർത്തിക്കുമെങ്കിലും മാനഹാനിയും നഷ്ടത്തിനും മനഃക്ലേശത്തിനുമിടയുണ്ടാകും. വ്യവസായികപുരോഗതിയില്ലെന്നു തന്നെയല്ല അപ്രതീക്ഷിതങ്ങളായ പല വിഷമതകളും തരണം ചെയ്യേണ്ടതായും വരും.

കാർത്തിക—പ്രവർത്തനപുരോഗതിക്കു പററിയ പുതിയ പരിപാടികൾ ചിന്തിച്ചുറയ്ക്കും, ഉന്നതസുഹൃത്തുക്കളുടെ പരിചയത്തിനിടവരും, ഗൃഹാവശ്യങ്ങൾ ഒരുവിധമെല്ലാം ഭംഗിയിൽ നടത്തിക്കൊണ്ടുപോരും, ത്രിദോഷങ്ങളിൽ കഫം കോപിക്കും.

രോഹിണി—അകാരണമായ കലഹത്താൽ കാര്യനഷ്ടമുണ്ടാകും. സഹായികൾക്കും സഹോദരങ്ങൾക്കും സംഭവിക്കുന്ന സങ്കടങ്ങളെ സുഹൃത്തുക്കളുടെ സഹായംകൊണ്ട് പരിഹരിക്കുവാൻ മുതിരും. അദ്ധ്വാനത്തിന്റെ ഫലം തുച്ഛമായിരിക്കും. പ്രവർത്തനം മന്ദഗതിയെ പ്രാപിക്കും. മുറിവുകളും ചതവുകളും പററാതെ സൂക്ഷിക്കണം.

മകയിരം—സ്വപ്രവൃത്തികളിൽ സന്തോഷത്തോടും സൂക്ഷ്മതയോടുമിടപെടും. അധികൃതരുടെ സംതൃപ്തികളാർജ്ജിക്കും. ഭാഗ്യോന്മുഖങ്ങളായ കാര്യങ്ങൾ വന്നുചേരും. സഹകരണവും ബുദ്ധിപൂർവമായ വിജയവുംകൊണ്ട് എല്ലാ കാര്യങ്ങളും നേരെയാക്കുന്നതിനു കഴിയും.

തിരുവാതിര—സ്വതന്ത്രമായ പെരുമാററങ്ങൾ എതിർപ്പുകൾക്കും ശത്രുവർദ്ധനവിനും സംഗതിവരുത്തും. പ്രവർത്തനങ്ങൾ ക്ഷയോന്മുഖമായിരിക്കും. ധനവ്യയത്തിനും അപമാനതയ്ക്കുമിടയുണ്ട്.

പുണർതം—സ്വപ്രവൃത്തികൾ ആദായകരവും പ്രയോജനപ്രദവും ആയിരിക്കും, ആശ്രിതരുടെ ആത്മകൃത്യത്തോടുകൂടി പല നല്ലകാര്യങ്ങളും ചെയ്യും. സമാജങ്ങളിൽ സഹകരിക്കും. രാഷ്ട്രീയസംഭവവികാസങ്ങളെ വീക്ഷിച്ചു വിമർശിക്കും.

പൂയം—നല്ലകാര്യങ്ങൾക്കായി വരുമാനത്തിൽ കവിഞ്ഞ പണവ്യയം ചെയ്യും. ഭരണീയർ നിമിത്തമായി ദുഃഖവും കാര്യപ്രതിബന്ധത്തിനുമിടവരും. തൊഴിലുകളിൽ ജാഗ്രതയും ആദായവും കുറവായിരിക്കും. അനുചിതപ്രവൃത്തികളാൽ നഷ്ടവും അപവാദവും നേരിടും.

ആയില്യം—സഹപ്രവർത്തകരാൽ പരാജയവും ദുഃഖവും ദുഷ്കീർത്തിയും സർക്കാർകാര്യങ്ങളിൽ വിഷമതയും സംഭവിക്കും. കളത്രപരമായി മനഃപീഡയുണ്ടാകും. പണക്കുഴപ്പം കൂടുതലായിവരും. പതനവും വിഷഭീതിയുംകൂടി നേരിടാവുന്നതാണ്.

മകം—പൊതുജനകാര്യങ്ങളിൽ പ്രവേശിക്കും. വ്യവസായങ്ങളിൽ കൂടുതൽ ലാഭത്തിനു വേണ്ട പരിപാടികൾ തിരക്കും. വ്യവസ്ഥാപിതവിഷയങ്ങളിൽ നല്ല ശ്രദ്ധ പതിക്കും. സമാധാനമഹാസ്ഥാനങ്ങളിൽ പങ്കെടുക്കും. കുടുംബജനങ്ങൾക്ക് അനിഷ്ടതകൾ നേരിടും.

പൂരം—പണം ചെലവാകുന്ന കാര്യങ്ങൾ സമാഗതമാകും. ബന്ധുക്കളുടെ വെറുപ്പിന് ഇടവരും. കുടുംബജനങ്ങളിൽനിന്നും മനക്ലേശവും ചിത്തശല്യവും ഉണ്ടാകും.

ഉത്രം—സുഹൃത്തുക്കളുടെ സഹായസഹകരണത്തോടുകൂടി പല കാര്യങ്ങൾ നിർവഹിക്കുവാൻ കഴിയും. ഉന്നതവ്യക്തികളുടെ പ്രീണനം ലഭിക്കും. ഗൃഹകാര്യങ്ങൾ സുരക്ഷിതമാകും. യാത്രയാൽ അസ്വാസ്ഥ്യങ്ങൾ സംഭവിക്കും.

അത്തം—കർമ്മങ്ങൾക്ക് പ്രതിബന്ധത നേരിടുകയാൽ ശരിയായി നടത്തുവാൻ കഴിയാതെ വിഷമിക്കും. പാഴായ സഞ്ചാരവും വ്യയവും ഉണ്ടാകും. കഴിവിൽ കൂടുതൽ പരിശ്രമിക്കും. നാനാമാർഗ്ഗങ്ങളിൽ പണം കൈവശം വന്നാലും മററൊന്നിന് എടുത്തു മാറിക്കയേ ഉള്ളൂ.

ചിത്തിര—പൊതുക്കാര്യത്തിലും രാഷ്ട്രീയകാര്യത്തിലും സന്തോഷത്തിനിടവരും. ദൈവീകകാര്യങ്ങളിൽ പ്രതിപത്തി ജനിക്കും. പ്രമുഖവ്യക്തികളുമായി പല ചർച്ചകളും നടത്തും. ചില വ്യതിയാനലക്ഷണങ്ങൾ പ്രത്യക്ഷപ്പെടും.

ചോതി—ഭാഗ്യോന്മുഖങ്ങളായ പ്രവൃത്തികൾ നടത്തും. സാഹസികയത്നങ്ങളാൽ പണമുണ്ടാക്കും. കാർഷികോല്പാദനത്തിൽ ശ്രദ്ധപതിയും. സ്വജനങ്ങൾ ശത്രുക്കളാകുന്ന ചുററുപാടുകൾ സൃഷ്ടിക്കും. വായുക്ഷോഭവും ശ്വാസതടസ്ഥവും ഉണ്ടാകും. മംഗളകർമ്മങ്ങൾ നടത്തും.

വിശാഖം—സ്ത്രീവർഗ്ഗത്താൽ ചിത്തശല്യത വളരും, ഉദരാമയങ്ങളും അർശോകോപവും ഉണ്ടാകും. ചുമതലയേറിയ പല കാര്യങ്ങളിൽ വിഷമിക്കും. വ്യാപാരഗതി അനുകൂലമായിരിക്കും. സൽക്കാരത്തിനും പാരിതോഷികത്തിനും പണം ചെലവാകും.

അനിഴം—വ്യവസായപുരോഗതിക്കു വേണ്ട മാർഗ്ഗങ്ങളന്വേഷിക്കും. സഹപ്രവർത്തകരുടെപ്രശസ്തിയും പ്രീതിയും ലഭിക്കും. ഇടപെടുന്ന കാര്യങ്ങളിൽ കൂടുതൽ ഉന്മേഷത്തിനു വകയുണ്ട്. വിരഹദുഃഖങ്ങൾ സംഭവിക്കും.

തൃക്കേട്ട—സന്താനങ്ങൾക്ക് അസുഖം നേരിടും. ധനം ഉപയോഗശൂന്യമായി ചെലവാകും. അപവാദത്തിനും ശത്രുവർദ്ധനയ്ക്കുമിടയുണ്ട്. രക്തശുദ്ധിക്കുറവായ പീഡകൾ ഉണ്ടാകും.

മൂലം—ഉന്നതവ്യക്തികളുടെ പരിചയം സമ്പാദിക്കും. സൃഷ്ടിപരമായ പല കാര്യങ്ങളെക്കുറിച്ചും വിമർശനങ്ങൾ നടത്തും. സാമുദായികസംഘടനകളിൽ പങ്കെടുക്കും. മനഃപൂർവ്വമായ വിരോധം വളർത്തും. അതിഥികളെ സൽക്കരിക്കും. വ്യയം വളരെ കൂടുതലായിവരും. വിശ്രമം കുറവായിരിക്കും. സ്വന്തകാര്യങ്ങളിൽ മന്ദഗതിയായിരിക്കും.

പൂരാടം—ജനകീയതാല്പര്യങ്ങളെ മുൻനിരത്തിയുള്ള ചിന്തകൾ ചെയ്യും. സർക്കാരനുകൂല്യവും പ്രശസ്തിജനനവും കരസ്ഥമാക്കും. വിഷമമേറിയ ചുമതലകൾ ഏറെറടുക്കും. യുവസ്ത്രീഹിതരുടെ സഹകരണം ലഭിക്കും. എല്ലാ കാര്യങ്ങൾക്കും ശരിയായ പുരോഗതികാണും.

ഉത്രാടം—അശ്രദ്ധയോടുകൂടി പെരുമാറുകയാൽ പ്രവർത്തനങ്ങൾക്ക് ഒരു സ്തംഭനാവസ്ഥയായിരിക്കും. അനിഷ്ടസംഭവങ്ങളാൽ ചിത്തവ്യഥ കൂടും. വാഹനങ്ങളിൽനിന്നും ക്ഷുഭിതരിൽനിന്നും പതനങ്ങൾ നേരിടാതെ സൂക്ഷിക്കണം.

തിരുവോണം—സ്വജനങ്ങളുടെ നീരസത്തിനിടവരും. ഹൃദയം അനുയോജ്യമല്ലാത്ത കൂട്ടുകെട്ടുകൊണ്ടും പ്രവൃത്തികൾമൂലവും അസ്വസ്ഥമാകും. ഗൃഹത്തിൽ സൈപരത അസ്തമിക്കും. അടിക്കടിയുണ്ടാകുന്ന വ്യയത്തിനുതക്ക വരുമാനം ഇല്ലാത്തതിനാൽ വിഷമിക്കും. വൃഥാ കലഹവും അപവാദവും കുറയുകയില്ല.

അവിട്ടം—ദന്തരോഗവും നീർവീഴ്ചയും ഉണ്ടാകും. അധികാരമുള്ളവരുടെ വിരോധമുണ്ടാകും. കാര്യങ്ങൾക്ക് അനാസ്ഥയും വിഘ്നവും നേരിടും. തുച്ഛമായ ക്ഷതങ്ങൾ സംഭവിക്കും.

ചതയം— കർമ്മങ്ങൾ പുഷ്ടിപ്പെടുന്നതിന് വേണ്ട കാര്യങ്ങൾ ആലോചിച്ചുറയ്ക്കും. സ്വന്തം കാര്യങ്ങൾക്ക് പ്രതീക്ഷയ്ക്കു വക ഇല്ലാത്ത അനുഭവങ്ങളുണ്ടാകും. സംഭവിക്കുമെന്നു വിചാരിച്ചിരിക്കാത്ത പല വിഷമതകളും ഉറച്ചു നോക്കിക്കൊണ്ടിരിക്കും.

പൂരുരുട്ടാതി - പരിചിതരെ സ്വയം സ്വീകരിക്കാൻ സാഹസികയത്നങ്ങൾ ചെയ്യും. സമാധാനം പാലിക്കുവാൻ തീവ്രശ്രമങ്ങൾ, സത്തും, സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കെടുക്കും. സ്വന്തം കാര്യങ്ങൾ നിറവേററുവാൻ ബദ്ധപ്പെടും.

ഉത്രട്ടാതി— ചുമതലയേറിയ കാര്യങ്ങളിൽ മനസ്സു പതിഞ്ഞുകൊണ്ടിരിക്കും. പലവിധ പ്രവൃത്തികളിലും ഹൃദയം പ്രവേശിക്കും. ലൗകികമായ സുഖം കുറയുന്നതാകും, ബന്ധുവർഗ്ഗങ്ങളുടെ സൽക്കാരവും സഹായാനുകൂല്യതയും സിദ്ധിക്കും, ധനപരമായ കുഴപ്പങ്ങൾ പരിഹരിക്കും.

രേവതി—സ്വപ്രവൃത്തികളിൽ യഥാവസരം പ്രവേശിക്കാത്തതിനാൽ ലാഭം കുറയും. പൊതുക്കാര്യങ്ങളിൽ മാത്രമായി അലച്ചിലുണ്ടായിരിക്കും. ചെലവ് അത്യധികമായി പ്രചരിക്കും, കളത്രസുഖം കുറയും, ശരീരത്തിനു ക്ഷീണം വളരും.

---

# പ്രതിമകൾ

ടി. എൻ. ആർ. വർമ്മ, ബനാറിസ്

പട്ടണത്തിലെപ്പട്ടു-
സാരികൾക്കേററംകേൾവി-
പ്പെട്ടൊരാത്തെരുവിൽക്കൂ-
ടേകനായ് നടന്നു ഞാൻ.
വാരുണിയണിഞ്ഞിട്ടി-
ല്ലിനിയും രാഗത്തിന്റെ
ചാരുതചൊരിയുന്ന
പൂഞ്ചുകിലെന്നാകിലും,
വൈദ്യുത മണിദീപ-
കാന്തിപൂരത്താലന-
വദ്യമാധുരിചിന്നീ
വ്യാപാരനിലയങ്ങൾ.
വാണിഭവിശാരദർ-
ക്കറിയാം ശരിയായി-
ട്ടാനരനിലാവിലേ
കൺകെട്ടുകളി പററു!
ആളുകൾ തിങ്ങിക്കൂടി
നിറഞ്ഞു തെരുവീഥി-
യോളങ്ങളിളക്കിക്കൊ-
ണ്ടൊഴുകും നദിയായീ!
സായാഹ്നസവാരിക്കാർ,
വർണ്ണശാബല്യംകാട്ടി-
യായാസമെന്യേപായും
ലലനാശലഭങ്ങൾ,
പട്ടുസാരികൾവാങ്ങാൻ
ഭർതൃഹസ്തത്തിൽത്തൂങ്ങി-
യെത്തിടമഭിനവ-
മേനകാലളിതമാർ,
എന്നവേണ്ടിരുപതാം
നൂററാണ്ടിൻ പരിഷ്കാര-
മൊന്നുചേർന്നവിടത്തിൽ
വിടരും വൈകുന്നേരം.
തങ്ങളിലുരുമ്മിക്കൊ-
ണ്ടാമഹാജനവീചീ-
വൃന്ദത്തിലൊരുപൊങ്ങിൻ-
കഷണം കണക്കെഞാൻ
ചിന്തയാം ചരടല്പ-
മഴച്ചെൻഹൃദയത്തെ-
ച്ചന്തമായ് പറപ്പിച്ചു
പതുക്കെ നടന്നുപോയ്
രണ്ടുവാരയിലേറെ
നീങ്ങിയില്ല ഞാനപ്പോൾ
കണ്ടുഞാനവേ രണ്ടു
നഗ്നമാം സ്ത്രീരൂപങ്ങൾ!
എന്തിതുകഥ? ഞാനൊ-
ന്നമ്പരന്നുപോയ്; ജന-
മുന്തിയേറുവതെന്താ-
ച്ചെട്ടിതൻ കടയ്ക്കുള്ളിൽ?
അല്പംഞാൻ മുന്നോട്ടേറി
നോക്കയായ്; അതിലൊന്നു
നഗ്നമല്ലതിനൊക്കും
പട്ടുടുത്തവളത്രേ!
പിന്നെയും നടന്നു ഞാ-
നാക്കടയ്ക്കടുത്തെത്തി
നിന്നുനോക്കവേ പാരം
വിസ്മയഭരിതനായ്!
ജീവനില്ലവയ്ക്കൊട്ടും;
ശില്പചാതുര്യത്തിന്റെ
കേവലസാക്ഷാത്കാരം
മാത്രമാണവരണ്ടും!
പട്ടുസാരികൾ വിൽക്കു-
മാഗ്രഹത്തിന്റെമുമ്പിൽ
നഗ്നമാമീരൂപങ്ങ-
ളെന്തിനവയ്ക്കപ്പെട്ടു?
ആൾത്തിരക്കൊഴിഞ്ഞപ്പോൾ,
തൻവയർതിരുമ്മിപ്പൂ-
മ്പട്ടുമെത്തമേലാളും
വണിക്കിൻ മുമ്പിൽചെന്നു
ഇത്തരം ചോദിച്ചു ഞാൻ: —
"എന്തിനിസ്സ്ത്രീരൂപങ്ങ-
ളിസ്ഥലത്തിതുമട്ടിൽ
വച്ചിരിയ്ക്കുന്നു താങ്കൾ?"
താംബൂലക്കറകോലും
ദന്തങ്ങളിളിച്ചൊരു
പുഞ്ചിരി കുടഞ്ഞിട്ടാ
വണിക്കീമട്ടിൽചൊല്ലി: —
"ആ നഗ്നപ്രതിമക-
ളോട്ടുകളിരച്ചേറും
ഞാനിരട്ടിലാഭത്തി-
ലെൻപരക്കുകൾവിൽക്കും!
മററതു, പട്ടിൻനേർമ്മ
കാട്ടുവാനായിട്ടത്രേ;
ചുററിനും പരിഷ്കാര-
മിതുമട്ടല്ലേയിപ്പോൾ?"
കാലുകൾ മുന്നോട്ടേയ്ക്കു
നീങ്ങി; ഞാൻ നഗരത്തിൽ
കൃഷിവേലക്കാർ തിങ്ങി-
പ്പാർത്തിടുമിടത്തെത്തി.
ക്രൂരതൻ ബഭ്രുതത്തിന്റെ
കൃത്തരങ്ങുപോൽചെററ-
ക്കുരകൾകാണാം — കൊട്ടും
ദാരിദ്ര്യകുടീരങ്ങൾ!
അങ്ങിങ്ങു മങ്ങിക്കത്തീ
ദീപങ്ങൾ; പണിതീർന്നു
വന്നൊരാത്തൊഴിലാളർ
തന്നാത്മാക്കളെപ്പോലെ!
പട്ടണത്തിന്റെ ചപ്പു-
കുട്ടയിൽത്തത്തും വെറു-
മട്ടയും പുഴക്കളെ
മാണവർ ദയനീയം!
രോഗദംഷ്ട്രകൾക്കുള്ളിൽ
പെട്ടേറെ ഞെരുങ്ങീടും
മൂകലക്ഷങ്ങൾപാർക്കു-
മവിടം ശോകാപൂർണ്ണം
ഓർത്തുഞാനൊരായിരം
കാര്യങ്ങൾ; നികടേനി-
ന്നെത്തി ക്ഷീണമാമൊരു
ശബ്ദമെൻചെവികളിൽ: —
"ഇന്നും നീ റേഷൻവാങ്ങാൻ
മകളേ പോയില്ലെങ്കി-
ലിന്നിയുമൊരാഴ്ച നാം
പട്ടിണികിടക്കണം"
താരുണ്യസുധയൂറും
മറെറാരുശബ്ദം: "അമ്മേ
മാർമറയ്ക്കാനായൊററ-
ക്കീറയെങ്കിലും വേണ്ടേ?
അച്ഛനെക്കണ്ടില്ലല്ലോ
ഇന്നലെത്തുന്നിച്ചേർത്ത
കച്ചതൻതുണ്ടം കിട്ടാൻ;
നേരമോ ഇരുട്ടിപ്പോയ്!"
നോക്കിഞാനാകാശത്തിൽ:
രാത്രിയാം നീലപ്പുള്ളി-
പ്പട്ടുടുത്താടിക്കുഴ
ഞെങ്ങിനെയുലാത്തുന്നു.
ചിന്തതൻ കുരുക്കുകൾ
വീഴ്കയാൽ, കുഴഞ്ഞെന്റെ-
യന്തരംഗമാം പട്ടം
കുത്തനെ നിപതിച്ചു!

— ० —

# വീരപൂജ

എം. പി അപ്പൻ

പോരാന്നപോനതൻ തുമ്പിനാലൂഴിയെ
നൂറാണ്ടുദൂരം പുരോഗമിപ്പിക്കുവാൻ
ഒററനിമേഷമേവേണ്ടു നിനക്കഹാ!
സത്യതേജസ്സിന്റെ നിത്യസന്താനമേ!
മിന്നിത്തിളങ്ങുന്ന വാളിന്റെമുമ്പിലോ
കണ്ണഞ്ചിക്കുന്ന പൊന്നിന്റെമുമ്പിലോ
നിൻതലതാണില്ല പൂരുഷസിംഹമേ!
അന്തസ്സു ചൂഴുന്നൊരാദർശധാമമേ!
താരുണ്യബാഹുസിരകളിലൊക്കെയും
പൗരുഷരക്തം തിളച്ചുപൊങ്ങിടുവാൻ
എന്തൊരത്യത്ഭുതമൈന്ദ്രജാലികനഹോ! നിൻ
ചിന്തോർമ്മിമാല കുതിച്ചുപാഞ്ഞു ഗുരോ!
തീപ്പൊരിചിന്നിയ തൂലികത്തുമ്പിനാൽ-
തീക്ഷ്ണമായ് മിന്നിയ യുക്തിതൻ
(വാളിനാൽ-
എത്രയൂർജ്ജസ്വലഭാസ്സിലരിഞ്ഞു നീ
ശത്രുകുലങ്ങൾതൻ വാദങ്ങളൊക്കെയും!
ഉജ്ജ്വലം നിൻതൂവൽതെല്ലൊന്നിളകുകി-
ലിജ്ജഗന്മണ്ഡലമാകെ വിറച്ചുപോം;
അത്രയ്ക്കു ഘോരമായതൃന്തശക്തിയിൽ
ഏത്തടം കുത്തിത്തുളച്ചു നിൻവാക്ശരം.
കാടും മലയും കടലും കടന്നുപോയ്
പാടവം പൂണ്ടനിൻസ്വാതന്ത്ര്യശംഖൊലി.
മാറെറാലിക്കൊണ്ടഹാ! സർവ്വദിഗന്തവും
മാനവരത്ഭുതസ്തബ്ധരാകുംവിധം.
നീയിന്നൊഴിഞ്ഞൊരു കോണിലിരിക്കിലും
നീളുന്നു നിൻപ്രതിഭാംശുക്കളെങ്ങുമേ.
ജൃംഭിതശോഭയിൽ പൊട്ടിമുളയ്ക്കുന്നി-
തൻപിൽ നീ പണ്ടുവിതച്ചൊരാവിത്തുകൾ
പുഷ്ടസുഗന്ധം പൊഴിക്കുന്നിതന്നു നീ
നട്ടുപിടിപ്പിച്ചൊരാദർശവല്ലികൾ.
എങ്ങും തളിക്കുന്നു ശാന്തിയും സ്നേഹവു-
മെങ്ങും തഴയ്ക്കുന്നു തൃപ്തിയും സൗഖ്യവും.
കാലകല്ലോലങ്ങളാക്രമിക്കാത്തതായ്
ശ്രീലമായ് മിന്നുന്ന ദീപികാസ്തംഭമായ്
പൊങ്ങിനിന്നീടു നീ നായകോത്തംസമേ,
ഞങ്ങൾക്കു നിത്യവും നേർവഴികാട്ടുവാൻ.

० —

# കലയുടെ സാന്മാർഗ്ഗികാധിഷ്ഠാനം

ആധുനിക റിയലിസപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി കലയ്ക്ക് സാന്മാർഗ്ഗികമായ അധിഷ്ഠാനം ആവശ്യമുണ്ടോ എന്ന് ആളുകൾ സംശയിച്ചുതുടങ്ങിയിരിക്കുന്നു. സന്മാർഗ്ഗദീക്ഷ കലയുടെ തനിസ്വഭാവത്തിന് ഹാനികരമായി വരുമെന്നാണ് ചിലരുടെ അഭിപ്രായം. ഇവർ കല കലയ്ക്കുവേണ്ടിയാണെന്നും, മറ്റൊന്നിനുവേണ്ടിയല്ലെന്നും വാദിക്കുന്നവരാണ്. കല മറ്റുപലതിനുംവേണ്ടിയാണെന്ന് സമ്മതിക്കുന്നവരുടെ കൂട്ടത്തിൽത്തന്നെയും അത് സന്മാർഗ്ഗത്തിനുവേണ്ടിയുള്ളതല്ലെന്ന് പറയുന്നവരും ഇല്ലാതില്ല. വേറെ ചിലർ സന്മാർഗ്ഗമെന്നാൽ എന്തെന്ന് ക്ലിപ്തപ്പെടുത്താൻ നിർവാഹമില്ലെന്നും, അങ്ങനെ അവ്യവസ്ഥിതമായ ഒന്നിന്റെ അധിഷ്ഠാനം കലയ്ക്ക് എങ്ങനെ സാധ്യമാണെന്നും ചോദിക്കുന്നു. സ്ഥലംതോറും കാലംതോറും സാന്മാർഗ്ഗികനടപടികൾ വ്യത്യസ്തമാണെന്നും; ഒരിടത്തെ സന്മാർഗ്ഗം മറ്റൊരിടത്തെ അസന്മാർഗ്ഗമാകാമെന്നും മററും പറഞ്ഞ് സന്മാർഗ്ഗത്തിന് ശാസ്ത്രീയമായ ഒരു പരിക്ലിപ്തിയില്ലെന്ന് അവർ വാദിക്കുന്നു. ഏതായാലും യുക്തിവാദകോലാഹലങ്ങൾ വർദ്ധിക്കുന്തോറും സന്മാർഗ്ഗത്തിന്റെ ഗ്രഹപ്പിഴയും വർദ്ധിക്കുന്നു. കലയിൽ സന്മാർഗ്ഗം ഏറെക്കുറെ കാവ്യദോഷങ്ങളുടെ പരിധിയിൽ പരിഗണിക്കപ്പെടുമോ എന്നുള്ള ഭിക്കായിട്ടുണ്ട്.

പി. കെ. പരമേശ്വരൻനായർ

ആധുനിക റിയലിസപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി കലയ്ക്ക് സാന്മാർഗ്ഗികമായ അധിഷ്ഠാനം ആവശ്യമുണ്ടോ എന്ന് ആളുകൾ സംശയിച്ചുതുടങ്ങിയിരിക്കുന്നു. സന്മാർഗ്ഗദീക്ഷ കലയുടെ തനിസ്വഭാവത്തിന് ഹാനികരമായി വരുമെന്നാണ് ചിലരുടെ അഭിപ്രായം. ഇവർ കല കലയ്ക്കുവേണ്ടിയാണെന്നും, മറ്റൊന്നിനുവേണ്ടിയല്ലെന്നും വാദിക്കുന്നവരാണ്. കല മറ്റുപലതിനുംവേണ്ടിയാണെന്ന് സമ്മതിക്കുന്നവരുടെ കൂട്ടത്തിൽത്തന്നെയും അത് സന്മാർഗ്ഗത്തിനുവേണ്ടിയുള്ളതല്ലെന്ന് പറയുന്നവരും ഇല്ലാതില്ല. വേറെ ചിലർ സന്മാർഗ്ഗമെന്നാൽ എന്തെന്ന് ക്ലിപ്തപ്പെടുത്താൻ നിർവാഹമില്ലെന്നും, അങ്ങനെ അവ്യവസ്ഥിതമായ ഒന്നിന്റെ അധിഷ്ഠാനം കലയ്ക്ക് എങ്ങനെ സാധ്യമാണെന്നും ചോദിക്കുന്നു. സ്ഥലംതോറും കാലംതോറും സാന്മാർഗ്ഗികനടപടികൾ വ്യത്യസ്തമാണെന്നും, ഒരിടത്തെ സന്മാർഗ്ഗം മറ്റൊരിടത്തെ അസന്മാർഗ്ഗമാകാമെന്നും മററും പറഞ്ഞ് സന്മാർഗ്ഗത്തിന് ശാസ്ത്രീയമായ ഒരു പരിക്ലിപ്തിയില്ലെന്ന് അവർ വാദിക്കുന്നു. ഏതായാലും യുക്തിവാദകോലാഹലങ്ങൾ വർദ്ധിക്കുന്തോറും സന്മാർഗ്ഗത്തിന്റെ ഗ്രഹപ്പിഴയും വർദ്ധിക്കുന്നു. കലയിൽ സന്മാർഗ്ഗം ഏറെക്കുറെ കാവ്യദോഷങ്ങളുടെ പരിധിയിൽ പരിഗണിക്കപ്പെടുമോ എന്നുള്ള ഭിക്കായിട്ടുണ്ട്.

മേല്പറഞ്ഞ വാദഗതികളെ അല്ലപോലെ പരിശോധിക്കണമെന്നില്ല. അവയിൽ അടിസ്ഥാനഭൂതമായി കാണുന്ന പ്രധാന വൈകല്യത്തെ ചൂണ്ടിക്കാണിച്ചാൽ മതിയാകും. സന്മാർഗ്ഗം കലയെ ഹനിക്കുമോ? കല സന്മാർഗ്ഗത്തിനുവേണ്ടിമാത്രമാണെന്നുള്ള വാദം ഇവിടെ പ്രാപ്പെടുവിക്കുന്നുവെന്ന് ആരും തെറ്റിദ്ധരിക്കരുത്. സാന്മാർഗ്ഗികമായ ഉദ്ദേശമില്ലാത്തതു പലതും കലയാകാമെന്നുള്ളതിനെയും നിഷേധിക്കുന്നില്ല. എന്നാൽ ഉത്തമകല, സാന്മാർഗ്ഗികമല്ലാതെ അതിന് വിപരീതമായിരിക്കുന്നത് അഭിലഷണീയമല്ല എന്നുമാത്രമേ വിവക്ഷയുള്ളൂ. ഏറ്റവും അസന്മാർഗ്ഗികമായ അടിസ്ഥാനത്തിലും പശ്ചാത്തലത്തിലും കലാനിർമ്മിതി സാധിച്ചുവെന്നുവരാം. എന്നാൽ അതിന്റെ പ്രയോജനം എന്ത്? അത് ലോകത്തിന്റെ നന്മയ്ക്ക്, പുരോഗമനത്തിന് ഏതെങ്കിലുംവിധത്തിൽ ഉപകരിക്കുന്നുവോ? ഉപകരിക്കുന്നില്ലെങ്കിലും തരക്കേടില്ല. 'അത്' ലോകത്തിൽ ഉൽകൃഷ്ടമെന്നു വിചാരിക്കപ്പെട്ടുവരുന്നവയുടെ അധഃപതനത്തിന് കാരണമാകാതെയെങ്കിലും ഇരിക്കേണ്ടയോ? ഈവക പരിഗണനകൾ കൂടാതെ നമുക്ക് കലയെന്നല്ല മാനുഷികമായ യാതൊന്നിനും വിലകല്പിക്കുവാൻ നിവൃത്തിയില്ല.

കലയെ ഉദ്ദേശ്യമോ പ്രായോജനികമോ ആക്കിത്തീർക്കുന്തോറും അതിന്റെ ഭംഗി ഇടിയുന്നുവെന്നാണല്ലോ ഒരു വാദം. ഇത് ഏറെക്കുറെ ഒരു പൊളിഞ്ഞ വാദമായിട്ടുണ്ട്. മികച്ച പുരോഗമനകലാവാദികൾപോലും കല പ്രയോജനികമല്ലാതെ മറ്റൊന്നുമായിരിക്കേണ്ടതില്ലെന്ന് സമ്മതിക്കുന്നു. സാന്മാർഗ്ഗികമായിരിക്കണമെന്ന് പറയുമ്പോൾ മാത്രമേ അവർക്ക് പ്രതിഷേധമുള്ളൂ. കല പ്രയോജനികമായിരിക്കുന്നത് ഭംഗിക്ക് എങ്ങനെ ബാധകമാകുന്നുവെന്നു മനസ്സിലാകുന്നില്ല. ഒന്ന് പ്രയോജനത്തിന് പററിയിരിക്കുകയെന്നുള്ളതുതന്നെ ഒരു ഭംഗിയല്ലേ? മറിച്ച്, പല ഭംഗികൾ തികഞ്ഞിരിക്കുകയും യാതൊരു പ്രയോജനവും ഇല്ലാതെ വരികയും ചെയ്യുന്നതല്ലേ വാസ്തവത്തിൽ അഭംഗി? സ്വർണ്ണത്തൂമ്പായ്ക്ക് ഇരുമ്പുതൂമ്പായെക്കാൾ കാന്തിയും മൂല്യവും കണ്ടേക്കാം. എന്നാൽ കാഠിന്യമില്ലാതെ ആയുധപരമായി അതിന്റെ പ്രയോജനമെന്തെന്നുള്ള പ്രശ്നം ആവിർഭവിക്കുമ്പോഴാണ് അതിന്റെ അഭംഗിയെപ്പററി നമുക്ക് ബോധമുണ്ടാകുന്നത്. തിളക്കംമാത്രം ഭംഗിയല്ല; വിലമാത്രം ഭംഗിയല്ല. ഭംഗിയുടെ അടിസ്ഥാനത്തിൽ പ്രയോജനത്തിന് തികച്ചും സ്ഥാനമുണ്ട്.

ലോകത്തിൽ പരിഗണനാർഹമായിട്ടുള്ള സകലതും മനുഷ്യന്റെ ജീവിതനന്മയ്ക്ക് പ്രയോജനകരമായിരിക്കണം. കേവലം ആനന്ദത്തിനുതകുന്ന ഉപാധികൾകൊണ്ടുമാത്രം ജീവിതം കഴിഞ്ഞുകൂടുകയില്ല. ആനന്ദാത്മകമാത്രമായ സ്ഥിതി ജീവന്മുക്തിയാണ്. അവിടെ കലയ്ക്കും, ഭാഷയ്ക്കും, ചിന്തയ്ക്കും ഒന്നിനും സ്ഥാനമില്ല. എന്നാൽ ജീവന്മുക്തികൊണ്ടല്ല നാം ജീവിതത്തെ മാനംചെയ്യുന്നത്. ജീവിതത്തെ ജീവിതംകൊണ്ടുതന്നെ അളക്കണം. കല ആനന്ദപരൈകമാണെങ്കിൽ ജീവിതത്തോട് അതിനുള്ള ബന്ധം കുറയുന്നു. കല ആനന്ദത്തിലോട്ട് നയിച്ചുകൊള്ളട്ടെ. പക്ഷേ കല ആനന്ദമയമേ ആകാവൂ എന്നുള്ള വാദം കലയെ ദിവ്യാലോകത്തേയ്ക്കുപററിയ ഒരുപകരണമായി ഉയർത്തുകയല്ലാതെ മനുഷ്യജീവിതത്തിനു പററിയതാക്കിത്തീർക്കുന്നില്ല. അതുകൊണ്ട് കലയുടെ തനിസ്വഭാവം കുറച്ചിടിഞ്ഞാൽതന്നെയും അതു പ്രയോജനകരമായിരിക്കണം.

കലയ്ക്ക് പ്രയോജനം സമ്മതിക്കുന്നപക്ഷം അതിന്റെ ഏററവും വലിയ പ്രയോജനം മനുഷ്യനെ മനുഷ്യത്വത്തിന്റെ ഉന്നതശ്രേണിയിലേയ്ക്ക് ഉയർത്തുകയെന്നുള്ളതാണ്. അധഃപതനമാണ് ആവശ്യമെങ്കിൽ കലയെക്കാൾ അതിനു പററിയ ആയിരം ഉപകരണങ്ങൾ വേറെ കാണും. അതിനു കലയെ മിനക്കെടുത്തണമെന്നില്ല. ഇന്നത്തെ കലാസമുച്ചയത്തിൽ മനുഷ്യന്റെ മനോഭാവത്തെ ഉയർത്തുന്നതിനെക്കാൾ അതിനെ അടിക്കടി താഴ്ത്തിക്കൊണ്ട് പോകുന്ന നിരവധി ശക്തികൾ വ്യാപരിക്കുന്നു. ആധുനികറിയലിസം ചെയ്തിട്ടുള്ള ഏററവും കഠിനമായ കൃത്യം അതാണ്. റിയലിസം പലതിന്റേയും യഥാർത്ഥമായ രൂപം നമ്മുടെമുമ്പിൽ പ്രത്യക്ഷപ്പെടുത്തുന്നുണ്ടായിരിക്കാം. പലതിന്റെയും പ്രതീതി നമ്മിൽ സജീവമായി ഉല്പാദിപ്പിച്ച് കലയുടെയും കലാകാരന്റെയും പാടവത്തെ നമുക്ക് അനുഭവവേദ്യമാക്കി തരുന്നുണ്ടായിരിക്കാം. എങ്കിലും അതൊക്കെ കേവലം ചിത്രീകരണങ്ങൾ മാത്രമേ ആകൂ. ഒരു ക്രൂരകൃത്യമോ ഒരു അസന്മാർഗ്ഗികനടപടിയോ നേരിട്ടു കാണുന്നതിൽകവിഞ്ഞുള്ള യാതൊരു അനുഭവബോധവും മനഃപരിഷ്കാരവും ഇന്നത്തെ റിയലിസ്റ്റിക്കുചിത്രംകൊണ്ട് നമുക്കു ലഭിക്കുന്നില്ല. ഇത് ചിത്രത്തിനു ലക്ഷ്യമായ വിഷയത്തിന്റെ ദൂഷ്യംകൊണ്ടുമാത്രമാണെന്നു വിചാരിക്കേണ്ട. ചിത്രകാരന്റെ ദൂഷ്യംകൂടി ഇതിലുണ്ട്. അതായത് ചിത്രകാരനു ചിത്രീകരിക്കുവാനുള്ള പാടവമല്ലാതെ ആ ചിത്രണംകൊണ്ട് യാതൊരാദർശവും വെളിപ്പെടുത്താനുള്ള കഴിവില്ല. ആ ചിത്രത്തിൽ അന്തർഭവിച്ചിരിക്കുന്ന ലോകസംഭവത്തിനു കേവലം ഒരടിമയായി മാത്രം അയാൾ തന്റെ ചിത്രീകരണകൃത്യം നിർവ്വഹിക്കുന്നു. എന്നാൽ അതിൽനിന്നും വേർപെട്ടുനിന്ന്, ഉയർന്നുനിന്ന്, ആ ചിത്രംകൊണ്ട് ഒരു സന്ദേശം ലോകത്തിന് നൽകുവാനുള്ള മാനസികമഹിമാനം അയാൾക്കു സിദ്ധിച്ചിട്ടില്ല. ഈ മാനസികമഹിമാനം കേവലം കലാപാടവംകൊണ്ടുമാത്രം സാധിക്കുന്ന ഒരു നേട്ടമല്ല. അതിന് അടിയുറച്ച സാംസ്കാരികാടിസ്ഥാനം ആവശ്യമാണ്. ജന്മാന്തരങ്ങളിൽ വിശ്വാസമുള്ളവർ പറയും അത് അനേകജന്മങ്ങളിലെ സുകൃതംകൊണ്ടു സിദ്ധിക്കേണ്ടതാണെന്ന്. അങ്ങനെ ആയിരിക്കണമെന്നില്ല. എങ്കിലും ഒരു മഹാസംസ്കാരത്തിന്റെ പിന്നിൽ ചിരകാലകൃതമായ മനനവും കർമ്മവും അനുഭൂതികളും അന്തർഭവിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

ഇന്നത്തെ റിയലിസത്തിന്റെ ഒരു വലിയ ദൂഷ്യം അതു ലോകത്തിലെ അനഭിലഷണീയതകളിൽനിന്നും നിയമം സൃഷ്ടിക്കുന്നുവെന്നുള്ളതാണ്; അപഭ്രംശങ്ങൾക്കാണ് അവ പ്രാധാന്യം നൽകുന്നത്. ലോകത്തിൽ സദാചാരത്തെക്കാൾ ദുരാചാരമാണു സ്വാഭാവികമെന്നുള്ള വിശ്വാസംവച്ചുകൊണ്ടാണ് റിയലിസ്ററുകാർ കലാസൃഷ്ടിചെയ്യുന്നത്. ഫ്രോയിഡിന്റെ മനഃശാസ്ത്രസിദ്ധാന്തങ്ങളും, ഹാവലോക്ക് എല്ലിസ്സിന്റെ ലൈംഗികശാസ്ത്രാപഗ്രഥനങ്ങളും ആധുനികസാഹിത്യകാരന്മാരെ വഴിതെററിച്ചിട്ടുള്ളതിന്റെ ലക്ഷണങ്ങൾ വളരെ സ്പഷ്ടമായി കണ്ടുകഴിഞ്ഞിരിക്കുന്നു. ഫ്രോയിഡും, ഹാവലോക്ക് എല്ലിസ്സും സർവ്വസാധാരണമല്ലാത്തതും എന്നാൽ ഗവേഷണങ്ങൾക്കിടയ്ക്ക് കുറെയൊക്കെ അനുഭവഗോചരവുമായ പല അപൂർവ്വ മാനസികഗതികളേയും വിലക്ഷണലൈംഗികവികാരങ്ങളേയും വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ട്. ശാസ്ത്രീയമായി അവരുടെ ഗവേഷണങ്ങൾ വളരെ വിലയേറിയവതന്നെ. പക്ഷേ സാർവ്വജനീനമായ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി നിർമ്മിക്കേണ്ടിയിരിക്കുന്ന സാഹിത്യത്തിനു അവ അധിഷ്ഠാനമാകുന്നതു ലേശവും ഉചിതമായ നയമല്ല. കല ശാസ്ത്രങ്ങൾക്കെല്ലാം അതീതമാണ്. ശാസ്ത്രങ്ങൾ കലയുടെമേൽ ആധിപത്യം സ്ഥാപിക്കുവാൻ ഇടയാകുന്നതു കലയുടെ ദൌർഭാഗ്യത്തെ സൂചിപ്പിക്കുന്നു. ഇപ്രകാരമുള്ള ഒരു ദുർഘടഘട്ടമാണ് ഇന്നു കലയ്ക്കു പൊതുവേയും വിശേഷിച്ച് സാഹിത്യത്തിനും സമാഗതമായിരിക്കുന്നത്.

റിയലിസ്സം ഫ്രോയിഡിനേയും എലിസ്സിനേയും അവലംബമാക്കി അസ്വാഭാവികങ്ങളെ സ്വാഭാവികങ്ങളും വിലക്ഷണങ്ങളെ സാധുലക്ഷണങ്ങളുമാക്കുവാൻ ഉദ്യമിക്കുന്നു. കാണാനും, കേൾക്കാനും അറപ്പുതോന്നുന്ന പല അസ്വാഭാവികതകളും ഇന്നു സാഹിത്യത്തിൽ പ്രതിപാദ്യവിഷയങ്ങളായിത്തീർന്നിട്ടുണ്ട്. അവ യഥാർത്ഥങ്ങളാകയാൽ, ഇല്ലെന്നു നടിക്കുകയോ, മറച്ചുവയ്ക്കുകയോ ചെയ്യുന്നതു ഭീരുത്വമാണെന്നും അവയെ അഭിമുഖീകരിക്കുകയും ആസ്വദിക്കുകയുമാണു വേണ്ടതെന്നും ആധുനികകലാകോവിദന്മാർ ഘോഷിക്കുന്നു. ഇത് ഏററവും അയുക്തികമായ ഒരു വാദമാണെന്നു തെളിയിക്കുവാൻ വിഷമമില്ല. വിലക്ഷണതകൾ അഥവാ ന്യായലംഘനങ്ങൾക്കു സാർവ്വജനീനത്വം നൽകുന്നതുകൊണ്ട് അവയെ അനുകരിക്കുന്നതിനും കുറെയൊക്കെ ന്യായീകരിക്കുന്നതിനുമുള്ള ഭ്രമം വർദ്ധിക്കുകയേ ചെയ്യുന്നുള്ളൂ. മദ്യപാനവും, വ്യഭിചാരവും, ലോകത്തിൽ സർവ്വസാധാരണമായിട്ടുള്ളവയാണെന്നും, സംസ്കാരസമ്പന്നരായ ജനങ്ങൾ അവയ്ക്കു അടിമകളാണെന്നുമുള്ള സൂചനകളും, സ്പഷ്ടമായ ചിത്രീകരണങ്ങളും സാമാന്യർക്കു കൂടുതൽ ആകർഷണമുണ്ടാക്കുകയാണു ചെയ്യുന്നത്. നേരെമറിച്ച് ലോകത്തിലെ സാമാന്യരീതി മദ്യപാനത്തിനും വ്യഭിചാരത്തിനും വിപരീതമാണെന്നും അതിനുവശഗരാകുന്നതു അസ്വാഭാവികവും അസന്മാർഗ്ഗികവുമായ ചിത്തവൃത്തികളുമാണെന്നുമുള്ള പ്രതീതിനൽകുന്ന കലാകാരൻ സാന്മാർഗ്ഗികത്വത്തിന്റെ മഹിമയെ സംരക്ഷിക്കുകയും, അസന്മാർഗ്ഗികതയെ ഏതോ ഘോരവിപത്തുപോലെ വർജ്ജിക്കണമെന്നുപദേശിക്കുകയും ചെയ്യുന്നു. ആധുനിക റിയലിസപ്രസ്ഥാനത്തിന്റെ പോക്ക് ഇതിനു നേരെ വിപരീതമാണ്. അത് ആവക കൃത്യങ്ങൾക്ക്, ലോകരീതിയുടെ തണലും പരിരക്ഷണവും നൽകുന്നു; ഏറെക്കുറെ അതിനെ സാധൂകരിക്കുന്നു. മിക്ക റിയലിസ്ററു സാഹിത്യകാരന്മാരും അവരുടെ കഥാപാത്രങ്ങളുടെ സ്വഭാവവികലതകളോട് ഏറെക്കുറെ അനുരാഗം യോജിക്കുന്നവരായാണ് കാണപ്പെടുന്നത്. കലാകാരൻ സ്വാഭാവികതയ്ക്ക് വിരുദ്ധപ്രകൃതിയായിരിക്കണമെന്നാണ് ഇവരുടെ വിവക്ഷയെന്നു തോന്നുന്നു. കുറച്ചൊക്കെ മദ്യപാനം, സ്വഭാവദൂഷ്യം, കണിശക്കുറവ്, നാസ്തികത്വം മുതലായവയുടെ സങ്കലിതസ്വഭാവത്തോടുകൂടിയവനായിരിക്കണമത്രെ കലാകാരൻ. എന്നാൽമാത്രമേ അയാൾക്ക് യഥാർത്ഥകലാകാരനാകാനുള്ള പരിചയസമ്പത്തുണ്ടാകുകയുള്ളുവത്രെ. ഇങ്ങിനെയുള്ളവർ നിർമ്മിക്കുന്ന കല, അവരുടെ മനോധർമ്മമോ, വാസനയോകൊണ്ട് ഒരുപക്ഷേ ഹൃദയഹാരിയായേക്കാം; ലക്ഷണങ്ങൾ തികഞ്ഞതുമാവാം. എന്നാൽ അത് അതിനെ ഉല്പാദിപ്പിച്ച മണ്ണിന്റെ സ്വഭാവം കുറെയൊക്കെ പ്രദർശിപ്പിക്കുകതന്നെചെയ്യും. ആധുനിക റിയലിസ്റ്റിക്ക് പ്രസ്ഥാനത്തിന്റെ ദുർഗ്ഗന്ധപൂർണ്ണമായ മാസികകൾ വായിക്കുന്നവർ പലരും ആ സാഹിത്യസൃഷ്ടികളിൽകൂടി കഥാപാത്രങ്ങളുടെ സ്വഭാവത്തെക്കാൾ കൂടുതലായി അവരെ സൃഷ്ടിച്ച കലാകാരന്മാരുടെ അന്തരംഗങ്ങളെയാണ് കാണുന്നതെന്നു പറയേണ്ടിവരുന്നതും ഇതുകൊണ്ടുതന്നെയാണ്.

ജീവിതത്തെ കേവലം ഭൗതികദൃഷ്ട്യാ വീക്ഷിച്ചാൽ മതിയെന്നുള്ള സിദ്ധാന്തവും, യുക്തിക്കതീതമായി മറെറാന്നുമില്ലെന്നുള്ള വിശ്വാസവും കൂടിയായപ്പോൾ സാന്മാർഗ്ഗികവീക്ഷണം കലയിൽനിന്നും നിശ്ശേഷം നിഷ്കാസിതമായി വരുന്നു. ലോകജീവിതത്തിന്റെ ഒരംശം ഭൗതികതത്വത്തിൽത്തന്നെ അധിഷ്ഠിതമായിരിക്കാം. എന്നാൽ മറ്റംശം വിസ്മരിക്കരുത്. ആത്മീയതയുടെ തിരോധാനം മനുഷ്യനെ മൃഗീയതയിലേക്കു നയിക്കുമെന്നുള്ളതു തീർച്ചയാണ്. ആത്മീയതയിൽ അയുക്തികത ധാരാളം കണ്ടേക്കാം. എന്നാൽ യുക്തിയിൽ സകലതും ഒതുക്കിനിർത്തിക്കളയാമെന്നു വ്യാമോഹിക്കുന്ന ശാസ്ത്രകാരൻ അന്ധവിശ്വാസികളെക്കാൾ ഭയങ്കരനാണ്. മികച്ച ഭൗതികശാസ്ത്രജ്ഞന്മാർപോലും യുക്തിയെക്കാൾ ദർശനങ്ങൾക്ക് ഇപ്പോൾ വിലകല്പിച്ചുതുടങ്ങിയിട്ടുണ്ട്. അനവധി വർഷക്കാലത്തെ ഗവേഷണങ്ങളും അപഗ്രഥനങ്ങളുംകൊണ്ട് വെളിവാകാത്ത പലതും പ്രചോദനം (Intuition) കൊണ്ട് കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുള്ളതായി ശാസ്ത്രജ്ഞന്മാർതന്നെ സമ്മതിക്കുന്നു. മനുഷ്യന്റെ യുക്തിയുടെ ദൌർബല്യം അവർ സമ്മതിക്കുന്നു. കണ്ണുകൊണ്ട് കാണാവുന്നതും ചെവികൊണ്ട് കേൾക്കാവുന്നതും അഥവാ ഭൂതക്കണ്ണാടിയിലും ഉച്ചശ്രവണിയിലും കാണുകയും, കേൾക്കുകയും ചെയ്യാവുന്നവമാത്രമേ ഉള്ളുവെന്നു വിശ്വസിക്കുകയുള്ളുവെന്നു ശഠിക്കുന്നതു ഒരുമാതിരി മർക്കടമുഷ്ടിമാത്രമാണ്. അവയ്ക്കെല്ലാം അതീതമായി പല മണ്ഡലങ്ങളും, രംഗങ്ങളും, ജീവികളും ഈ ബ്രഹ്മാണ്ഡകടാഹത്തിലുണ്ട്. അതിന്റെ ഒരു കോണുപോലും ഇന്നത്തെ ശാസ്ത്രജ്ഞന്മാർ അറിഞ്ഞിട്ടുമില്ല അറിയുകയും ഇല്ല. മനുഷ്യബുദ്ധിയുടെ ശക്തി അത്ര പരിമിതമാണ്. അനേകം അത്ഭുതങ്ങൾ അതു വെളിപ്പെടുത്തുന്നുണ്ടായിരിക്കാം. എന്നാൽ യഥാർത്ഥഅത്ഭുതം എല്ലാത്തിനും കേന്ദ്രസ്ഥിതമായ അത്ഭുതം മനുഷ്യന്റെ ബുദ്ധിയോ അവന്റെ യന്ത്രോപകരണങ്ങളോകൊണ്ട് കോടാനുകോടി വർഷങ്ങൾ ശ്രമിച്ചാലും കണ്ടുപിടിക്കുവാൻ സാധിക്കുകയില്ല. അതിനെ ഏതാണ്ടെന്നറിയുവാൻ എന്തെങ്കിലും ഉപകരിക്കുമെങ്കിൽ അത് അവന്റെ ആത്മീയചൈതന്യം മാത്രമായിരിക്കും. ഭൗതികശാസ്ത്രജ്ഞന്മാർതന്നെ ഇതു ഏറെക്കുറെ സമ്മതിച്ചുതുടങ്ങിയിട്ടുണ്ട്.

തത്വദർശനം ഇങ്ങനെയൊരു സരണിയിലേക്കു തിരിഞ്ഞുതുടങ്ങിയിരിക്കുമ്പോഴാണ് നമ്മുടെ റിയലിസ്ററുകലാകാരൻ കേവലം ഭൗതികപ്രശ്നപരിഹാരംകൊണ്ട് ലോകത്തിന്റെ സുഖശാന്തികൾ സ്ഥാപിച്ചുകളയാമെന്നു ഘോഷിക്കുന്നത്. ഇതിനെക്കാൾ വലിയ ഒരബദ്ധമില്ല. മനുഷ്യന് ഭക്ഷണംകൊണ്ടുമാത്രം ജീവിക്കുവാൻ സാദ്ധ്യമല്ലതന്നെ. അവൻ കേവലം ഇന്ദ്രിയങ്ങളുടെ ഒരു സംഘാതരൂപമല്ല. ഇന്ദ്രിയങ്ങൾക്ക് അതീതമായി അവനിൽ ഒരു ആന്തരികസത്തയുണ്ട്. അതാണ് അവന്റെ ആത്മീയസത്ത. അതിന്റെ സംതൃപ്തിക്കുവേണ്ടി അവന്റെ ഹൃദയം കൊതികൊള്ളുന്നു. ഭൗതികമായി അവൻ എന്തെല്ലാം നേടിയാലും മററതിന്റെ അഭാവത്തിൽ, ഏതിന്റെയോ ഒരു പോരായ്മ അവനെ അസ്വസ്ഥനാക്കുന്നു. മനുഷ്യനും മൃഗവുമായുള്ള ഒരു വ്യത്യാസമിതാണ്. മനുഷ്യനെ മനുഷ്യനാക്കുന്ന ഈ സത്തയെ വിസ്മരിക്കുന്ന യാതൊന്നുംതന്നെ മനുഷ്യനുവേണ്ടിയുള്ളതല്ല. വിദ്യാഭ്യാസം, പരിഷ്കാരം, പുരോഗമനം എന്നൊക്കെയുള്ള പദങ്ങൾകൊണ്ടു നാം വിവക്ഷിക്കുന്നതെല്ലാം, ഈ ആന്തരസത്തയുടെ വളർച്ചകൂടിയാണെന്നുള്ളത് ആരും വിസ്മരിച്ചുകൂടാ. ഈ വളർച്ചയ്ക്കു സഹായിക്കുന്ന മാനസികശിക്ഷണത്തെയാണ് നാം സന്മാർഗ്ഗമെന്നു വിവക്ഷിച്ചിട്ടുള്ളത്. അതിന്റെ ആചാരരീതികൾ വിഭിന്നങ്ങളായിരിക്കാം, ചിലപ്പോൾ പരസ്പരവിരുദ്ധങ്ങളായിരിക്കാം; എന്നാൽ അതിനു ആഭ്യന്തരമായ ഒരു ഏകീഭാവം കണിശമായും കാണും. കലകൊണ്ടു മനുഷ്യന്റെ നന്മയാണുദ്ദേശിക്കുന്നതെങ്കിൽ ഇപ്രകാരമുള്ള സന്മാർഗ്ഗത്തെ സഹായിക്കുന്നതിനല്ലാതെ അതിനെ വിഘാതപ്പെടുത്തുവാൻ കലാകാരന്മാർ ഉദ്ദേശി




# *സ്ത്രീധർമ്മത്തിന്റെ വ്യാപ്തി

നമ്മുടെ പുണ്യഭൂമി ഒരു നവയുഗത്തിലേയ്ക്കു കാലെടുത്തു വെച്ചിട്ടുള്ള ഒരു കാലഘട്ടമാണിതെന്നു എല്ലാവർക്കും അറിയാം. ഈ ഭാരതഭൂമിയിൽ ജനിച്ച നമ്മൾ ഋഷികളുടെ സന്തതികളാണ്; അവർ സമ്പാദിച്ചുതന്നിട്ടുള്ള ജ്ഞാനസമ്പത്തിന്റെ അവകാശികളുമാണ്. എന്നാൽ ഒന്നരനൂറ്റാണ്ടിലധികം കാലം ഇത്ര മഹത്തായ ഒരു പാരമ്പര്യം നമുക്കുണ്ട് എന്നകഥതന്നെ നാം മറന്നിരിക്കയായിരുന്നു. രാഷ്ട്രീയമായ അന്യാധീനതയോടൊപ്പം സാംസ്കാരികമായ ഒരു അസ്വാതന്ത്ര്യവും നാം അനുഭവിക്കേണ്ടിവന്നു. പൂജ്യപാദരായ പല നേതാക്കന്മാരുടേയും ത്യാഗത്തിന്റേയും നിരന്തരപ്രയത്നത്തിന്റേയും ഫലമായിട്ടു രാഷ്ട്രീയമായ സ്വാതന്ത്ര്യവും സാംസ്കാരികമായ ഒരു ഉൽബുദ്ധതയും നമുക്കു കിട്ടിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമുക്കു കിട്ടിയ രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ പൂർണ്ണഫലം നാം അനുഭവിക്കണമെങ്കിൽ, നാം യഥാർത്ഥഭാരതീയരായിത്തീരണമെങ്കിൽ, നാം അവകാശപ്പെടുന്ന ആദ്ധ്യാത്മികമായ ഒരു ഉന്നതസ്ഥാനം സമ്പ്രാപ്തമാകേണമെങ്കിൽ, ആ ആർഷവിജ്ഞാനത്തിന്റെ വെളിച്ചം നമ്മുടെ രാജ്യത്തുള്ള അന്ധകാരത്തെ അകറ്റണം, നമ്മുടെ പൂർവികന്മാർ നിർദ്ദേശിച്ചിട്ടുള്ളതായ ആദർശങ്ങൾക്കനുസരിച്ചു ജീവിക്കുവാൻ നമുക്കു സാധിക്കണം.

ഭാഗ്യവശാൽ നമുക്കു കിട്ടീട്ടുള്ള രാഷ്ട്രീയസ്വാതന്ത്ര്യത്തെ വേണ്ടപോലെ നിലനിർത്തുവാനും, മറ്റു സ്വതന്ത്രരാജ്യങ്ങളുടെ കൂട്ടത്തിൽ ഒരു മാന്യസ്ഥാനം ലഭിക്കുന്നതിനും സാമ്പത്തികവും വ്യാവസായികവും ആയിട്ടുള്ള ഉൽക്കർഷം ഉണ്ടാക്കിത്തീർക്കുവാനും അന്യരാജ്യങ്ങളുടെ ഭീഷണികളെ നിർഭയം ചെറുക്കാനുംതക്ക ഭരണകൗശലതയും തന്ത്രനൈപുണ്യവുമുള്ള നേതാക്കന്മാർ നമുക്കുണ്ടെന്നു ഇന്നു അഭിമാനിക്കാം, സമാധാനിക്കയും ചെയ്യാം. എന്നാൽ, ഒരു രാജ്യത്തിന്റെ ശ്രേഷ്ഠത അവിടുത്തെ സൈന്യബലംകൊണ്ടോ ധനസമൃദ്ധികൊണ്ടോ ഗണിക്കാവുന്നതല്ല. സേനാബലം, യന്ത്രശക്തി മുതലായവകൊണ്ടുമാത്രം ഒരു രാജ്യത്തിനു ശാന്തിയും പൂർണ്ണകീർത്തിയും ഉണ്ടാകുന്നതല്ലെന്നു പല പാശ്ചാത്യരാജ്യങ്ങളും നമ്മെ പഠിപ്പിച്ചുകഴിഞ്ഞു. യഥാർത്ഥമായ സംസ്കാരത്തെ ആശ്രയിച്ചിരിക്കും ഒരു രാജ്യത്തിന്റെ യോഗ്യത. ആ യോഗ്യത ഒരു കാലത്തു നമുക്കുണ്ടായിരുന്നു എന്നുള്ളതിനു സംശയമില്ല. അതിനെ പുനരുദ്ധരിക്കയാണ് നമ്മുടെ ഇന്നത്തെ കർത്തവ്യം. അതു നേതാക്കന്മാർക്കുമാത്രം, അവർ എത്ര സമർത്ഥന്മാരായിരുന്നാലും, സാധിക്കാവുന്ന കാര്യമല്ല. നേരെമറിച്ച് ജാതിമതകലസ്ത്രീപുരുഷഭേദംകൂടാതെ സകലരും ഒത്തൊരുമിച്ചു പ്രയത്നിച്ചു സാധിക്കേണ്ട ഒരു കാര്യമാണതു്. എന്നാലും ഓരോ പ്രത്യേക വിഭാഗങ്ങളും അവ നിർവ്വഹിക്കേണ്ട ചുമതല ഇന്നതെന്നറിഞ്ഞു വേണ്ടവിധത്തിൽ പ്രവർത്തിക്കണം. ആ ഉദ്ദേശത്തോടുകൂടിയാണല്ലോ പല തരത്തിലുള്ള സംഘങ്ങളും സ്ഥാപനങ്ങളും ഉണ്ടായിത്തീർന്നിട്ടുള്ളതു്. ആ കാര്യത്തിൽ പുരുഷന്മാരേക്കാൾ അധികം ചുമതല സ്ത്രീകൾക്കുണ്ട്. കാരണം, ഒന്നാമതു ജനസംഖ്യകൊണ്ടുതന്നെ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് അധികം. രണ്ടാമതു് ഭാവിഭാരതത്തിലെ പൌരന്മാരെ വളർത്തേണ്ട പ്രധാന ചുമതലയും അവരുടേതാണ്. അതുകൊണ്ട് ഇതുപോലെയുള്ള വനിതാസമ്മേളനങ്ങളിൽ ആലോചിക്കേണ്ട ജീവിതസ്പൃക്കുകളായ പല കാര്യങ്ങളും ഉണ്ട്. അവയിൽ ചില സംഗതികളെ ഞാൻ നിങ്ങളുടെ ആലോചനയ്ക്കു വിഷയമാക്കാമെന്നു വിചാരിക്കുന്നു.

സമുദായജീവിതത്തിൽ സ്ത്രീയ്ക്കുള്ള സ്ഥാനത്തിനു പ്രാചീനകാലത്തേതിൽനിന്നു ഇന്നു വളരെ മാറ്റം വന്നിട്ടുണ്ട്. പുരുഷന്മാർക്കു സ്ത്രീകളോടുള്ള മനോഭാവം മാനദണ്ഡമായി ഗണിക്കുകയാണെങ്കിൽ ഗൃഹജീവിതത്തിൽ സ്ത്രീ, അടിമ — ദാസി — രക്ഷിത — സ്നേഹിത — ഇങ്ങിനെയാണ് അതിന്റെ പരിണാമക്രമം എന്നു കാണാം. 1 മനുഷ്യസമുദായത്തിന്റെ ശൈശവദശയിൽ, ജനങ്ങൾ ചെറിയ സംഘങ്ങളായി കാട്ടുപ്രദേശങ്ങളിൽ താമസിച്ചിരുന്നകാലത്തു കുടുംബരക്ഷ ഒരു പ്രധാനകർത്തവ്യമായിരുന്നു. കാടുവെട്ടിത്തെളിയിച്ചു് നാടാക്കുകയും വൈരിസംഘങ്ങളുടെ ആക്രമണങ്ങളെ തടുക്കുകയും ചെയ്യാൻ ജനസംഖ്യ വർദ്ധിക്കുന്നതു് അന്നു് അത്യാവശ്യമായിരുന്നു. അതുകൊണ്ടു സമുദായത്തിനുവേണ്ടി എത്ര ക്ലേശം സഹിച്ചിട്ടും അധികം സന്താനങ്ങളുടെ മാതാവായിത്തീരുകയായിരുന്നു ഉത്തമസ്ത്രീധർമ്മമായി ആചരിച്ചുപോന്നിരുന്നതു്. അതിനാൽ അന്നു സന്താനങ്ങളുടെ സംഖ്യ അനുസരിച്ചു സ്ത്രീകളുടെ ശ്ലാഘ്യത പരിഗണിക്കപ്പെട്ടു. ഹിന്ദുക്കളുടെ വിവാഹകർമ്മത്തിൽ വധുവിനെ "ജനയ ബഹുപുത്രാൻ ദേവി" എന്നനുഗ്രഹിക്കുന്ന ആ പഴയ ചടങ്ങ് ബ്രാഹ്മണരുടെ ഇടയിൽ ഇപ്പോഴും ആവർത്തിച്ചുപോരുന്നുണ്ട്. എന്നാൽ സന്താനനിയന്ത്രണത്തിന്റെ ന്യായാന്യായ്യത്തെപ്പറ്റി വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലത്തു്, വലിയ തോക്കിനു വിറകിടാൻ യുവജനങ്ങൾ പോരാ, പോരാ എന്നു വിചാരിക്കുന്ന ചില 'സർവ്വാധികാരി'കൾ മാത്രമേ ഒരു കൃതയുഗമാതൃകയായ ബഹുപുത്രമാതൃത്വത്തെ മാനിക്കയുള്ളു.

1 പ്രാചീനഭാരതത്തിൽ സ്ത്രീകൾക്കു വേദാഭ്യാസവും സമുദായത്തിൽ മാന്യസ്ഥാനവും ഉണ്ടായിരുന്നുവത്രെ — ചരിത്രകാലത്തു ലോകത്തിൽ സാമാന്യമായി സ്ത്രീകൾക്കു സമുദായജീവിതത്തിൽ ഉണ്ടായിട്ടുള്ള നിലയെയാണ് ഇവിടെ നിരൂപണം ചെയ്യുന്നതു്.

സുഖമായ ജീവിതത്തിന് ആവശ്യമുള്ള സാമഗ്രികളെ സമ്പാദിച്ചുകൊണ്ടുവരുന്ന പുരുഷന്റെ ഒരു കിങ്കരിയായിട്ടാണ് അടുത്ത പടിയിൽ സ്ത്രീയെ നാം കാണുന്നതു്. ഇതിന്റെ ഛായ ഹിന്ദുസമുദായത്തിൽനിന്ന് ഇനിയും വിട്ടുപോയിട്ടുണ്ടെന്നു തോന്നുന്നില്ല. തമിഴരുടെ ഇടയിൽ "യജമാനൻ" എന്നു്, ഭാര്യ ഭർത്താവിനെ പറയുന്നതു് ഇന്നും അസാധാരണമല്ല. ഇതു് "കാര്യേഷു ദാസി" എന്ന പുരുഷകൃതപ്രമാണത്തിന്റെ പ്രയോഗപട്ടംതന്നെയാണ്.

'സ്ത്രീ സൂക്ഷിച്ചുരക്ഷിക്കയും ഭംഗിയിൽ പ്രദർശിപ്പിക്കയുംചെയ്യപ്പെടേണ്ട ഒരു വസ്തുവാണ്' എന്നുള്ള മനോഭാവം ഇതിനേക്കാൾ കുറച്ചുകൂടി ഉയർന്നതാണ്. എന്നാൽ അവിടേയും പുരുഷന്റെ വാസനകൾക്കും ആവശ്യങ്ങൾക്കുംതന്നെ പ്രാധാന്യം. തന്റെ ഭാര്യയുടെ ഉടുപ്പും നടപ്പും എന്നല്ല, അവളുടെ സകല ജീവിതചര്യയും താൻ നിശ്ചയിക്കുന്നമാതിരിയായിരിക്കണമെന്നു ശാസിക്കുന്ന പുരുഷന്മാർ ഈ കാലത്തും അപൂർവമല്ല. സ്ത്രീകളുടെ സൗന്ദര്യവും സാമർത്ഥ്യവും അവരുടെ ഉടമസ്ഥരായ പുരുഷന്മാരുടെ നിലയും വിലയും മാറ്റുകൂട്ടുന്ന സാമഗ്രികൾമാത്രമായിട്ടത്രെ ഇങ്ങനെയുള്ളവർ കരുതുന്നതു്. സ്ത്രീകൾക്ക് ഈശ്വരസാക്ഷാൽക്കാരം സാധിക്കുന്നതിനുപോലും പുരുഷന്റെ ആനുകൂല്യവും [illegible] വേണമെന്ന ചില മതവിധികളെ വിശ്വസിക്കുന്നവർക്കു സുഗ്രാഹ്യമായ ഒരു ആശയമാണല്ലോ ഇതു്. ഈ സ്ഥിതിയിൽ പുരുഷന്മാർ സ്ത്രീകളെ വെറും കുട്ടികളെപ്പോലെ വാത്സല്യപൂർവം സൂക്ഷിച്ചു രക്ഷിച്ചുപോന്നിരുന്നു എന്നു സമ്മതിക്കാം. എന്നാൽ ഒരുവിധം മനഃസംസ്കാരവും സ്വതന്ത്രബുദ്ധിയുമുള്ളവർക്ക് ഇത്തരം അഭിമാനംകലർന്ന കാരുണ്യം അടിമത്വത്തെക്കാളേറെ അസഹനീയമാണ്.

സ്ത്രീപുരുഷസമ്പർക്കത്തിൽ ഇന്നത്തെ പരിഷ്കൃതലോകത്തിൽ ഏറ്റവും ഉൽക്കൃഷ്ടമായി വിചാരിക്കാവുന്നതു സഖ്യഭാവമാണ്. അതിൽ സമത്വത്തിന്റെ ഒരു ലാഞ്ഛനയുണ്ടെന്നു സമ്മതിക്കാം. എന്നാൽ യഥാർത്ഥസഖ്യഭാവം സംസ്കാരസമ്പന്നരെന്നഭിമാനിക്കുന്നവരുടെ ഇടയിൽപ്പോലും വളരെ ദുർലഭമാണെന്നു് ആരാഞ്ഞുനോക്കിയാൽ അറിയാം. ഒന്നിച്ചിരുന്നു ഭക്ഷണംകഴിക്കുകയോ ഒരുമിച്ചുനടക്കുകയോ ചെയ്യുന്നതു കാണുമ്പോൾ അവരുടെ ഇടയിൽ ആന്തരമായ സമത്വമുണ്ടെന്നു ധരിക്കുന്നതു് അബദ്ധമാണ്. ഉൽക്കൃഷ്ടപരിഷ്കാരത്തിന്റെ ഉത്തമമാതൃകകളെന്നു തന്നെത്താൻ ഉൽഘോഷിക്കുന്ന പാശ്ചാത്യരുടെയിടയിൽപ്പോലും ഉപരിപ്ലവമായി കാണപ്പെടുന്ന സ്ത്രീപുരുഷസമത്വം മിക്കവാറും ഒരു പുറംപൂച്ചാണെന്നു് അവരുടെ സമുദായജീവിതത്തിന്റെ മർമ്മങ്ങൾ പരിശോധിച്ചിട്ടുള്ളവർക്കറിയാം. പല പാശ്ചാത്യരാജ്യങ്ങളിലും ഇത്തരം വിവാഹിതയായ ഒരു സ്ത്രീയ്ക്കു് സ്വകാര്യസ്വത്തിനവകാശമില്ല. ഭാര്യ സ്വപ്രയത്നംകൊണ്ടു സമ്പാദിക്കുന്ന പണംപോലും ഭർത്താവിന്റെ സമ്മതംകൂടാതെ ചെലവാക്കുവാൻ അവൾക്കധികാരമില്ല. ഇംഗ്ലണ്ടിൽ ഈ നിയമം മാറ്റിയിട്ട് അധികം ശതാബ്ദങ്ങളായിട്ടില്ല. ഭർത്താവിന്റെ ജീവിതകാലത്തു് ഗൃഹനായികയായ സ്ത്രീ ഭർത്താവിന്റെ മരണശേഷം സന്താനങ്ങളുടെ അധീനയായിത്തീരുന്നവിഷയത്തിൽ പൗരസ്ത്യരാജ്യങ്ങളും പാശ്ചാത്യരാജ്യങ്ങളുംതമ്മിൽ വലിയ അന്തരമുണ്ടെന്നുതോന്നുന്നില്ല. ക്രിസ്ത്യൻരാജ്യങ്ങളിലെങ്ങുംതന്നെ സ്ത്രീകൾക്കു വൈദികാധികാരം അനുവദിക്കപ്പെട്ടതായി കേട്ടിട്ടില്ല. ചാരിത്ര്യശുദ്ധി എന്നു പറയുന്നതു് വെറും ഒരു സ്ത്രീധർമ്മമായിട്ടുമാത്രമേ അവിടെ ജനങ്ങൾ ഗണിക്കുന്നുള്ളു. അതുകൊണ്ട് ചാരിത്ര്യമാർഗ്ഗത്തിൽനിന്നുള്ള വ്യതിയാനം പുരുഷന്മാരുടെകയ്യിൽ വെറും ഒരു വിനോദവും സ്ത്രീകളെസംബന്ധിച്ചാണെങ്കിൽ നിന്ദ്യവും നികൃഷ്ടവുമായ ഒരു മഹാപാപവും ആയിത്തീരുന്നു.

ഇപ്രകാരം ആദിമകാലംമുതൽതന്നെ പുരുഷൻ കൈവശംവച്ചുപോന്നിട്ടുള്ള അധികാരം പുരുഷൻ വിട്ടുകൊടുത്താലും അതു സ്വീകരിക്കുന്നതു പാപകരവും ആപൽക്കരവുമാണെന്നു വിശ്വസിക്കുന്ന സ്ത്രീകളും ഇന്നു ധാരാളമുണ്ട്. ഈ വ്യാമോഹം ഇവരുടെയും മനസ്സിൽനിന്നു കളയുവാൻ അത്ര എളുപ്പമാണെന്നുതോന്നുന്നില്ല. സ്ത്രീകളുടെ ശ്രേയസ്സിനും പ്രേയസ്സിനും നിദാനമായിട്ടുള്ളതു് ഈ മനോഭാവത്തിന്റെ മാറ്റമാണ്. അതില്ലാഞ്ഞിട്ടാണ് സ്വതന്ത്രമായി ജീവിക്കാൻത്രാണിയുള്ള സ്ത്രീകളുംകൂടി പുരുഷന്മാരുടെ രക്ഷ ഒഴിക്കുവാൻപാടില്ലാത്തതാണെന്നു ധരിക്കയും അവരുടെ അധികാരങ്ങളും സമ്പാദ്യങ്ങളും സ്വേച്ഛയോടുകൂടിത്തന്നെ പുരുഷനു് അർപ്പിക്കയുംചെയ്യുന്നതു്. ഈ അർപ്പണം പലപ്പോഴും വളരെ അസ്ഥാനത്തിലാകുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ഇന്നത്തെ സമുദായനേതാക്കൾ സ്ത്രീകൾക്കു സ്വാതന്ത്ര്യംകൊടുക്കേണ്ടതാണെന്നു പറയുന്നതുകേൾക്കുമ്പോൾ അതിന്റെഅടിയിൽ ഒളിഞ്ഞുകിടക്കുന്ന അഭിപ്രായം എന്താണെന്നു നോക്കേണ്ടതുണ്ട്. സ്വാതന്ത്ര്യം എന്ന ആ ദിവ്യവസ്തു പുരുഷന്മാർക്കു സ്വതസ്സിദ്ധമായിട്ടുള്ളതാണെന്നും അതിൽനിന്ന് അല്പാല്പം സ്ത്രീകൾക്കു കൊടുക്കാൻ സന്മനസ്സുണ്ടാകണംഎന്നുമായിരിക്കും അതിന്റെ വ്യാഖ്യാനം.

സമത്വബോധം അധികമായിത്തുടങ്ങിയതോടുകൂടി, സ്ത്രീകൾ പുരുഷന്മാരാൽ രക്ഷിക്കപ്പെടേണ്ടവരാണെന്നുള്ള മൂഢവിശ്വാസം ക്രമേണ മാറിവരുന്നുണ്ട്. എന്നാൽ ഇതിന്റെ സ്ഥാനത്തു് ഒരു മത്സരഭാവം പ്രത്യക്ഷപ്പെട്ടുതുടങ്ങീട്ടുണ്ടെന്നുള്ളതു് വ്യസനകരമാണ്. പുരുഷന്മാർ ചെയ്യുന്ന പല വേലകളും ചെയ്വാൻ സ്ത്രീകൾക്കു് ത്രാണിയുണ്ടെന്നു് വെളിപ്പെട്ടുതുടങ്ങിയപ്പോൾ, അവർ സഹധർമ്മചാരിണികളാണെന്നുള്ളതു മറന്നു്, ലോകസമരത്തിലെ എതൃകക്ഷികളാണെന്നു് പുരുഷന്മാർ തെറ്റിദ്ധരിച്ചുതുടങ്ങിയിരിക്കുന്നു. തൽഫലമായി ഉണ്ടാകുന്ന അധർമ്മയുദ്ധത്തിൽ വാൾമറിച്ചുപിടിക്കാമെന്നുകൂടി പുരുഷന്മാർ വിചാരിക്കുന്നില്ല. ഉദ്യോഗത്തിനും നിയമസഭാസ്ഥാനത്തിനും ഉണ്ടായിട്ടുള്ള സ്ത്രീപുരുഷസമരത്തിൽനിന്നു ഈ വാസ്തവം വ്യക്തമായിട്ടുണ്ട്.

പുരുഷനോടു നേരിട്ടുനിന്നു പോരാടുവാനുള്ള സൗകര്യം കായികമായിട്ടും മാനസികമായിട്ടും സ്ത്രീക്കു് സ്വാഭാവികമായിട്ടില്ല. കാരണം, സ്ത്രീകൾക്കുമാത്രം നിർവ്വഹിക്കുവാൻ കഴിയുന്ന മാതൃധർമ്മങ്ങൾ, പുരുഷനുവേണ്ടിയും ലോകത്തിനുവേണ്ടിയും അവർ നിർവ്വഹിച്ചുവരുന്നു. അവയെ സ്ത്രീകൾ ഉപേക്ഷിക്കുകയാണെങ്കിൽ എല്ലാ പ്രവൃത്തിപഥങ്ങളിലും സ്ത്രീക്കു് പുരുഷനോടൊപ്പം നിൽക്കുവാൻ സാധിച്ചേക്കാം. പ്രാചീന യവനരുടെ ഇടയിൽ പുരുഷന്മാരെപ്പോലെ യുദ്ധം ചെയ്തിരുന്ന 'അമെസോൺസ്' (Amazon എന്ന പദത്തിന് സ്തനങ്ങൾ മുറിച്ചവർ എന്നാണർത്ഥം) എന്ന ഒരുതരം സ്ത്രീകൾ ഉണ്ടായിരുന്നുവത്രെ. ഇവരെപ്പോലെ സ്ത്രീ, പുരുഷനോടൊപ്പം നില്ക്കാൻവേണ്ടി തന്റെ സ്ത്രീത്വം കളയുന്നതു് ലോകത്തിനാകെ ആപൽക്കരമാണ്. പാശ്ചാത്യരാജ്യങ്ങളിലെ സ്ത്രീകളുടെപോക്ക് ഈ വഴിക്കു തിരിയുന്നുണ്ടെന്നു കാണുന്നതുകൊണ്ടായിരിക്കണം, Lady Emily Lutyans മുതലായ ചില സമുദായനേത്രികൾ സ്ത്രീകളെ സ്വധർമ്മത്തിലേക്കു തിരിച്ചുവിളിക്കുന്നതു്. ആ മഹതി എഴുതീട്ടുള്ള 'Call to Mother' എന്ന പുസ്തകം നോക്കിയാൽ ഈ സംഗതി മനസ്സിലാക്കാം. അതുകൊണ്ട് സ്ത്രീകളും പുരുഷന്മാരും സമാനധർമ്മങ്ങളോ വിപരീതധർമ്മങ്ങളോ അനുഷ്ഠിക്കേണ്ടവരല്ല, അന്യോന്യസഹായകങ്ങളായ വ്യത്യസ്തധർമ്മങ്ങൾ അനുഷ്ഠിക്കേണ്ടവരാണ്. അങ്ങിനെയാണ് സ്ത്രീ, പുരുഷന്റെ "സഹധർമ്മചാരിണിയായതു്." "ഞങ്ങളെപ്പോലെ യുദ്ധം ചെയ്യാനും ചുമടുചുമക്കുവാനും നിങ്ങൾക്കു സാധിക്കുമോ" എന്നു് പുരുഷൻ സ്ത്രീയോടു ചോദിച്ചാൽ, "ഞങ്ങളെപ്പോലെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും നിങ്ങൾക്കു സാധിക്കുമോ" എന്നു് സ്ത്രീകൾക്കു് അങ്ങോട്ടും ചോദിക്കാം. ഈ വിഷയത്തിൽ സ്ത്രീ, സ്ത്രീയായും, പുരുഷൻ പുരുഷനായും വികാസം പ്രാപിക്കയാണ് ശ്രേയസ്കരം. ധാർമ്മികമായ അർദ്ധനാരീശ്വരത്വമാണ് സ്ത്രീ പുരുഷഭാവങ്ങളുടെ പരമലക്ഷ്യം. എന്നുവെച്ചാൽ സ്ത്രീക്കു് സ്വാഭാവികമായുള്ള ഗുണങ്ങൾ പുരുഷനും പുരുഷഗുണങ്ങൾ സ്ത്രീക്കും സ്വായത്തമാവുകതന്നെ. ആ ഘട്ടത്തിലേക്കു പരിണമിക്കുന്നതുവരെ സ്ത്രീകളും പുരുഷന്മാരും അവരുടെ സഹജമായ ധർമ്മങ്ങളെ പ്രധാനമായും അന്തർലീനമായ വാസനകളെ അനുഗുണങ്ങളായും അഭ്യസിച്ചു് അന്യോന്യം സഹായിക്കുകയാണ് വേണ്ടതു്. എന്നാൽ ഇന്നത്തെ ജീവിതത്തിൽ സ്ത്രീ സഹജമായ ആദർശങ്ങൾക്കും അഭിപ്രായങ്ങൾക്കും നിസ്സാരമായ ഒരു സ്ഥാനമേ ലഭിക്കുന്നുള്ളു എന്നു പറയാതെ തരമില്ല. മിക്കവാറും എല്ലാകാര്യങ്ങളിലും സ്ത്രീകളുടെ അഭിപ്രായങ്ങളിൽ പുരുഷനു പാരവശ്യം കാണുവാനും സാധിക്കുന്നതിൽ കവിഞ്ഞു് ഒന്നും ഇതേവരെ വ്യക്തമായി പ്രകാശിപ്പിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. സ്ത്രീകൾ കാര്യം പറയുമ്പോൾ പുരുഷശബ്ദത്തിന്റെ ധ്വനിയാണ് അതിൽക്കൂടി പലപ്പോഴും നാം കേൾക്കുന്നതു്.

സ്ത്രീകൾ സ്വധർമ്മം പ്രധാനമായി അനുഷ്ഠിച്ചു് ജീവിക്കണമെന്നു പറഞ്ഞുവല്ലോ. അതിൽനിന്നു അവർ കുട്ടികളുടെ മാതാക്കളായി ഗൃഹത്തിനുള്ളിൽ ജീവിക്കുകമാത്രം ചെയ്യേണ്ടവരാണെന്നു ധരിക്കരുതു്. ശിശുക്കളുടെ മാതാവായിത്തീരുകയെന്നതു് മാതൃത്വത്തിന്റെ ഏറ്റവും സ്ഥൂലമായ സ്ഫുടീകരണം മാത്രമാണ്. അതു സർവ്വതോമുഖമായ മാതൃഭാവത്തിന്റെ പ്രാരംഭപാഠം മാത്രമായിട്ടേ ഗണിക്കപ്പെടേണ്ടതുള്ളു. മാതൃത്വം എന്ന ദിവ്യധർമ്മം ഗൃഹത്തിനുള്ളിൽമാത്രം കെട്ടിനിറുത്തി അടച്ചുസൂക്ഷിക്കേണ്ട ഒന്നല്ല. അതിന്റെ പാവനവും മൃദുലവും സ്വാർത്ഥരഹിതവുമായ ചൈതന്യം ലോകത്തിലെ സകല വ്യാപാരങ്ങളിലും അനുസ്യൂതമായ പ്രവർത്തിക്കേണ്ടതത്രെ. അതിന്റെ അഭാവമാണ് ലോകത്തിലുള്ള അനേകം അനർത്ഥങ്ങളുടെ ആന്തരമായ കാരണം. ഒരു സമരവിചാരസമിതിയിലെ അംഗമായപുരുഷന്മാർകൂടി കുറെ ഏക്കർ മണ്ണിനുവേണ്ടിയോ ചില കച്ചവടാധികാരങ്ങൾക്കുവേണ്ടിയോ രാഷ്ട്രതന്ത്രഭാഷയിൽ പറയുകയാണെങ്കിൽ, സ്വസംസ്കാരവിതരണത്തിനു അഥവാ അനാഥരക്ഷയ്ക്കു — നാട്ടിലുള്ള ചെറുപ്പക്കാരെല്ലാം മരിയ്ക്കാൻ ഒരുങ്ങണമെന്നു വിളംബരം ചെയ്യുന്നു. അതിന്റെ ഫലമായി ലക്ഷക്കണക്കിനു ജനങ്ങൾ മരിക്കുന്നു. അങ്ങിനെ പുരുഷന്മാർ കുറഞ്ഞുവരുമ്പോൾ, ജനസംഖ്യ വർദ്ധിക്കേണ്ടതിന് ബഹുസന്താനങ്ങളുടെ മാതാക്കളാകുവാൻ സ്ത്രീകളോടു അവർ അപേക്ഷിക്കയും അവരെ പ്രലോഭിപ്പിക്കയും ചെയ്യുന്നു. മാതൃഹൃദയത്തിന്റെ സ്പന്ദനം ഏല്ക്കാത്ത ഭരണനയത്തിന്റെ ഒരു വികൃതഭാവമാണ് ഇതു. എല്ലാരാജ്യത്തിലേയും യുദ്ധസമിതികളിൽ സ്ത്രീകളുടെ അഭിപ്രായത്തിന് മാന്യമായ ഒരു സ്ഥാനം ലഭിക്കുന്നപക്ഷം ഇതുമാതിരി ഭയങ്കരവിപത്തുകൾ ലോകത്തിൽ അസാദ്ധ്യമായിത്തീരും. ഇതുപോലെ വിദ്യാഭ്യാസം, വ്യവസായം, ശാസ്ത്രം മുതലായ എല്ലാവകുപ്പുകളിലും ഒരു മാതൃവീക്ഷണത്തിനു എത്രത്തോളം ഉൽകൃഷ്ടങ്ങളായ മാറ്റങ്ങളെ ഉണ്ടാക്കുവാൻ സാധിക്കുമെന്ന് പരീക്ഷിച്ചുനോക്കേണ്ടതാണ്. ഈ ആദർശത്തിന്റെ വെളിച്ചത്തിലായിരിക്കണം സ്ത്രീകൾ എല്ലാ പ്രവൃത്തിരംഗങ്ങളിലും പ്രവേശിക്കുന്നതും പുരുഷന്മാർ അവരെ സാദരം സ്വീകരിക്കുന്നതും. ഇതു് അവരുടെ ഗൃഹസ്ഥധർമ്മങ്ങളെ ഉപേക്ഷിക്കാതെതന്നെ നിർവ്വഹിക്കത്തക്കവിധത്തിൽ സമുദായജീവിതത്തിൽ വേണ്ടമാറ്റങ്ങൾ വരുത്തേണ്ടതാകുന്നു. സ്ത്രീകൾ മാതൃത്വത്തെ ഉപേക്ഷിക്കണമെന്നല്ല ഞാൻ പറയുന്നതു്.

അമ്പാടി ഇക്കാവമ്മ

* ഏപ്രിൽ ൨൨-൨൩-ന് കാലടി അദ്വൈതാശ്രമത്തിൽ ആഘോഷിക്കപ്പെട്ട ശങ്കരജയന്തി മഹോത്സവത്തിലെ വനിതാസമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗം.

ച്ചുകൂടാ. ആ വിധം പോകുന്ന കലാകാരന്മാർ കലാപോഷകരല്ല, കലാഘാതകന്മാരാണ്. അവരുടെ സംഖ്യ കുറയുന്നതുകൊണ്ടുള്ള സൗഭാഗ്യം മലയാളസാഹിത്യത്തിനു കൈവരട്ടെ എന്നുമാത്രം പ്രാർത്ഥിക്കുന്നു.

—o—

അവരുടെ മാതൃഭാവം ഗൃഹാന്തർഭാഗത്തുമാത്രം പോരാ, അതു് നഗരഭരണത്തിലും രാജ്യഭരണത്തിലും വ്യാപരിക്കയും അവരെ സംസ്കൃതയായി വേണമെന്നാണ്.

സ്ത്രീസഹജമായ മാതൃഭാവം പൊതുക്കാര്യങ്ങളിൽ പ്രദർശിപ്പിക്കുന്നതുകൊണ്ടു ഒരു അബലാപാലബ്ധിയായി പുരുഷന്മാർ തള്ളിക്കളഞ്ഞാലും എന്നു് സ്ത്രീകൾക്കു ഇന്നും ഒരു ഭയമുണ്ടു്. ഈ ഏറ്റവും വലിയ ഭയം നീക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ലോകത്തിലെ പലവിധ കുഴപ്പങ്ങൾക്കു് പരിഹാരം ചെയ്യുവാൻ പുരുഷന്മാർ, അവരുടെ ശക്തിയും ബുദ്ധിയും പ്രയോഗിച്ചിട്ടുണ്ടെങ്കിലും കാലം വളരെ ആയി. എന്നിട്ടും ഇപ്പോഴും ജീവിതം കഴിഞ്ഞതുപോലെ കിടക്കുകയാണു്. അതുകൊണ്ടു് സമാധാനം പഠിപ്പും മനസ്സംസ്കാരവും സിദ്ധിച്ചിട്ടുള്ള സ്ത്രീകൾ അവരുടെ മാതൃശക്തികൊണ്ടു് ഇതിനു വല്ല മോചനമാർഗ്ഗവും കാണുവാൻ കഴിയുമോ എന്നു് പരീക്ഷിക്കേണ്ടതാണു്. ഈ അഭിപ്രായം കേവലം സ്ത്രീകളുടെ ഭ്രമമായതല്ല. സ്ത്രീകൾക്കു ഭരണകാര്യങ്ങളിൽ മററു രാജ്യങ്ങളിലെക്കാൾ കൂടുതലധികാരം സിദ്ധിച്ചിട്ടുള്ള ന്യൂസിലണ്ടിൽ ശിശുമരണങ്ങളുടെ സംഖ്യ കുറഞ്ഞുകാണുന്നതു് വെറും ഒരു ആകസ്മിക സംഭവമായി കരുതിക്കൂടാ. ജനതയുടെ യോഗക്ഷേമവിഷയങ്ങളിൽ സ്ത്രീകൾ സംഘമായി പ്രവർത്തിച്ചു തുടങ്ങിയാൽ പുരുഷന്മാർക്കു ഇതേവരെ കാണുവാൻ കഴിയാത്ത ഉപായങ്ങൾ അവർക്കു സാധിച്ചേക്കും. നാഡികൾ ക്ഷീണിച്ചു ഉറക്കമില്ലാതെ വലയുന്ന ഒരു കുട്ടിയെ ഉറക്കുവാൻ അപ്പനായ ഡോക്ടർ കല്പിച്ചതു മരുന്നു കൊടുക്കുമ്പോൾ ഉപദേശിക്കുന്ന അമ്മ, കണ്ണടച്ചു ഒരു ഉറക്കുപാട്ടു കൊണ്ടു സാധിക്കുന്നു. പണ്ടത്തെ എഴുത്തുപള്ളിയിൽ എഴുത്താശാന്മാർ അടിച്ചു പഠിപ്പിച്ചിരുന്ന എല്ലാ വിഷയങ്ങളും കളിയിൽ പഠിപ്പിക്കുവാൻ (Madame Montessori) മാഡമെ മണ്ടിസോറിക്കു് സാധിച്ചിട്ടുണ്ടു്. നിയമലംഘനംചെയ്യുന്ന വക്രബുദ്ധികളെ നിലയ്ക്കു നിറുത്തുവാൻ ജയിലുകൾ വർദ്ധിപ്പിക്കുക എന്നുള്ള ഇന്നത്തെ നിയമത്തിന്റെ സ്ഥാനത്തു ആശയസംസ്കാരം വർദ്ധിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയായിരിക്കും ഒരു മാതൃമനസ്സിന്റെ നയം. രാഷ്ട്രങ്ങൾ തമ്മിലുള്ള അവകാശവാദം തീരുമാനിക്കുന്നതിന്നു് സ്ത്രീകൾക്കു പൂർണ്ണാധികാരമുണ്ടെങ്കിൽ, അവർ ലാളിച്ചു സ്നേഹിച്ചു് വളർത്തിയ യുവാക്കളുടെ ചുടുരക്തംകൊണ്ടു സന്ധി ഒപ്പിടണം എന്ന ഇന്നത്തെ ഏർപ്പാടു, അവർ തീർച്ചയായും സമ്മതിക്കുന്നതല്ല. ഈ മാതിരിയുള്ള ആദർശങ്ങളെ മുൻനിറുത്തിക്കൊണ്ടായിരിക്കണം സ്ത്രീകൾ പൊതുകാര്യങ്ങളിൽ ഏർപ്പെട്ടു സഹകരിക്കേണ്ടതു്. അല്ലാതെ പുരുഷന്മാരെ അനുകരിക്കുന്നതിനോ അവരോടു പോരാടുന്നതിനോ ആയിരിക്കരുതു് എന്നു് ഒന്നുകൂടി വ്യക്തമാക്കിക്കൊള്ളുന്നു.

ഭാരത സംസ്കാരത്തിന്റെ മൗലികതത്വങ്ങൾ വെച്ചുനോക്കുമ്പോൾ സ്ത്രീകൾക്കു് ജീവിതത്തിന്റെ സർവ്വരംഗങ്ങളിലും സ്ഥാനം അവകാശപ്പെടാവുന്നതാണ്. വേദകാലത്തു് പെൺകുട്ടികൾ ആൺകുട്ടികളോടൊപ്പം 'വേദാധ്യയനം ചെയ്തിരുന്നു'വെന്നു് വേദപണ്ഡിതന്മാർ പറയുന്നു. ഈശ്വരനെ മാതൃഭാവത്തിൽ ത്രിമൂർത്തികളോടൊപ്പം, അഥവാ, അതിൽ കൂടുതലും പ്രാധാന്യം കല്പിച്ചു്, ഭജിക്കുന്ന ഒരു രാജ്യം നമ്മുടെ ഭാരതഭൂമി മാത്രമാണ്. ഇതു് ഹൈന്ദവസംസ്കാരത്തിന്റെ ഒരു പ്രത്യേകതതന്നെയാണെന്നു പറയാം. ദേവിക്കു് സൃഷ്ടിസ്ഥിതി സംഹാരകർത്തൃത്വമുണ്ടു്. അങ്ങിനെ മാതൃഭാവത്തിലുള്ള ഭജനം എത്രയും ഉചിതവുമാണ്. ഈശ്വരന്റെ ക്രിയാവിശേഷങ്ങളിൽ ആദ്യത്തെ രണ്ടും, അതായതു് സൃഷ്ടിയും സംരക്ഷണവും സ്ത്രീസ്വഭാവത്തിനു് യോജിച്ചതാണെന്ന വിഷയത്തിൽ ആർക്കും ഭിന്നാഭിപ്രായമുണ്ടാകയില്ല. ഇനി സംഹാരകർത്രി എന്ന നിലയിൽ പ്രവർത്തിക്കുവാൻ സ്ത്രീക്കു് എത്രമാത്രം അർഹതയുണ്ടെന്നുള്ള സംഗതിയെപ്പററി മാത്രമെ ആലോചിക്കേണ്ടതുള്ളു. ഒരു മാതാവിന്നു് കാരണങ്ങൾക്കു് വിധി കല്പിക്കാനും ദണ്ഡനീതി നടത്താനും അധികാരം കിട്ടുന്ന പക്ഷം, ആ കൃത്യനിർവ്വഹണത്തിൽ സ്വാഭാവികമായി ഉണ്ടാകാവുന്ന കാഠിന്യത്തിന്റെ സ്ഥാനത്തു്, പരിപൂർണ്ണമായ കാരുണ്യം ഉണ്ടാകാനെ തരമുള്ളു. വാത്സല്യപൂർവ്വം ചെയ്യുന്ന ഏതു പ്രവൃത്തിക്കും, ശാരീരികമായ വേദന അനുഭവിക്കുന്നോടത്തുതന്നെയും മാനസികമായ വേദനയോ വൈരമോ വളരെ കുറയുന്നതാണ്; അതു് അല്പകാലംകൊണ്ടു് മാഞ്ഞുപോകുന്നതുമാണ്. അതുകൊണ്ടു് ആദ്ധ്യാത്മികമായ ഒരു പശ്ചാത്തലത്തിൽനിന്നു് നോക്കുമ്പോഴും ലൗകികമായ ഉൽക്കർഷത്തെ ഉദ്ദേശിക്കുന്ന എല്ലാ രംഗങ്ങളിലും മാതാക്കന്മാർ ഒരു പ്രധാന ചുമതല ഏല്ക്കേണ്ടതാണെന്നു പറയുന്നതിൽ അസാംഗത്യമില്ല. കേരളത്തിലെ സമുദായത്തിലും ഗൃഹത്തിലും സ്ത്രീകൾക്കു് പ്രാചീനകാലം മുതൽക്കുതന്നെ കിട്ടിയിട്ടുള്ള അധികാരശക്തിയും ഭരണസ്വാതന്ത്ര്യവും സാമാന്യമായ സുഖസമാധാനങ്ങൾക്കു് ഒട്ടുവളരെ സഹായിച്ചിട്ടുണ്ടു്. അങ്ങിനെ സ്ത്രീകൾ എടുത്തിട്ടുള്ളതോ അവർക്കു കൊടുത്തിട്ടുള്ളതോ ആയ സാമ്പത്തികവും സാമുദായികവുമായ സ്വാതന്ത്ര്യം അസ്ഥാനത്തായിട്ടില്ലെന്നു് കേരളചരിത്രം വെളിവാക്കുന്നുണ്ടു്. അതുകൊണ്ടു മുമ്പു് പറഞ്ഞ ആദർശം പ്രായോഗികമാക്കുന്നവിഷയത്തിൽ ഭാരതത്തിലെ സ്ത്രീജനങ്ങളെ നയിക്കുവാൻ കേരളീയ വനിതകൾക്കു് സാധിക്കുന്നതാണ്. നമ്മുടെ ഇപ്പോഴത്തെ ചുമതലകൾ വിടാതെ അവരവർക്കുള്ള ധർമ്മപരിധികളിൽ ഇരുന്നുകൊണ്ടുതന്നെ അതു് ഒട്ടൊക്കെ നിർവ്വഹിക്കാവുന്നതുമാണ്. അതിൽ നമുക്കു് നമ്മുടെ നേതാക്കന്മാരുടേയും സഹോദരന്മാരുടേയും ആനുകൂല്യം ഉണ്ടാകുമെന്നു് പൂർണ്ണമായി വിശ്വസിക്കാം.

—o—

# * അഹിംസയുടെ ചരിത്രപരമായ പശ്ചാത്തലം

എൻ. എം. ചൗധരി എം. എ.

കാലങ്ങളിമറിഞ്ഞ ലോകത്തിന്നു് ശാന്തിയരുളാൻ വന്നവരിൽ, മൂന്നു വിശ്വവ്യക്തികളുടെ ചിത്രം ചിന്തയിൽ ഉയർന്നുവരുന്നു. അവരിൽ ഓരോരുത്തരും ഓരോവിധത്തിലാണു് തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി യത്നിച്ചിട്ടുള്ളതു്. അവരുടെ പ്രാരംഭത്തിന്റെ പശ്ചാത്തലങ്ങൾ വിഭിന്നങ്ങളായിരുന്നു. പരിതഃസ്ഥിതികളും വിഭിന്നങ്ങൾ. എന്നാൽ ഒന്നിൽ അവരെല്ലാം ഒന്നായിരുന്നു. കാമക്രോധാദികൾകൊണ്ടു കലങ്ങിയതും അന്ധവിശ്വാസത്തിൽ മുങ്ങിയതും ആയിരുന്നതാൽ അന്ധവുമായ ലോകത്തിൽ അവരുടെ പരീക്ഷണത്തിനായി വ്യക്തിയെയാണവർ തെരഞ്ഞെടുത്തതു്.

ഗൗതമബുദ്ധനും, ക്രിസ്തുവും, ഗാന്ധിയും ലോകത്തെ കരകയറുവാനായി വ്യക്തിയുടെ സംസ്കരണമാണാരംഭിച്ചതു്. ഛിന്നഭിന്നമായികിടന്ന മനുഷ്യത്വത്തിന്റെ പുനരുദ്ധാരണത്തിന്നാണവരധികം ശ്രമിച്ചിരുന്നതു്. അവരുടെ ഭാഷ ഭിന്നമെങ്കിലും മാർഗ്ഗം ഏറെക്കുറെ ഒന്നുതന്നെയായിരുന്നു. രാഷ്ട്രീയവും സാമുദായികവും ആയ ബന്ധത്തിന്റെ ദൗർബല്യത്തിന്നായി മനുഷ്യന്റെ പ്രവൃത്തികളുടെ അടിത്തറതന്നെ ഭൃതിയാക്കാൻ അവർ യത്നിച്ചു.

ഈ ജഗൽഗുരുക്കന്മാരുടെ പ്രവൃത്തിപദ്ധതിയെപ്പററിയും അതിന്റെ ഫലത്തെക്കുറിച്ചുമുള്ള ഒരു താരതമ്യപഠനത്തിനല്ല നാമിപ്പോൾ മുതിരുന്നതു്. അഹിംസയിൽ അടിയുറച്ച ആചാരങ്ങളെപ്പററിയും മഹാത്മാഗാന്ധി പ്രചരിപ്പിച്ചുപോന്ന അഹിംസയെപ്പററിയുമുള്ള ഒരു ചരിത്രപരമായ അന്വേഷണത്തിന്നാണു് ഇവിടെ ഉദ്യമിക്കുന്നതു്.

അക്രമരാഹിത്യം അതായതു് അഹിംസയുടെ ചരിത്രം ആരാഞ്ഞുപോകുമ്പോൾ നാം ഇന്ത്യൻസാഹിത്യത്തിന്റെ ആദിമകാലത്തേയ്ക്കു് പോകേണ്ടതായിവരുന്നു. അപ്പോൾ കാണാം അഹിംസ ഭാരതസംസ്കാരത്തിന്റെ മായാത്ത മുദ്രകൾ ചില തത്വങ്ങളിലൊന്നാണെന്നു്. ഇതു് ഒന്നുകൂടി വിശദമാക്കാം. അഹിംസ സ്ഥായിയായതും മാററത്തിനും ആയ ഒരു ഗുണമെന്നുപറയുന്നതുകൊണ്ടു ഭാരതത്തിൽ അക്രമത്തെ എതിർത്തിരുന്ന ഒരു വിഭാഗം ജനങ്ങൾ എന്നും ഉണ്ടായിരുന്നുവെന്നു മാത്രമല്ല അർത്ഥമാക്കേണ്ടതു്. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും അക്രമത്തെ സ്വാതന്ത്ര്യം നിഷേധിക്കുന്ന ചിലർ എല്ലാക്കാലത്തുമുണ്ടായിട്ടുണ്ടു്. ഇന്ത്യയിൽ ആദിമകാലംമുതൽക്കേ മൃഗീയബലത്തെ എതിർത്തുകൊണ്ടിരുന്ന ഒരു വിഭാഗക്കാരുണ്ടായിരുന്നു. പ്രത്യേകസമ്പ്രദായങ്ങളിൽപ്പെട്ടവർക്കു് അഹിംസയെന്നാൽ പശുബലിചെയ്യാതിരിക്കൽ എന്നർത്ഥം കല്പിച്ചിരുന്നു. ശാക്തന്മാർ പശുബലി അനുവദിക്കുന്നു. വൈഷ്ണവന്മാർ വെറുക്കുന്നു. ബലി വിധിക്കുകയോ നിഷേധിക്കയോ ചെയ്യുന്നതു സമ്പ്രദായങ്ങളുടെ അനുയായികളുടെ അഭിരുചിയെ ആശ്രയിച്ചിരിക്കും. എന്നാൽ അന്നുമിന്നും അഹിംസയെന്നാൽ 'പശുബലി നിരോധം' എന്നു മാത്രമല്ല അർത്ഥമുള്ളതു്. ഭാരതസാഹിത്യത്തിൽ ആദ്ധ്യാത്മികവും സാമാന്യ്ഗികവുമായ ശക്തിക്കു കാര്യബലത്തെക്കാൾ ഏറിയ ഒരു സ്ഥാനമാണു് കല്പിക്കപ്പെട്ടിരിക്കുന്നതു്. വൈദികവ്യക്തികളായ വസിഷ്ഠവിശ്വാമിത്രന്മാരുടെ വൈരകഥതന്നെ ഇതിനുതക്ക ദൃഷ്ടാന്തമാണു്. സ്വന്തവും സാമുദായികവുമായ പ്രശ്നങ്ങളെ ശാന്തമായും വിശ്വാസപൂർവ്വമായും നേരിടുക, ആത്മശക്തിയിൽ വിശ്വസിക്കുകയെന്നതാണു് അഹിംസയുടെ വ്യാപകമായ അർത്ഥം. അഹിംസയുടെ അതിവ്യാപകമായ അർത്ഥത്തെയാണു് മഹാത്മജി പ്രചരിപ്പിച്ചിരുന്നതു്. മനസാ, വാചാ, കർമ്മണാ, ഹിംസ ത്യജിക്കണമെന്നാണദ്ദേഹം നിർബന്ധിച്ചു. ഇതിന്റെ സൃഷ്ടിപരമായ വശം സൗവിശാലമാണു്. ശത്രുവിനെ സ്നേഹംകൊണ്ടു വശത്താക്കാൻ അദ്ദേഹം ഉപദേശിച്ചു.

മഹാത്മജിക്കു വളരെമുമ്പു സിദ്ധാർത്ഥകുമാരൻ സർവ്വജീവജാലങ്ങളോടും അഹിംസയും മൈത്രിയും ഉപദേശിച്ചിരുന്നു. സന്തപ്തരായ ജനങ്ങൾക്കു ശാന്തിയരുളാനും അവരുടെ ശോകം നശിപ്പിക്കുവാനുമാണു് സിദ്ധാർത്ഥൻ സന്യസിച്ചതു്. അദ്ദേഹം ഉദ്ദേശസിദ്ധിയെപ്പററിയുള്ള ബോധോദയംകൊണ്ടു് ബുദ്ധനായി. മറന്നുകിടന്ന പഴയമാർഗ്ഗംതന്നെയാണു് അദ്ദേഹം ഉപദേശിച്ചതു്. അന്നത്തെ യാഥാസ്ഥിതികരുടെ കർമ്മകാണ്ഡത്തിനും ജാതിവ്യത്യാസത്തിനും എതിരായുള്ള ബുദ്ധമതം വൈദികധർമ്മത്തോടുള്ള ഒരു എതിർപ്പായി കരുതപ്പെട്ടു പണ്ഡിതന്മാരുടെ ഇടയിൽ ഇതേപ്പററി വാദം നിലവിലുണ്ടെങ്കിലും അതു് അത്ര ശരിയല്ല. ബുദ്ധമതത്തിന്റെ താത്വികമായ അന്വേഷണങ്ങളിലേക്കു് നാമിപ്പോൾ കടക്കുന്നില്ല. അഹിംസയെപ്പററിയുള്ള അതിന്റെ നിലയെ സംബന്ധിച്ചിടത്തോളം അതു തീർച്ചയായും വേദത്തിനെതിരല്ലതന്നെ.

ബുദ്ധനു മുമ്പുതന്നെ ജൈനമതസ്ഥാപകനായ മഹാവീരൻ വൈദികകർമ്മകാണ്ഡത്തിന്നും ബ്രാഹ്മണമേധാവിത്വത്തിന്നും എതിരായി പ്രവർത്തിച്ചിരുന്നു. അദ്ദേഹവും അഹിംസയാണു് മൗലികമായി സ്വീകരിച്ചിരുന്നതു്.

ബുദ്ധജൈനമതങ്ങൾ യാഥാസ്ഥിതികബ്രാഹ്മണമതത്തിൽനിന്നു വിട്ടുനില്ക്കയാൽ യാഥാസ്ഥിതികരുടെ ഇടയിൽതന്നെ പഴയ ചില ആചാരങ്ങളെ മാററാനുള്ള ശ്രമങ്ങളുണ്ടായി. മഹാഭാരതത്തിൽനിന്നും ഈ സംഗതി ഗ്രഹിക്കാം. "വസുഉപരിചരൻ" എന്നൊരു രാജകുമാരന്റെ കഥ ഭാരതത്തിലുണ്ടു്. പശുഹിംസകൂടാതെ എങ്ങിനെ വേദോക്തയാഗയജ്ഞങ്ങൾ നിർവ്വഹിക്കാമെന്നു് അദ്ദേഹം ഋഷികളോടന്വേഷിച്ചു. അദ്ദേഹം അഹിംസകമായ യജ്ഞത്തെയാണു് സ്വീകരിച്ചിരുന്നതു്. ഈ കഥയെഴുതിയതു് ബുദ്ധമതം പ്രചാരത്തിൽ വന്നതിനുശേഷമാണെന്നും 'ഉപരിചരൻ' ബൗദ്ധസിദ്ധാന്തങ്ങളനുസരിച്ചിരുന്നുവെന്നും ചിലർ വാദിക്കുന്നു. ഇതു ശരിയല്ല. 'ഉപരിചരവസു'വിന്റെ കഥ കാണിക്കുന്നതു് ഒരു വൈദികദേവതയായ നാരായണന്റെ അഹിംസകമായ ആരാധനയാണു്. ഇതിൽനിന്നാണു് അഹിംസാത്മകവും പ്രേമപൂർണ്ണവുമായ വൈഷ്ണവസമ്പ്രദായം ഉടലെടുത്തതു്. ഈ സമ്പ്രദായം പഴയതിന്റേയും പുതിയതിന്റേയും ഒരു സംയോജനമാണു്. ബുദ്ധമതത്തെപ്പോലെ ഇതും കാലക്രമത്തിൽ ജാതിവ്യത്യാസമില്ലാത്ത ഒരു ജനകീയസമ്പ്രദായമായിത്തീർന്നു. ബുദ്ധമതം വേദബാഹ്യമായതുകൊണ്ടു് ഇതു് വേദപരിധിക്കുള്ളിലും. ഇതിലെ അഹിംസ—ഭക്തി— സമത്വം മുതലായവ സാമാന്യജനങ്ങളെ ആകർഷിച്ചു. കൂടാതെ അവർണ്ണഹിന്ദുക്കളെ കൂട്ടംകൂട്ടമായി മതംമാററിക്കൊണ്ടിരുന്ന മഹമ്മദ് മതത്തിന്നു് ഇതൊരു തടയായും തീർന്നു. മദ്ധ്യശതകങ്ങളിൽ അഹിംസയും സാർവ്വത്രികമൈത്രിയും സാഹോദര്യവും പ്രചരിപ്പിക്കുകയും ആചരിക്കുകയും ചെയ്തിരുന്ന അനേകം ഭക്താഗ്രണികളും ഉണ്ടായിരുന്നു. അവരിൽ പ്രഥമസ്ഥാനം ശ്രീചൈതന്യനാണു്.

ബുദ്ധമതം പ്രചരിപ്പിച്ച അഹിംസ വൈദികധർമ്മത്തിൽ അടിയുറച്ചതാണെന്നു പുരാതനസാഹിത്യങ്ങൾ ആരായുമ്പോൾ അറിയാറാകും. വേദങ്ങൾ, പ്രത്യേകിച്ചു ഋഗ്വേദം അപരിഷ്കൃതരായ ഒരുകൂട്ടം നാടോടികളുടെ ജീവിതരീതിയെയാണു വിവരിക്കുന്നതെന്നു ചില പണ്ഡിതന്മാർ വാദിക്കുന്നുണ്ടു്. ഇതു ശരിയല്ലെന്നു മനസ്സിലാക്കേണ്ടതുണ്ടു്. ഇതൊട്ടുംതന്നെ ശരിയല്ല. ഋഗ്വേദത്തിലെ സൂക്തികൾ രചിച്ച ആളുകൾ കരിച്ചുഇറച്ചികഴിച്ചും സോമമധു കുടിച്ചും തമ്മിൽ തല്ലുകൊണ്ടിരുന്ന ഒരുകൂട്ടം കാടന്മാരായിരുന്നില്ല. അവരിൽ ലോകത്തെ ചൈതന്യസ്വരൂപമായിക്കണ്ടിരുന്ന തത്വദർശികളും, ഈശ്വരാസ്തിക്യത്തിൽപ്പോലും വിശ്വാസമില്ലാതെ ഭക്തരായ ആളുകളേയും ആരാധകന്മാരേയും പരിഹസിച്ചിരുന്ന നാസ്തികന്മാരും, എല്ലാവരേയും സ്നേഹശൃംഖലയാൽ ബന്ധിക്കുന്ന അഹിംസയിൽ വിശ്വസിച്ചിരുന്ന സൂക്ഷ്മദൃക്കുകളും ഉണ്ടായിരുന്നു.

മിത്രൻ, വരുണൻ, അദിതി എന്നീ മൂന്നു വൈദികദേവതകളെ സംബോധിച്ചാണു് അഹിംസാതത്വം മുഖ്യമായി പ്രതിപാദിക്കപ്പെട്ടുകാണുന്നതു്. അതിൽ അദിതിക്കാണു് അഹിംസയുമായി അധികമടുപ്പം. അദിതി ദ്വേഷം കൂടാതെ വിത്തം ദാനംചെയ്യുന്നു. അവൾ ഹിംസകരായ ആളുകളുടെ വലയിൽനിന്നും ജനങ്ങളെ വിടുർത്തുന്നു. അവൾക്കു ശത്രുക്കളില്ല. ഹിംസയില്ലാത്തവ്രതങ്ങൾക്കെല്ലാം അവൾ അധിദേവതയായി സ്ഥിതിചെയ്യുന്നു.

"ഉദസ്വാരാജ അദിതിരദബ്ധസ്യവ്രതസ്യയേ മഹോരാജാന ഈശതേ" (Rig: VII 66. 6)

അദിതി ഹിംസകൂടാത്ത വ്രതങ്ങൾക്കു അധിപയാണെന്നപ്രസ്താവം വളരെ പ്രാധാന്യമുള്ളതാണു്. ഈ അദിതിയാണു് വൈദികദേവതകളായ ഇന്ദ്രൻ, വരുണൻ, മിത്രൻ, അര്യമാവു്, ആദിത്യന്മാർ എന്നിവരുടെ മാതാവെന്നോർക്കുമ്പോൾ അവരുടെ പ്രാധാന്യം മനസ്സിലാകും. ദേവമാതാവായ അദിതിയെ പലപ്പോഴും സ്തുതിച്ചുകാണുന്നുണ്ടു്. വൈദികദേവതകളിൽ പ്രഥമസ്ഥാനം അദിതിക്കാണു്. കർമ്മപ്രധാനമായ വേദധർമ്മത്തിൽ സോമഹോമവും പശുഹിംസയും വളരെ പ്രധാനമായിരുന്നുവെന്നും ഓർക്കേണ്ടതുണ്ടു്. വ്രതമെന്നതിന്റെ വ്യാപ്തിയും മനസ്സിലാക്കണം. വ്രതപദത്തിന്‍ കർമ്മമെന്നർത്ഥമുണ്ടെങ്കിലും 'ജീവിതരീതി' എന്ന അർത്ഥത്തിലാണു വേദത്തിൽ അധികഭാഗത്തും പ്രയോഗിച്ചിട്ടുള്ളതു്. വേദസ്തോത്രകാരൻ ആര്യവ്രതത്തെ പ്രശംസിക്കുന്നു. അന്യമതക്കാരെ—മററുവിധം ജീവിക്കുന്നവരെ—അനാര്യരെ അനാദരിക്കയും ചെയ്യുന്നു. അന്യവ്രതക്കാരെ അവ്രതന്മാർ—അതായതു് നിശ്ചിതജീവിതരീതിയില്ലാത്തവർ എന്നും പറയുന്നു. അഹിംസയുടെ അധിഷ്ഠാത്രിയായ അദിതിയെ എത്ര ഉച്ചനിലയിലാണു സ്തോത്രകാരൻ കരുതുന്നതെന്നു് ഒരു സ്തോത്രത്തിൽനിന്നുതന്നെ കാണാം. "അദിതിയാണു് ആകാശം. അമ്മയും അച്ഛനും മകനും അദിതിതന്നെ. സർവ്വദേവതകളും അദിതിതന്നെ. അഞ്ചുവർഗ്ഗക്കാരും അദിതിതന്നെ. കഴിഞ്ഞതും വരാനിരിക്കുന്നതുമെല്ലാം അദിതി."

(Rig: 1. 89-10)

"അദിതിർദ്യൗരദിതിരന്തരീക്ഷ-
മദിതിർമാതാ സ പിതാ സ പുത്രഃ
വിശ്വേദേവാ അദിതിഃ പഞ്ച ജനാ അദിതി
ർജാതമദിതിർജനിത്വം" (Rig: 1,89-10)

അഹിംസാദേവതയായ അദിതിയെ സർവ്വതിന്റേയും ആദികാരണമെന്നും പറയുന്നു. ഞാൻ സകലത്തിലും നിവസിക്കുന്നു. പ്രാണങ്ങളുടെ മൂർത്തിയാണവൾ.

* പരിഭാഷകൻ, സ്വാമി സിദ്ധിനാഥാനന്ദ. (മാഡേൺ റിവ്യൂവിൽനിന്നു്)


## ആവശ്യമുണ്ട്

പുതിയ ഡിസൈനിലുള്ള യു. എസ്. ഏ. ഫൌണ്ടൻപേനകളുടെ വില്പനയ്ക്കായി കമ്മീഷൻ വ്യവസ്ഥയിലോ, 300 രൂപ മുതൽ 700 രൂപ വരെയുള്ള ശമ്പളവ്യവസ്ഥയിലോ ഏജൻറന്മാരെ ആവശ്യമുണ്ടു്. സാമ്പിളിനും സൗജന്യ ഏജൻസിവ്യവസ്ഥകൾക്കും എഴുതുക. എഴുത്തുകുത്തു ഇംഗ്ലീഷിൽമാത്രം.

Imperial Trading Co. (M. R. Q.)
Saader Bazaar, DELHI.








## ലേഖനമാല

ഗ്രന്ഥകർത്താ, സാഹിത്യകുശലൻ, ടി. കെ. കൃഷ്ണമേനോൻ.

അത്യന്തം ഗഹനങ്ങളായ അൻപതിൽപരം വിഷയങ്ങളെ അധികരിച്ചു് രചിച്ചിട്ടുള്ള ലേഖനപരമ്പരകളുടെ ഒരു സമ്പൂർണ്ണസമാഹാരം!

വില ൨ രൂ. ൮ ണ.

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം.



ഇടത്തു മുകളിൽ—ഉച്ചത്തിൽ സ്തോത്രങ്ങൾ പാടിക്കൊണ്ട് വിഭ്രാന്തികളായ സാധുക്കൾ ഹരിദ്വാരമേളയിൽ പങ്കെടുക്കുവാൻ നീങ്ങുന്നു. അമൃതം തളിച്ച സ്ഥലമാണ് ഹരിദ്വാരം. ഇവിടത്തെ ഗംഗാതീർത്ഥം അതിന്റെ കീഴോട്ടുള്ള ഗതിയിൽ മറ്റൊവിടത്തേക്കാൾ പരിശുദ്ധവും അച്ഛസ്ഫടികവുമായിരിക്കുന്നു.

താഴെ—ആത്മപീഡനം: കൂർത്തുനില്ക്കുന്ന ആണികളുടെമേൽ ഇരിക്കുന്ന ഒരു സാധു അനേകംപേരെ ആകർഷിക്കുന്നു. സന്ദർശകർ ആ സാധുവിന്നു മധുരപദാർത്ഥങ്ങളും കായ്കനികളും പണവും നൽകുന്നു. ഭസ്മം കൊണ്ടു ശരീരമാസകലം പൂശി, കഴുത്തിൽ തുളസിമാലയുമായി നില്ക്കുന്ന ഒരു സാധു. ലൗകികധനസമ്പത്തുകളിലൊന്നും ഇച്ഛയില്ലാത്ത മറ്റൊരു സാധു മരത്തലിന്റെ മീതെയിരുന്നു രാമായണപാരായണം നടത്തുന്നു.



# *ഹരിദ്വാരമേള

## ലോകത്തിലെ ഏറ്റവും വലിയ സ്നാനോത്സവം

മേക്കുന്നത്ത് കുഞ്ഞികൃഷ്ണൻനായർ

ഡെൽഹിയിൽനിന്നുള്ള ഞങ്ങളുടെ വണ്ടി അതിരാവിലെയോടുകൂടി ശബ്ദമുഖരിതമായ ഹരിദ്വാർ സ്റ്റേഷനിൽ എത്തി. വണ്ടിയിറങ്ങിയപ്പോൾ കണ്ടത് ഒരു ജനപ്രവാഹത്തെത്തന്നെയായിരുന്നു. പക്ഷേ, ജനസംഘങ്ങളെ നിയന്ത്രിക്കാൻ സുശിക്ഷിതമായ ഒരു സംഘടന അവിടെ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഞങ്ങൾക്കു വേഗത്തിൽ അതു ബോദ്ധ്യപ്പെട്ടു. യാത്രക്കാർക്ക് മര്യാദയോടെ നിർദ്ദേശങ്ങൾ നൽകുവാനും കാലതാമസം കൂടാതെ കാര്യങ്ങൾ നടത്തുവാനുമായി വേണ്ടപ്പെട്ട എല്ലാസ്ഥാനങ്ങളിലും സേവാസംഘാംഗങ്ങളും ഉദ്യോഗസ്ഥന്മാരും സന്നദ്ധരായി നിന്നിരുന്നു. കോളറാ ഇനാക്കുലേഷൻ സർട്ടിഫിക്കറ്റുകൾ കാണിച്ചവർക്കുമാത്രമേ സ്റ്റേഷന്നപ്പുറത്തുള്ള മേളാസ്ഥലത്ത് പ്രവേശനം അനുവദിച്ചിരുന്നുള്ളു.

പ്രകൃത്യാ മനോഹരമായ ഒരു ഭൂഭാഗമാണ് ഹരിദ്വാരം. വടക്കുഭാഗത്ത് ഹിമാലയശിഖരങ്ങൾ ഉയർന്നുനില്ക്കുന്ന കാഴ്ച അത്യന്തം കൗതുകാവഹമാണ്. കനകം പൊട്ടിയൊലിച്ചു പാറകളും, നീരൊഴുക്കുകളും, ശ്യാമളവനങ്ങളും, തലയിൽതന്നെ സഞ്ചരിക്കുന്ന നീലമേഘങ്ങളും ഒത്തുചേർന്നു, നീണ്ടുനിവർന്നു അക്ഷോഭ്യനായി കിടക്കുന്ന ആ നഗരത്തിന്റെ ദർശനം എത്രയെത്ര പൌരാണികകഥകളെ ഹൃദയത്തിൽ ഉദ്ദീപിപ്പിക്കുന്നു! ഗംഗാനദി സുമംഗലിയായി വലംവെക്കുന്ന ആര്യാവർത്തത്തിൽ ഉദയംകൊള്ളുകയും പരിപോഷിക്കപ്പെടുകയുംചെയ്ത ആര്യസംസ്കാരം ഊർന്നുവന്നതു് ആ പർവ്വതോത്തമന്റെ മസ്തകത്തിൽനിന്നാണ്! കവികളും ചിന്തകന്മാരും ആ ലോകോത്തരതയെ എത്രമാത്രം കീർത്തിച്ചിട്ടില്ല!

ഹരിദ്വാരത്തിലെ വീഥികൾ മിക്കവയും വീതികുറഞ്ഞവയാണ്. ഈ വീഥികളിൽക്കൂടി കാവലാളികളുടെ നിർദ്ദേശങ്ങളെ ആദരിച്ചു രണ്ടുവരികളായി മുൻപോട്ടും പിൻപോട്ടും ജനനിവഹങ്ങൾ അങ്ങനെ നീങ്ങിക്കൊണ്ടിരുന്നു. എത്ര വിചിത്രമായ വേഷവിധാനങ്ങൾ! ചേലാഞ്ചലംകൊണ്ടു തലമൂടി, കാല്പാകങ്ങളും പിന്നുമകളുംധരിച്ച സ്ത്രീകൾ; പാളത്താറും ഷർട്ടും വടിയും വടിമേൽ ഭാണ്ഡങ്ങളുമായിപ്പോകുന്ന പുരുഷന്മാർ! സ്ത്രീജനങ്ങൾ അണിഞ്ഞ ശബളാഭമായ അലങ്കാരങ്ങൾ കൌതുകകരമായിരുന്നു. ചിലർ വട്ടമൂക്കുത്തിയും തോട്ടും; ചിലക്കു കാൽവിരലുകളിൽ നിറയെ വെള്ളിമോതിരങ്ങൾ; കാലിന്മേൽ ഏതാണ്ട് മുട്ടുവരെയുള്ള വളകൾ; മയിലാഞ്ചിപിടിപ്പിച്ച നഖങ്ങൾ; ചേലമേൽ നിറയെ സ്വർണ്ണപ്പുള്ളികൾ; ഓരോ കയ്യിൽ മാത്രമുള്ള വളകൾ; ദേഹാഭരണങ്ങളും—ഇങ്ങനെ വേഷവൈചിത്ര്യങ്ങളുള്ള സ്ത്രീകൾ കുടുംബസമേതം മേളയ്ക്കു പുറപ്പെട്ടിരിക്കയാണ്. വഴിനീളെ അവിടവിടെയായി മഠങ്ങളിലും ആരാധനാലയങ്ങളിലും ഹിന്ദുക്കളുടെ [illegible]. വിവിധവർണ്ണങ്ങളിലുള്ള രൂപചിഹ്നങ്ങൾ— ഇവ അധികവും ദേവന്മാരുടെയോ ദേവിമാരുടെയോ പൌരാണികകഥാഭാഗങ്ങളുടെയോ ആയിരുന്നു. ഭിത്തികളിൽ എഴുതപ്പെട്ടിരുന്നു. ചെറുതും വലുതുമായി അങ്ങിങ്ങു കാണപ്പെട്ട ആരാധനാലയങ്ങളിൽനിന്ന് ഭജനകീർത്തനങ്ങളും ഘണ്ടാനാദങ്ങളും മുഴങ്ങിക്കേട്ടു. അതിനിടയിൽ പുതുതായെത്തിച്ചേർന്ന സന്ന്യാസിപ്രമാണികളെ ശിഷ്യന്മാരും ആരാധകന്മാരും ആദരപൂർവ്വം അഭിവന്ദ്യംചെയ്തു വാദ്യഘോഷത്തോടെ അവരവരുടെ 'അക്കാട'കളിലേയ്ക്കു ആനയിച്ചുകൊണ്ടിരുന്നു. സന്ന്യാസിമാരെ എങ്ങും കാണാമായിരുന്നു. വാസ്തവത്തിൽ ഹരിദ്വാരം കാവിവസ്ത്രത്തിന്റെ ആധിപത്യമുള്ള ഒരു സ്ഥലമാണ്—സാധുക്കളുടെ ഒരു സാമ്രാജ്യം! അവിടെ സന്ന്യാസിമാരുടെ സേവനത്തിൽ അവരും ശ്രദ്ധാലുക്കളാണ്. ഭാരതത്തിന്റെ നാനാഭാഗങ്ങളിൽനിന്നും, മേളയിൽ പങ്കുകൊള്ളുന്നതിനുവേണ്ടി പതിനാലുലക്ഷം സന്ന്യാസികളോളം എത്തിച്ചേർന്നിരുന്നുവത്രെ! കേരളത്തിൽ കണ്ടു പരിചയിച്ചു കാവി സന്ന്യാസികളെയും ആ കൂട്ടത്തിൽ ലേഖകനു കാണുവാൻ സാദ്ധ്യമായി.

ഹരിദ്വാരത്തിന് മേലെയുള്ള ഭൂമി സ്വർഗ്ഗഭൂമിയാണെന്നാണ് സങ്കല്പം. ദേവതാവിഹാരങ്ങളും ഋഷിവാടങ്ങളും സ്ഥിതിചെയ്യുന്ന പുണ്യസങ്കേതമായി അതിനെ കരുതിവരുന്നു. സ്വർഗ്ഗഭൂമിയിലേക്ക് പ്രവേശനമരുളുന്ന പാവനസ്ഥലമാണ് ഹരിദ്വാരം. ഹരിദ്വാരമേള ഒരു സ്നാനോത്സവമാകുന്നു. ഹിന്ദുക്കളുടെ വിശ്വാസപ്രകാരം ഭാഗീരഥീജലത്തിൽ നിമജ്ജനംചെയ്തു്, പാപമാലിന്യങ്ങൾ കഴുകിക്കളയുവാനുള്ള ഒരുത്സവം! പന്ത്രണ്ടുകൊല്ലങ്ങൾവീതം കൂടുമ്പോഴാണ് മേള ആഘോഷിക്കപ്പെടുന്നതു്. ഹരിദ്വാരത്തെപ്പോലെ സംന്യാസിമേളകൾ നടത്തുന്ന മറ്റു മൂന്നു സ്ഥലങ്ങൾ ഇന്ത്യയിലുണ്ട്—പ്രയാഗ (അലഹബാദ്), ഉജ്ജയിനി, പഞ്ചവടി (നാസിക്ക്). ഇവയിൽ പ്രാധാന്യം ഹരിദ്വാരമേളയ്ക്കുതന്നെ. ഹരിദ്വാരമേള കഴിഞ്ഞു മൂന്നുകൊല്ലങ്ങൾക്കുശേഷം പ്രയാഗയിലും അതിൽ പിന്നെ മൂന്നുകൊല്ലങ്ങൾ കഴിഞ്ഞു ഉജ്ജയിനിയിലും മൂന്നു വർഷങ്ങൾ പിന്നെയും പിന്നിട്ട് പഞ്ചവടിയിലും മേള നടത്തപ്പെടുന്നു. ഇപ്രകാരം ഓരോദിക്കിലും ഒരുമേള കഴിഞ്ഞാൽ പിന്നീടു ഒരു വ്യാഴവട്ടംചെന്നാണ് വീണ്ടും മേള ആഘോഷിക്കുന്നതു്.

കുംഭമേളയുടെ ആഗമത്തെക്കുറിച്ചു ഒന്നിലധികം ഐതിഹ്യങ്ങൾ പ്രചാരത്തിലുണ്ട്. പാലാഴിമഥനംകഴിഞ്ഞു ലഭിച്ച അമൃതകുംഭം ആദ്യം കയ്ക്കലാക്കിയതു അസുരന്മാരായിരുന്നുവത്രെ. വിഷ്ണു മോഹിനീവേഷംധരിച്ചു അവരെ വഞ്ചിച്ചു്, അമൃതകുംഭം അപഹരിച്ചു അമരലോകത്തിലേയ്ക്കു കൊണ്ടുപോകുന്ന അവസരത്തിൽ, കുംഭത്തിൽനിന്നു നാലുസ്ഥാനങ്ങളിലായി അമൃതം തുളുമ്പിപ്പതിച്ചു. കുംഭമേളയിൽ സ്നാനോത്സവം നടത്തപ്പെടുന്ന നാലുസ്ഥലങ്ങൾ ഇവയാണെന്നു വിശ്വസിച്ചുവരുന്നു. പുണ്യകാലങ്ങളിൽ ഈ തീർത്ഥങ്ങളിൽ സ്നാനം ആചരിക്കുന്നവർക്കു അമൃതനിമജ്ജനംകൊണ്ടെന്നപോലെയുള്ള കൃതാർത്ഥതയും മംഗളവും അനുഭവമാകുമെന്നു കരുതപ്പെടുന്നു. ഇന്നത്തെനിലയിൽ, ഈ സ്ഥാനങ്ങളിലുള്ള സ്നാനോത്സവങ്ങൾ ഹിന്ദുസംന്യാസിമേളകളാക്കിത്തീർത്തതു ശ്രീശങ്കരാചാര്യരാണത്രെ ഐതിഹ്യം. ചരിത്രപരമായി നോക്കിയാൽ ഈ അഭിപ്രായത്തിനു കൂടുതൽ പ്രസക്തിയുണ്ടെന്നു പക്ഷമുണ്ട്. ബുദ്ധമതത്തിന്റെ ആധിപത്യം ഭാരതത്തിൽ നിലനിന്നകാലത്തു് ബൌദ്ധസംന്യാസികളുടെ മേളകൾ പലസ്ഥലങ്ങളിലുംവെച്ചുനടത്തപ്പെടാറുണ്ടായിരുന്നു. അതുക്രമത്തിൽ ഹരിദ്വാരം, പ്രയാഗ, ഉജ്ജയിനി, നാസിക്ക് എന്നീ സ്ഥലങ്ങളിൽ കേന്ദ്രീകൃതമായി. ബുദ്ധമതം ഇന്ത്യയിൽ അധോഗതിപ്രാപിച്ചതോടുകൂടി ഈ ഭിക്ഷുമേളകൾക്കു മുടക്കം നേരിട്ടു. ഹൈന്ദവമതത്തിന്റെ വിജയവൈജയന്തി പറപ്പിച്ചുകൊണ്ടു ശ്രീശങ്കരൻ ഭാരതഭൂമിയിൽ സഞ്ചരിച്ചുകാലത്തു ബുദ്ധമതസംന്യാസികളുടെ മേളയ്ക്കുപകരം ഹിന്ദുസംന്യാസികളുടെ മേള മുമ്പുള്ളവിധംതന്നെ നാലുസ്ഥാനങ്ങളിലായി നടത്തുവാൻവ്യവസ്ഥചെയ്തു. ആചാര്യരുടെ ആ വ്യവസ്ഥയെത്തുടർന്നാണ് ഹരിദ്വാർ, ഉജ്ജയിനി, പ്രയാഗ, നാസിക്ക് എന്നീസ്ഥലങ്ങളിൽ ഇന്നും മേള ആഘോഷിച്ചുവരുന്നതത്രെ.

കുംഭമേളയിൽ സന്ന്യാസികൾക്കാണ് പ്രാധാന്യമെന്നു പ്രസ്താവിച്ചുവല്ലോ. വാസ്തവത്തിൽ ഈ മേളകൾ ഭാരതത്തിന്റെ നാനാഭാഗങ്ങളിൽനിന്നും എത്തിച്ചേരുന്ന സംന്യാസികൾക്കു വ്യക്തമായ ഒരുസംഘടനയുടെ രൂപം നൽകുന്നു. മതധർമ്മങ്ങൾ പ്രചരിപ്പിക്കുവാനുള്ള പരിശ്രമങ്ങൾക്ക്, വൻപിച്ച ജനനിവഹങ്ങളെ ആകർഷിക്കുന്ന ഈ ഉത്സവങ്ങൾ പ്രയോജകീഭവിക്കണമെന്നതാണ് പ്രധാനോദ്ദേശ്യം. ആത്മസാക്ഷാൽക്കാരം സിദ്ധിച്ച സാധുക്കളെ കാണുവാനും അവരുമായി സമ്പർക്കംസാധിക്കുവാനുംകൂടി മേളകൾ അവസരമുണ്ടാക്കുന്നു. മുമുക്ഷുക്കളുടെ ദർശനംതന്നെ പുണ്യഹേതുകമാണെന്നതു ഹിന്ദുക്കളുടെ ഒരുപുരാതനവിശ്വാസമാണല്ലോ.

ഹിന്ദുസംന്യാസികളുടെഇടയിൽ ആചാര്യസമ്പ്രദായഭേദങ്ങളനുസരിച്ചു പ്രത്യേകം പ്രത്യേകം സംഘടനകളുണ്ട്. ഈ സംഘടനകൾ ഓരോകേന്ദ്രങ്ങളിൽ വിഭിന്നസ്ഥാപനങ്ങളിലായി പ്രവർത്തിക്കുന്നു. ഓരോസംന്യാസിസംഘത്തിനും പ്രത്യേകസങ്കേതങ്ങൾ ഉണ്ടായിരിക്കും. അവ 'അക്കാടകൾ' അഥവാ 'അഖാരകൾ' എന്നപേരിൽ അറിയപ്പെടുന്നു. ഹരിദ്വാരത്തു 'കനഖൽ' എന്നസ്ഥലത്താണ് അക്കാടകൾ സ്ഥിതിചെയ്യുന്നതു്. (കാളിദാസമഹാകവി അനുസ്മരിക്കുന്ന 'കനഖലം' തന്നെയാണ് ഈ സ്ഥലം.) ഏഴ് അക്കാടകളാണ് ആകെയുള്ളതു്. ൧. ജൂനാ (പരമഹംസസംന്യാസികളുടെ പൌരാണികമായ ഒരുസ്ഥാപനമാണിതു്.) ൨. നിർവ്വാണി (നഗ്നസന്ന്യാസികൾ അധികവും ഈ അക്കാടയിലുള്ളവരാണ്.) ൩. നിരഞ്ജനി, ൪. ഉദാസി (ബഡാ), ൫. ഉദാസി (നയാ), ൬. വൈരാഗി (സീതാരാമന്മാർ എന്നു ഈ അക്കാടയിലുള്ളവരെ വിളിച്ചുവരുന്നു. 'സീതാറാം' എന്നവിളിയും വൈഷ്ണവചിഹ്നമായ മുക്കോമ്പൻഗോപിയും ഇവരുടെ വിശിഷ്ടമുദ്രകളാണ്.) ൭. നിർമ്മല. ഈ അക്കാടകൾക്കോരോന്നിനും വൻപിച്ച ഫണ്ടുകളും ഭൂസ്വത്തുക്കളുമുണ്ട്.

മേളക്കാലത്തു അക്കാടകളിൽ മഹായോഗങ്ങളും ഭജനകളും ആരാധനകളും നടക്കുന്നു. എല്ലാ അക്കാടകളിലും ഉച്ചഭാഷിണിയന്ത്രങ്ങൾ ഉപയോഗിച്ചുതായി കണ്ടു. അക്കാടയിലെ വിശാലാങ്കണങ്ങളിൽ സദസ്സിനെ അഭിമുഖീകരിച്ചുള്ള മാന്യസ്ഥാനത്തിൽ വെള്ളികൊണ്ട് വിരചിതമായി നല്ലപോലെ അലങ്കരിക്കപ്പെട്ട സമുന്നതാസനങ്ങളിൽ സംന്യാസിമണ്ഡലാധീശന്മാർ ഉപവിഷ്ടരായി എല്ലാ പരിപാടികളുടെയും മേൽനോട്ടംവഹിക്കുന്നു. ഓരോ അക്കാടയിലും ആയിരക്കണക്കിലുള്ള സംന്യാസികൾ സമ്മേളിച്ചിരുന്നു. ചില അക്കാടകൾ രാഷ്ട്രീയപ്രാധാന്യമുള്ള നിലയ്ക്കും മതവിഷയങ്ങൾ ചർച്ചചെയ്തിരുന്നു. പാകിസ്ഥാനിൽ മുഹമ്മദീയർ കയ്യേറിയ വൈഷ്ണവമന്ദിരങ്ങൾ അടിയന്തിരമായി പുനരുദ്ധരിച്ചെടുക്കാൻ നടപടികൾ കൈക്കൊള്ളണമെന്ന പ്രമേയം സീതാരാമന്മാരുടെ അക്കാടയിൽ പ്രക്ഷുബ്ധപ്രസംഗങ്ങൾക്കുശേഷം അംഗീകരിച്ചതായിക്കണ്ടു. ഉദാസികളുടെ അക്കാടയിൽച്ചെന്നപ്പോൾ, അസൂയാവഹമായ കായബലമുള്ള സംന്യാസിമല്ലന്മാരുടെ ഗുസ്തിയും ആയുധപ്രയോഗവും നടക്കുകയായിരുന്നു. സംന്യാസിസംഘങ്ങൾ ആത്മീയകാര്യങ്ങളിൽമാത്രമല്ല കായികസംസ്കാരത്തിലും രാഷ്ട്രീയഗതിവിഗതികളിലും ശ്രദ്ധപതിപ്പിച്ചിരുന്നു. ഉദാസികളുടെയും നിർവ്വാണികളുടെയുംഘടനയെപ്പറ്റി പ്രത്യേകം പ്രസ്താവിക്കേണ്ടതായുണ്ട്. ഈ രണ്ടു സംഘടനകളും കായികസംസ്കാരത്തിൽ കൂടുതൽ നിഷ്കർഷ കാണിക്കുന്നു. മറ്റു സംന്യാസിസംഘങ്ങളുടെ രക്ഷയ്ക്കായുള്ള കാവൽസൈന്യമെന്നനിലയ്ക്കുകൂടി അവർ പ്രവർത്തിക്കുന്നു.

ഇത്തവണ, ഹരിദ്വാരമേളയിൽ ആറു സ്നാനദിനങ്ങൾക്കാണ് പ്രാധാന്യം കല്പിച്ചിരുന്നതു്—മാർച്ച് ൪-ാംനു പൌർണ്ണമിദിനം, ൨൬-ാം തീയതി രാമനവമിദിനം; ഏപ്രിൽ ൨-ാംനു സോമഗ്രഹണദിനം; ൧൩-ാംനു പൂർണ്ണകുംഭദിനം: ൧൭-ാംനു സോമവതി അമാവാസ്യാദിനം; ൨൦-ാംനു [illegible]വും അക്ഷയതൃതീയയും. ഒരുമാസത്തിലേറെക്കാലം ഹരിദ്വാരവീഥികളെ ജനബഹുലവും ചിത്രവർണ്ണാഞ്ചിതവുമാക്കിത്തീർത്ത ഈ മഹോത്സവം ഏപ്രിൽ ൨൦-ാം തീയതി അവസാനിച്ചു.

മേളയിലെ സ്നാനോത്സവദിനങ്ങളിൽ ഏറ്റവും പ്രധാനമായതു് പൂർണ്ണകുംഭദിനമായിരുന്നു. അന്നത്തെ നിറംതികഞ്ഞ സന്ന്യാസിഘോഷയാത്രയിലെ രംഗങ്ങൾ, കണ്ടവർക്കൊക്കെ അവിസ്മരണീയങ്ങളാണ്. പകൽ ഏതാണ്ടു ൧൦ മണിയോടുകൂടി സ്നാനഘട്ടത്തിലേയ്ക്കുള്ള പ്രയാണം ആരംഭിച്ചു. ഘോഷയാത്ര പോകുന്ന വീഥികളിലെ വാഹനഗതാഗതം രാവിലേമുതൽതന്നെ നിരോധിക്കപ്പെട്ടിരുന്നു. പട്ടാളക്കാരും പോലീസുകാരും സേവാസംഘത്തിലെ സന്നദ്ധഭടന്മാരും ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ പണിപ്പെട്ടുകൊണ്ടിരുന്നു. മദ്ധ്യാഹ്നത്തോടുകൂടി ജൂനാഅക്കാടയിലെ ഘോഷയാത്ര പുറപ്പെട്ടു. ആനപ്പുറത്തു കൊടികളാലുംമറ്റും അലങ്കരിച്ച അമ്പാരികളിലിരുന്നും അനുഗ്രഹാഭയമുദ്രകാണിച്ചും അക്കാടയിലെ സംന്യാസിമണ്ഡലേശ്വരനും തുടർന്ന് ഉപമണ്ഡലേശ്വരന്മാരും അനുയായിസംഘങ്ങളും തെരുവിലിൽ നീങ്ങി. എല്ലാവർക്കുംമുമ്പേ കൊടികളേന്തിയ അംഗഭടന്മാർ, അവരെത്തുടർന്ന് രജതദണ്ഡങ്ങളും ഉപഹാരദ്രവ്യങ്ങളുംവഹിച്ച ഭിക്ഷുക്കൾ, ആനപ്പുറത്തേറിയ മണ്ഡലേശ്വരന്മാർ, ഇതായിരുന്നു ക്രമം. വാദ്യമേളങ്ങൾ, നിരവധി കായികാഭ്യാസപ്രകടനങ്ങൾ, വർണ്ണാലങ്കാരങ്ങൾ, ഭജനസംഘങ്ങൾ ഇവയെല്ലാം ആ യാത്രയെ ആകർഷകമാക്കി! അവർ ഗംഗാസ്നാനഘട്ടം സമീപിച്ചതോടുകൂടി ഏതാണ്ടു രണ്ടുമണിക്കു നിരഞ്ജനികളുടെ ഘോഷയാത്ര ആരംഭിച്ചു. തുടർന്ന് നിർവ്വാണികൾ, വൈരാഗികൾ, ഉദാസികൾ, നിർമ്മലന്മാർ എന്നിവരുടെയും. വിശിഷ്ടാലങ്കാരങ്ങളുള്ള ആനകളും വെള്ളിപ്പല്ലക്കുകളും മറ്റു വിചിത്രവാഹനങ്ങളും മനോഹാരിതയേറിയ ഈ ഘോഷയാത്രകൾ ആകെ കൌതുകാവഹമായിരുന്നു. ചില സംന്യാസികൾ ദേശീയപതാകകൾകൊണ്ടലങ്കരിച്ച കാറുകളിൽ പോകുന്നതായുംകണ്ടു. ഏഴ് അക്കാടകളിലെ സംന്യാസികളും അനുയായികളും എല്ലാംകൂടി രണ്ടുലക്ഷംപേരോളം വരുമായിരുന്നു.

ഏതാണ്ട് രണ്ടായിരം നഗ്നസന്ന്യാസികൾ സ്നാനോത്സവയാത്രയിൽ പങ്കെടുത്തു. അവർക്കു കൌപീനമോ അരയിൽ നൂൽപോലുമോ ഉണ്ടായിരുന്നില്ല. ദേഹാസകലം അവർ ഭസ്മം പൂശിയിരുന്നു. മറ്റുസ്ഥലങ്ങളിലോ സന്ദർഭങ്ങളിലോ ആയിരുന്നുവെങ്കിൽ അത്തരമൊരുകാഴ്ച തീർച്ചയായും ജുഗുപ്സാവഹമായി ഗണിക്കപ്പെടും. ഈ നഗ്നസംന്യാസികളെ കെട്ടിയിട്ടടിക്കേണ്ടതാണെന്ന് ഇന്ത്യാപാർലിമെന്റിലെ അംഗമായ ഒരു ഡോക്ടർസുഹൃത്തു് അന്നു വൈകുന്നേരം സംഭാഷണമദ്ധ്യേ ഞങ്ങളോടുപറയുകയുണ്ടായി. ഇനിയത്തെ മേളയിൽ അദ്ദേഹത്തിന്റെ ഉത്സാഹത്താൽ നഗ്നഘോഷയാത്രകൾ നിരോധിക്കുവാൻ നിയമനിർമ്മാണമുണ്ടാകുമോ എന്നറിവില്ല. എന്നാൽ സന്ന്യാസികളുടെ യാത്രകാണുവാൻ വഴിനീളെ നിരന്നുനിന്ന നിരവധി സ്ത്രീകളുൾപ്പെടെ ലക്ഷക്കണക്കിനുള്ള ജനങ്ങളെല്ലാം ഈ അഭിപ്രായക്കാരായിരുന്നില്ലെന്നതിന് തെളിവുകൾ ലേഖകൻതന്നെ കാണുകയുണ്ടായി. സന്ന്യാസികൾ കടന്നുപോയപ്പോൾ അവരുടെ പാദരേണുക്കൾ കലർന്ന മണ്ണ് എത്രയോ സ്ത്രീകൾ വാരിയെടുത്തു കണ്ണിൽ മുത്തുകയും ഒരു നിധിയെന്നപോലെ സ്വഗൃഹങ്ങളിലേക്കു കൊണ്ടുപോകയും ചെയ്യുന്നതു് കാണപ്പെട്ടു. പരിഷ്കാരികൾ പക്ഷെ ഇതിനെ 'അന്ധഭക്തി' എന്നു പരിഹസിക്കുമായിരിക്കും.

ഗംഗാനദിയിലെ 'ഹരി–കി–പൈരി' എന്ന സ്ഥലത്തെ 'ബ്രഹ്മകുണ്ഡ'മായിരുന്നു മേളയിലെ പുണ്യസ്നാനത്തിനുള്ള സ്ഥാനം. നദീതീരത്തിൽ അഞ്ചാറുനാഴിക നീളംവരെ ഇരുപതുലക്ഷത്തോളംവരുന്ന ജനങ്ങൾ സ്നാനകാഴ്ച കാണുവാനും സ്നാനമാചരിക്കുവാനും തിങ്ങിക്കൂടി. സംന്യാസിമാരുടെ സ്നാനത്തിനുമുമ്പു സ്നാനംനടക്കുവാനോ ഗംഗാജലം തൊടുവാൻ മറ്റുള്ളവർക്ക് അധികാരമുണ്ടായിരുന്നില്ല. ബ്രഹ്മകുണ്ഡത്തിന്റെ പ്രാധാന്യത്തെ കാണിക്കുന്ന പല ഐതിഹ്യങ്ങളും പ്രചാരത്തിലുണ്ട്. ബ്രഹ്മദേവൻ തപസ്സുചെയ്ത സ്ഥലമാണിതെന്നും പരീക്ഷിത്തു് മഹാരാജാവു് ഭാഗവതശ്രവണാനന്തരം സായൂജ്യം പ്രാപിച്ചതു് ഇവിടെവെച്ചാണെന്നും പറയപ്പെടുന്നു. മറ്റു നദികളുടെ



* [മാർച്ചുമാസത്തിൽ ആരംഭിച്ച കുംഭമേളാമഹോത്സവം ഏപ്രിൽ ൨൦-ാംനു അവസാനിച്ചു. മേളക്കാലത്തു് ലേഖകൻ ഹരിദ്വാരത്തുണ്ടായിരുന്നു.]







മുകളിൽ മദ്ധ്യത്തുനിന്നു വലത്തോട്ടും താഴോട്ടും:—

തൃശ്ശൂർ വടക്കുന്നാഥക്ഷേത്രത്തിലെ പൂരമഹോത്സവം മേടം ൧൮-ാംനു മുൻവർഷങ്ങളെ അപേക്ഷിച്ചു മോടിയായും മംഗളമായും നടന്നിരിക്കുന്നു. പതിവനുസരിച്ചു ഒരു അഖിലേന്ത്യാ കൃഷിവ്യവസായ പ്രദർശനവും പൂരത്തോടനുബന്ധിച്ചു നടത്തപ്പെട്ടു. മദ്രാസ് മേയർ ഡാ: പി. വി. ചെറിയാനാണ് പ്രദർശനം ഉൽഘാടനം ചെയ്തതു്. ആനപ്പുറത്തു എഴുന്നള്ളിപ്പുകളുടെ പല ഘട്ടങ്ങളാണ് ഈ വശത്തു ചേർത്തിട്ടുള്ള ചിത്രങ്ങളിൽ കാണുന്നതു്. വാദ്യോപകരണങ്ങൾ മുഴുവൻ ചിത്രത്തിൽകാണുവാൻ കഴിയുകയില്ലെങ്കിലും കാണപ്പെടുന്ന വളഞ്ഞ കുഴലുകളിൽനിന്നുതന്നെ പ്രസിദ്ധമായ തൃശ്ശൂർ ചെണ്ടമേളം എത്ര ഗംഭീരമാണെന്നു ഊഹിക്കാവുന്നതാണ്. പതിവിൽ വളരെ അധികം വെടിക്കെട്ടും ഈ വർഷം ഉണ്ടായിരുന്നു.

അല്ല പിന്നെ എനിക്കറിഞ്ഞുകൂടെ? സരോജത്തിൻ്റെ കാര്യം. എൻ്റെ കാര്യത്തിൽ അവൾ കൂടുതൽ ശ്രദ്ധകാണിച്ചാൽ അടുത്തതന്നെ വലിയ ആപത്തുണ്ടാവും.

എന്തു വലിയ സ്വീകരണമായി രുന്നു ഇന്നലെ ആഫീസിൽനിന്നു വീട്ടിലെത്തിയ എനിക്കു ലഭിച്ചതു്?

"എന്താണിന്നു വലിയ ക്ഷീണം? നടന്നാണോ പോന്നതു്? ബസ്സിൽ വരാമായിരുന്നില്ലേ? ആവശ്യത്തിനു പണം ചിലവു ചെയ്താൽ ഞാൻ വല്ല കുററവും പറയുമോ ?" ഇങ്ങനെയായിരുന്നു സംഭാഷണം തുടങ്ങിയതു്.

എന്നും ഞാൻ നടന്നുതന്നെയാണു വീട്ടിൽ വരുന്നതു്. ഈ വിയർപ്പും ക്ഷീണവുമെല്ലാം എന്നും കാണുകയുംചെയ്യും. എന്നാലിപ്പോഴവും ഭാവവും പതിവായുള്ള തന്ത്രമാണോ നിങ്ങൾ വിചാരിക്കുന്നതു്? നാരായണ!

എന്നും വീട്ടിൽ വരുമ്പോൾ അടിഞ്ഞതും

---

സംഗമമില്ലാതെ ഗംഗ ഈ സ്ഥലങ്ങളിൽ വിശുദ്ധയായിവത്തിക്കുന്നു. സ്നാനം ചെയ്യുന്നതിനുള്ള ജലസുഖം താരതമ്യേന ഈ സ്ഥലത്തു് കൂടുമെന്നു ലേഖകന്മാരന്നേ അനുഭവപ്പെട്ടതാണു്.

ഗംഗയിൽ മേളസ്നാനത്തിനുള്ള പ്രഥമാധികാരം പരമഹംസ സംന്യാസികൾക്കാകുന്നു. ഒരിക്കൽ സിഖ്കാരന്മാർ ഈ അധികാരം ലഭിക്കാൻ മത്സരിച്ചുവത്രെ. തപോബലപരീക്ഷ കൊണ്ടു് ഫലം നിർണ്ണയിക്കാൻ അവസാനം തീരുമാനിക്കപ്പെട്ടു. ഉടനെ, ഒരു പരമഹംസ സംന്യാസി മേലപ്പാനു ഗംഗയിൽ നിമജ്ജനം ചെയ്യുവെന്നും പഴയ പതിവുതന്നെ തുടരപ്പെട്ടുവെന്നുമാണു് ഐതിഹ്യം.

സന്ന്യാസികളുടെ കുളികഴിയുവാൻ ആറുമണിക്കൂറോളം വേണ്ടിവന്നു. പിന്നീടു്, അവിടെക്കൂടിയ ഇരുപതുലക്ഷത്തോളം ജനങ്ങൾ കുളിതുടങ്ങി. ആ തിരക്കിൽ ഒന്നു മുങ്ങിക്കയറുവാൻപോലും വളരെ പണിപ്പെടണമായിരുന്നു. പിറേറദിവസം കുറെ നേരമായിട്ടും സ്നാനമാചരിക്കാൻ സൌകര്യപ്പെടാത്തവരുണ്ടായിരുന്നു. അവനവനറിഞ്ഞതാൽ തിരക്കിൻ്റെ ഗൌരവം ഊഹിക്കാമല്ലോ. "ഗംഗാമായീ കീജയ്" എന്ന വിളി അനസ്യൂതമായി മുഴങ്ങിക്കേട്ടു.

സന്ന്യാസികളുടെ സ്നാനം കഴിയുന്നവരെ ജനക്കൂട്ടത്തെ അടക്കിനിർത്തുവാൻ പോലീസ്സും സന്നദ്ധഭടന്മാരും ഒരു കല്ലുഭിത്തിതന്നെ നടത്തിയിരുന്നു. അവരുടെ സേവനങ്ങൾ ഏററവും പ്രശംസാവഹമായിരുന്നു.

ലക്ഷക്കണക്കിലുള്ള ജനങ്ങൾക്കു് ആഹാരത്തിനും ആരോഗ്യപരിപാലനത്തിനും മററുമുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതു് എളുപ്പമല്ലല്ലോ. എന്നാൽ മേളയിലെ ഉദ്യോഗസ്ഥന്മാർ വളരെ ജാഗ്രതയോടെ ഈ കൃത്യങ്ങളെല്ലാം നിർവഹിച്ചു. ശുചീകരണവിഷയത്തിൽ അവർ ഏറ്റവും ശ്രദ്ധിച്ചിരുന്നു. ഇടക്കിടെ വീഥികൾ വൃത്തിയാക്കിക്കൊണ്ടിരുന്നു. ഡി. ഡി. ടി. വിഷക്കാണ് കൂടിതൽ ഉപയോഗിച്ചിരുന്നതു്. കൊതുകുകളുടെയും ഈച്ചകളുടെയും ശല്യം അതിനാൽ ഇല്ലായിരുന്നുവെന്നുതന്നെ പറയാം. ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ ഒരു ജനനിയന്ത്രണവിഭാഗമായ്യവസ്ഥ ഏർപ്പെടുത്തിയിരുന്നു. ഇരുപതു ചതുരശ്രനാഴികവിസ്താരത്തിലുള്ള മേളസ്ഥലത്തു് അന്യോന്യം വിവരങ്ങൾ അറിയിക്കുന്നതിനുള്ള എട്ടു ജനസംഘനിയന്ത്രണകേന്ദ്രങ്ങളും സ്ഥാപിച്ചിരുന്നു. അതിനാവി ഇരുപതു് വയർലെസ്സ് സെററുകൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. ഈ ഉദ്യമം ഒരു പുതിയ പരീക്ഷണമായിരുന്നുവെങ്കിലും അതു് അത്യന്തം ഉപകാരപ്രദവും വിജയകരവുമായി അനുഭവപ്പെട്ടു. ഓരോ അപകടങ്ങൾ ഇപ്പോഴെല്ലാ ദിക്കിലുമുണ്ടാവുന്ന ഓരോ വയർലെസ്സ് സെററ് അനുവദിച്ചുകൊടുത്തിരുന്നു.

ഹരിദ്വാർമേള ഇത്തവണ ഐക്യസംസ്ഥാനഗവർമ്മെൻ്റിൻ്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിലാണു് നടന്നതു്. പ്രധാനമന്ത്രി ശ്രീ: ഗോവിന്ദവല്ലഭപന്തു് പൂർണ്ണകുംഭദിനത്തിൽ ഹരിദ്വാറിലെത്തി എല്ലാ ഏർപ്പാടുകളും പരിശോധിക്കുകയുണ്ടായി. ഇത്രയും ജനങ്ങൾ തിങ്ങിക്കൂടുന്ന ഒരു മഹോത്സവം ഭംഗിയായി നടത്തുവാൻ സാധിച്ചതിൽ അദ്ദേഹത്തിനും സഹപ്രവർത്തകന്മാർക്കും തീർച്ചയായും അഭിമാനം കൊള്ളാം.

ഉദ്യോഗസ്ഥന്മാരുടെ സനിഷ്കർഷമായ മേൽനോട്ടമുണ്ടായിട്ടുകൂടി ചില മോഷണങ്ങൾ മേളാസ്ഥലത്തു് നടക്കുകയുണ്ടായി. അങ്ങനെ കളവുനടത്തി അറസ്റ്റുചെയ്യപ്പെട്ടവരിൽ ഏഴു് ബാലികമാരുമുൾപ്പെട്ടും. അവർ അഞ്ഞൂറോളം പേരുടെ സാമാനങ്ങൾ കവച്ചുചെയ്തുവരാണത്രെ. നൂറിലേറെ പുരുഷന്മാരും അറസ്റ്റു ചെയ്യപ്പെട്ടിട്ടുണ്ടു്. വിഷലിപ്തമായ "പ്രസാദം" കൊടുത്തു മയക്കി കവച്ചുനടത്താനശ്രമിച്ച ഒരു 'സംന്യാസി'യുടെ കഥ ഇക്കൂട്ടത്തിൽ പ്രസ്താവ്യമാണു്.

ലോകത്തിലെ ഏററവും വലിയ സ്നാനോത്സവമെന്ന പ്രശസ്തി കുംഭമേളയ്ക്കു് കൈവന്നതിൽ ഒട്ടും അതിശയിപ്പാനില്ലെന്നു് മേളകാണ്മാനിടയായ എല്ലാവർക്കും അനുഭവപ്പെട്ടിരിക്കയില്ല.

—o—

വിനോദരംഗം

# "ഷോപ്പിംഗ്"

പി. എസ്. പത്തനാപുരം

വാംകൂടി അവൾ കാണിക്കാറില്ല. ഒന്നറിഞ്ഞുകൊള്ളട്ടെ എന്നുകരുതി ഞാൻ പെട്ടെന്നൊന്നു ചുമച്ചു. മൗനം വല്ല അപസ്വരങ്ങളും പുറപ്പെടുവിക്കും. മൗനം. ഒന്നുകൂടി ചുമക്കും. "എന്തു ? വല്ല ക്ഷയവും പിടിച്ചുപോയോ?" എന്നായിരിക്കും ആരംഭം.

"എടീ വലിയക്ഷീണം. വേഗം കാപ്പി കൊണ്ടുവരൂ."

"വന്നുകേറുമ്പൊ കാപ്പിപോലും. അവിടെങ്ങാനും ചെന്നിരിക്കണം. എന്തൊരു ക്ഷീണം! മലയാടുത്തു മറിച്ചിട്ടല്ല വരവ്!"

വിധിയെപ്പഴിച്ചുകൊണ്ടു കസേരയിൽ ചെന്നു വീഴുകയാണെൻ്റെ പതിവു്. ഒന്നരമണിക്കൂർ സമയം തിരിഞ്ഞും മറിഞ്ഞും കോട്ടുവായിട്ടും പത്രം നോക്കിയും തലചൊറിഞ്ഞും കഴിഞ്ഞുകൂടിയാൽ സരോജം വീണ്ടും വരും. അവൾ "കാപ്പി"യെന്നു കരുതുന്നതും എനിക്കു കരിക്കാടിത്തിളപ്പോഴ്ത്തെന്നു അനുഭവപ്പെടുന്നതുമായ എന്തോ ഒന്നു മുമ്പിൽ കൊണ്ടുവയ്ക്കും. ആത്മിയോടുകൂടി അതെടുക്കാൻ കൈനീട്ടുമ്പോഴാണു നോക്കുന്നതു്, തൊട്ടാൽ പൊള്ളുമെന്നു്.

"അല്പം ചൂടു കാച്ചുതരൂ."

"ഇതിനൊക്കെ സമയംവേണം. വന്നുകേറുമ്പൊ കതിരയെടുപ്പു തുടങ്ങിയാൽ ഞാനെന്തു ചെയ്യും ?"

പിന്നെ കാപ്പി തണുപ്പിക്കുകയായി. അൽപം ശ്രദ്ധിക്കാതിരുന്നാൽ പച്ചവെള്ളത്തിൻ്റെ പരുവത്തിലാക്കി അവിടെ തള്ളിയിട്ടുപോകും.

അങ്ങനെയൊക്കെയാണു് പതിവു്. എന്നിട്ട് ഇന്നലെയോ? എന്തുസ്നേഹം! എന്തൊരാത്മാർത്ഥത! അടിമാനത്തോടുകൂടി ഞാൻ പറയുന്നു. ഇന്ത്യാക്കാപ്പിയെ ജയിക്കുന്ന കാപ്പിയാണു ഇന്നലെ ഞാൻ കുടിച്ചതു്.

പതിവില്ലാത്ത സന്തോഷത്തോടുകൂടി സായാഹ്നസവാരിക്കു് ഇറങ്ങുമ്പോഴാണു് സരോജം എൻ്റെ തോളിൽ പിടിച്ചതു്.

"പിന്നെ ഇന്നു് ഒരുകാര്യം..."

"ഉം എന്താണതു ?"

"എവിടെപ്പോകുന്നു." "എന്നും പോകും പോലെ."

"വേണ്ട... ഇന്നു്... പിന്നെ... നിങ്ങൾ കോപിക്കരുതു്."

"കാര്യമങ്ങുപറയൂ."

"നമുക്കിന്നു ഷോപ്പിംഗിനുപോകണം."

ഒരു വലിയ ചുററിക എടുത്തു തലയ്ക്കടിച്ചപോലെയാകാവുന്ന അനുഭവം എനിക്കുണ്ടായി. എങ്കിലും ഞാൻ അതു് പുറത്തുകാണിച്ചില്ല.

"ശരി."

"ഞാൻ കുതിരവണ്ടി ഏർപ്പാടുചെയ്തുകഴിഞ്ഞു."

"ആർക്കു ?"

"നമുക്കു പോകാൻ."

"എന്തിനു് ? എനിക്കു നല്ല ബോധമുണ്ടായിരുന്നില്ല.

"രണ്ടു സാരി വാങ്ങണം."

എന്താണിനി നിവൃത്തി? തടസ്സം പറഞ്ഞാൽ വലിയ ശല്യമാകും. കരച്ചിലും ശാപവും പണിമുടക്കും. രണ്ടുമൂന്നാഴ്ചയ്ക്കു് വയ്യാവേലിതന്നെ.

"ശരി. ശരി. ഒരുങ്ങിക്കൊള്ളൂ" ഞാൻ ഇതുപറയുവാൻ നിർബന്ധിതനായി.

"നിങ്ങൾ ഒരുങ്ങുന്നില്ലേ? അടിച്ചുകഴുകി മഞ്ഞനിറത്തിലായ ഈ മുണ്ടും ജുബ്ബയും അങ്ങു കളയണം".

"വേറെ ഉണ്ടെങ്കിലല്ലേ ഇതു കളയാൻ പററൂ. ഇന്നു ഡോബി വന്നിരുന്നോ ?"

"ഇല്ല. പെട്ടിയിൽ അല്പം പൊടിഞ്ഞ ഒരുമുണ്ടും കഴുത്തിനടുത്തു കീറിയ ഒരു ജൂബ്ബായും ഉണ്ടു്. ഇന്നത്തേയ്ക്കു് അതുമതി."

"വേണ്ട സരോജം. ആഫീസിലും ഞാൻ ഇതുതന്നല്ലേ ഇട്ടുകൊണ്ടുപോയതു് ?"

"പോരാ പോരാ, അതുവേഗം എടുത്തുധരിക്കണം."

അനുസരിക്കാതെ വഴിയുണ്ടോ? ഞാനും നശിച്ച 'ഷോപ്പിംഗി'നുപോകാൻ ഉടുത്തൊരുങ്ങി. ഒരു മണിക്കൂർ കണ്ണാടിനോക്കി, ഒന്നരമണിക്കൂർ പൌഡറിട്ടു്, രണ്ടുമണിക്കൂർകൊണ്ടു സാരിയുടുത്തു് അവളും ഒരുങ്ങി ഇറങ്ങി.

വണ്ടി നീങ്ങിത്തുടങ്ങി. മില്ലിൽനിന്നു മടങ്ങിവരുന്ന അയ്യപ്പൻപിള്ളയാനു രംഗം. അയാൾ എന്നെ സൂക്ഷിച്ചുനോക്കിയിട്ടു് വിസ്മയഭാവത്തിൽ എവിടെ എന്നു് ആംഗ്യംകൊണ്ടു ചോദിച്ചു. അടുത്തു ഒരു സ്ഥലംവരെ എന്നു ഞാൻ മറുപടി പറഞ്ഞു. അയാൾ അസൂയപ്പെടുന്നുണ്ടാവും. എൻ്റെ കുതിരവണ്ടിയാത്രയിൽ അയാൾ സംശയിക്കുന്നുണ്ടാവും. ഞാൻ വല്ലമാനേജരോ തഹസീൽദാരോ ആയിക്കഴിഞ്ഞെന്നു്. കുചേലൻ്റെ കടയും കൂററ കടലാസുകെട്ടുകളുമായി ദിവസവും രണ്ടു പ്രാവശ്യം തെക്കോട്ടും വടക്കോട്ടും നടക്കുന്ന ഞാൻ കുതിരവണ്ടിസവാരി തുടങ്ങിയാൽ പൊതുജനം സംശയിക്കയില്ലേ? അസൂയപ്പെടുകയില്ലേ?

സേട്ടിൻ്റെ കടയുടെമുമ്പിൽ വണ്ടിനിന്നു. സരോജം മുമ്പിലും ഞാൻ പിറകെയുമായി കടയിൽ കയറി. ആൾത്തിരക്കുള്ള സമയം. ഒരു വശത്തു് കാളേജുവിദ്യാർത്ഥിനികളുടെ കൂട്ടം. അവരെല്ലാം ഒരു ആൾക്കൂട്ടം തുണികൾ മറിച്ചും തിരിച്ചും പരിശോധിക്കുന്നു. വില പറയുന്നു. പൊട്ടിച്ചിരിക്കുന്നു. അടുത്തുതന്നെ പേരിനു ചില തുണികൾ പരിശോധിച്ചും തോന്നുന്ന വില പറഞ്ഞും ചില യുവരസികന്മാരുമുണ്ടാകണം. അവർ കാളേജു വിദ്യാർത്ഥികളായിരിക്കാം. വിദ്യാർത്ഥിനികളുടെ 'ഷാപ്പിംഗ്' കണ്ടുരസിക്കുക എന്നതിൽകവിഞ്ഞു് അവർക്കു വലിയ ഉദ്ദേശം ഒന്നുമില്ല. ചിലർ കണ്ണാടിനോക്കി, ആരുമൊന്നുമില്ലെന്നഭാവത്തിൽ മുടി ഒതുക്കുകയും മീശ പിരിക്കുകയും കണ്ണിറുക്കുകയും ചെയ്യുന്നുണ്ടു്.

ഒരു സായിപ്പും മദാമ്മയും കടയിൽ വന്നു കയറി, ചില തുണികൾ പരിശോധിക്കുവാൻ തുടങ്ങി. കാഴ്ചബംഗ്ലാവിൽ പുതിയതായി കൊണ്ടുവരാറുള്ള മൃഗങ്ങളെ കാണുവാൻ എന്നപോലെ കുറെ വികൃതിക്കുട്ടികൾ അവർക്കു ചുറവുംകൂടി അവരെ തുറിച്ചുനോക്കിക്കൊണ്ടു നിന്നു.

മദാമ്മ അവരുടെ സ്വന്തം ഭാഷയിൽ ചിലതെല്ലാം ചോദിച്ചുതുടങ്ങി. മാതൃഭാഷയല്ലാതെ മറെറാന്നും അറിയാത്ത ഒരു തമിഴൻ അതിനു മറുപടിപറഞ്ഞു.

"ഠീഡ്" കോട്ടിംഗുണ്ടോ?" "ആമ."

"നല്ലതരത്തിലുള്ളതു് ?" "ആമ."

"എന്തു വിലയാകും?" അല്പം ആലോചിച്ചിട്ടു്. "ആമ." രണ്ടുമൂന്നു ആമ മുമ്പിൽവന്നുവീണപ്പോൾ മദാമ്മ അല്പം ഭ്രമിച്ചുനിന്നു. മുതലാളിയായ സേട്ടു് കാര്യമറിഞ്ഞു സഹായിക്കാൻ വന്നില്ലെങ്കിൽ അവരുടെ നില ആപത്തിലായേനെ.

"നിങ്ങളിങ്ങനെ നോക്കിനിന്നാലോ? ഇതാ ഇങ്ങോട്ടുവരണം." സരോജം എന്നെ വിളിച്ചു. "വേണ്ടതു നോക്കിയെടുക്കു പോകാം."

അല്പം വേദാന്തം പറഞ്ഞുകൊള്ളട്ടെ. നിങ്ങളും അതു സമ്മതിക്കും. സ്ത്രീകളെയുംകൊണ്ടു ഒരു കാര്യത്തിനുപോയാൽ ലോകം വളരെ മട്ടാളയുള്ളതെന്നു് നമുക്കു അനുഭവപ്പെടും. "കോററയുണ്ടോ ഒരു രണ്ടു യാർഡു മുറിക്കണം കേട്ടോ മിസ്റ്ററേ കോറാ. കോറാ" എന്നിങ്ങനെ ഒരു ആപ്ലാവശ്യം ഞാൻ ഇവിടെനിന്നു ഇവരോടു ചോദിച്ചിട്ടുണ്ടു്. ചില അവർക്കൊലത്തേക്കന്മാർ മൈതാനപ്രസംഗം ചെയ്യുന്ന ശബ്ദത്തിൽ. ആരും അതു കേട്ടഭാവംപോലും കാണിക്കാറില്ല. അരമണിക്കൂർ തുടർച്ചയായി ബഹളം കൂട്ടിയാണു് ഞാൻ കാര്യം നേടാറുള്ളതു്.

ഇന്നു നോക്കുക. സരോജം കണ്ണാടിയലമാര ഒന്നു നോക്കിയതേയുള്ളൂ. മൂന്നുനാലുപേർ അടുത്തു വന്നുകഴിഞ്ഞു. "എന്താ വേണ്ടതു്? സാരിയോ കോട്ടണോ കോയമ്പത്തൂരോ?" എന്തുമയ്യാ! ഭഗവാനെ, ലോകം ഇങ്ങനെ പുരോഗമിച്ചാലോ?

"കഴിഞ്ഞ കപ്പലിൽവന്ന സില്ക്കുസാരിയെല്ലാം തീർന്നോ?" ഞാൻ മിഴിച്ചുനിന്നുപോയി. ഈ സേട്ടിൻ്റെ കടയിൽ കപ്പലിൽ വന്നതും അതിൽ സില്ക്കുസാരി ഉണ്ടായിരുന്നതും സരോജമെങ്ങനെയറിഞ്ഞു. ഒരു പത്രത്തിലും പ്രസിദ്ധീകരിച്ച വാർത്തയല്ലിതു !

ചോദിക്കാത്തതാമസം. മുപ്പതിൽ കുറയാത്ത സില്ക്കുസാരികൾ മേശപ്പുറത്തു നിരന്നുകഴിഞ്ഞു. ഒന്നിൻ്റെ ചേലനോക്കി, മററൊന്നിൻ്റെ നിറംനോക്കി അഞ്ചുനിമിഷംകൊണ്ടു് അവയെല്ലാം മാററിയും മറിച്ചും ഇട്ടുകഴിഞ്ഞു. വീട്ടിൽ എൻ്റെ മേശ അലങ്കോലപ്പെടുത്തുന്നതുപോലെ ഇവിടെയും തുടങ്ങിയാൽ? "ഇതിൻ്റെയെല്ലാം കരയിറാമോശം അല്ലേ?" അവൾ എന്നോടു ചോദിച്ചു. ഞാൻ ഒന്നു മൂളുകമാത്രം ചെയ്തു. അങ്ങനെയ മാറ്റുന്ന മൂളൽ. അല്ലെങ്കിലും ഞങ്ങളുടെ ആഫീസിൽ സില്ക്കിൻ്റെ കാളകൂടം പരിക്കുകയല്ലേ എൻ്റെ ജോലി?

"വേണ്ട ഇതൊന്നും എനിക്കു പിടിച്ചില്ല. കാട്ടൺ സാരി എടുക്കണം."

"വല അല്പം കൂടിയതാകാമല്ലോ ?" ജോലിക്കാരൻ ചോദിച്ചു.

"ഓ, കുറെയൊക്കെ" അവൾ എൻ്റെ മുഖത്തുനോക്കി. ആവണക്കെണ്ണ കുടിച്ചവൻ്റെ മുഖഭാവം അവൾ എന്നിൽ കണ്ടിരിക്കണം.

പല്ലുതേച്ചും കരപ്പും ഉള്ളപ്പമായി മുപ്പതോളം സാരികൾ അടുത്തനിമിഷത്തിൽ വന്നുവീണു്. സരോജം വീണ്ടും പരിശോധന തുടങ്ങി. ഒന്നിൻ്റെ ആകിനു ഭംഗിയില്ല. മററൊന്നിൻ്റെ നിറം അല്പം കടുത്തുപോയി. മൂന്നാമത്തൊന്നിൻ്റെ ബോർഡർ ഒട്ടും നന്നായില്ല. ഇങ്ങനെ ഓരോന്നിനും കുററം പറഞ്ഞു് അവസാനം ഒന്നു കയ്യിലെടുത്തു.

"ഇതിൻ്റെ വില?"

"മുപ്പതുരൂപ."

"ഇതും എനിക്കത്ര പിടിച്ചില്ല. ഒന്നു നോക്കണം ഇതു കൊള്ളാമോ?" അവൾ എന്നോടു ചോദിച്ചു. "ഛേ മോശം" അവൾക്കു സാരിയും എനിക്കതിൻ്റെ വിലയും അല്പവും പിടിച്ചില്ല. മുപ്പതുരൂപ! എൻ്റെ ഒരു മാസത്തെ ശമ്പളം. അവളുടെ കടം പാരിപ്പിക്കില്ലെന്നു് ഗവണ്മെൻ്റു് ഒരുത്തരവു പുറപ്പെടുവിച്ചുകിട്ടി...

"അല്പം കൂടി നല്ലതു വേണം."

"കോയമ്പത്തൂർ മതിയോ?"

"മതി"

എന്തു ക്ഷമാശീലമുള്ള വരാണീ ജോലിക്കാർ? അടുത്ത അലമാരയിൽ നിന്നു് അതിലുള്ള സാരികൾ അവർ ഓരോന്നായി നിവർത്തു മേശമേലിട്ടു മുഖത്തുവരുത്തിയിട്ടും നീരസത്തിൻ്റെ ഭാവമില്ല!

വീണ്ടും പരിശോധന. വീണ്ടും കുററം. പാച്ചിക! നിറംപോരാ. കസവുപോരാ. കരയും കറിയും പോരാ. അങ്ങനെ ഓരോന്നിനും കഴിഞ്ഞേനേരം ആവർത്തിച്ചു ഞാൻവിയർത്തുതുടങ്ങി. "മറൊന്നും ഈ വക്രമങ്ങളൊന്നും കാണരുതേ ഭഗവാനെ" എന്നു പ്രാർത്ഥിക്കയും ചെയ്തു.

"ഞാൻ വിചാരിച്ച സാരി ഇതിലൊന്നുമില്ല." അവൾ അറിയിച്ചു. അവൾ വിചാരിച്ച സാരിയപ്പോ! ലക്ഷക്കണക്കിനു പണം മുടക്കി സേട്ടു് ഇവിടെ വരുത്തിവച്ചിരിക്കുന്നു. അതു മുഴുവൻ നോക്കിക്കഴിഞ്ഞിട്ടും ഒരു മൂപ്പതുരൂപ ശമ്പളക്കാരൻ്റെ ഭാര്യ "വിചാരിച്ച സാരി" അതിലില്ലപോലും! മുതലാളി ഇതു കേട്ടാൽ മാനനഷ്ടക്കേസ്സു കൊടുക്കാതിരിക്കില്ലെന്നു് ആരോർത്തു.

"മസ്ലിൻ നല്ല തുണിയുണ്ടോ ?" അവൾ അവസാനിപ്പിക്കുന്ന ഭാവമില്ല.

"ഉണ്ടല്ലോ സിൽക്കാണോ?"

"അല്ല, വോയൽ മതി"

ക്ഷമയുടെ പര്യായമായ ആ ജോലിക്കാരൻ പത്തു പതിനഞ്ചുതരം തുണികൾ അടുത്ത മേശയിൽ നിരത്തി. വീണ്ടും പരിശോധന. വീണ്ടും കുററംപറച്ചിൽ. എൻ്റെ ക്ഷമ അവസാനിച്ചു.

"വല്ലതുമൊന്നെടുക്കൂ. പോകാം"

"ഇതൊക്കെ ആർക്കു വേണം. വേണ്ട. നമുക്കു് ഇനിയൊരുദിവസം വരാം"

ഞാനന്താണു പറയുക! അത്ഭുതപ്പെയുടെ ജോലി അവരെക്കൊണ്ടു ചെയ്യിച്ചുകഴിഞ്ഞു. ഇനി മറെറാരു ദിവസം വരുന്നപോലും. ആ ജോലിക്കാരൻ പിറുപിറുക്കുന്നതു ഞാൻ കേട്ടു. എങ്കിലും തുണിക്കുള്ളിൽ ഇളവുചെയ്യുകിട്ടുന്ന ഒരുവൻ്റെ ഹൃദയത്തോടുകൂടി ഞാൻ വെളിയിലേക്കിറങ്ങി. പിറകെ സരോജവും. വണ്ടി നീങ്ങിത്തുടങ്ങിയപ്പോൾ ഞാൻ വീണ്ടും അങ്ങോട്ടു നോക്കി. രണ്ടുനാലു മേശപ്പുറത്തു കുന്നുപോലെ കൂട്ടിയിട്ടിരിക്കുന്ന സാരിയും തുണികളും. സരോജത്തിൻ്റെ ഷോപ്പിംഗ് !!

—o—


# ഒന്നാന്തരം റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ
മിതമായ നിരക്കിലും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണു്.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

വാദവേദി

# കുമാരനാശാന്റെ "ദുരവസ്ഥ"

ജീ. ബാഹുലേയൻ

മിസ്റ്റർ കെ. കാർത്തികേയൻ എം. ഏ. ൧൧൨൫ മീനം ൨൭-ാംനു-യിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ 'കുമാരനാശാന്റെ ദുരവസ്ഥ' എന്ന ശീർഷകത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചുകണ്ടു. ആശാന്റെ "ദുരവസ്ഥ" ഒരു പുരോഗമനസാഹിത്യമല്ലെന്നാണ് അദ്ദേഹം അതിൽ പ്രതിപാദിച്ചിട്ടുള്ളത്. പക്ഷേ ആ ഉദ്യമം തികച്ചും വിഫലമായിപ്പോയി എന്നു പറയാതെതരമില്ല.

കുമാരനാശാൻ ദേശീയകവിയല്ലെന്നു മി: ഗുപ്തൻനായർ പറഞ്ഞിട്ടുള്ള അഭിപ്രായത്തെയും അതിനെത്തുടർന്നുള്ള വാദഗതികളെയും വിശദീകരിക്കുകയാണ് മി: കാർത്തികേയൻ എം. ഏ-യുടെ ലേഖനത്തിന്റെ ആദ്യഭാഗത്തിൽ ചെയ്യുന്നത്. ആ വിശദീകരണത്തിനു പ്രതിപാദ്യവിഷയവുമായി അത്രവളരെ ബന്ധമൊന്നുമില്ല.

"മഹാകവി കുമാരനാശാന്റെ കൃതികളിൽവച്ച് ഏറ്റവും പുരോഗമനപരമായതു ദുരവസ്ഥയാണല്ലോ. ഈ കൃതി ഇന്നത്തെ രീതിയിലുള്ള ഒരു യഥാർത്ഥപുരോഗമനസാഹിത്യമാണോ എന്നു പരിശോധിക്കാം." എന്നാണ് ദുരവസ്ഥയെക്കുറിച്ചു മി കാർത്തികേയൻ പറഞ്ഞുതുടങ്ങുന്നത്. ദുരവസ്ഥയാണ് ആശാന്റെ ഏറ്റവും പുരോഗമനപരമായ കൃതിയെന്നു പറയുന്നതു ശരിയല്ല. 'ചണ്ഡാലഭിക്ഷുകി'യാണ് ആശാന്റെ കൃതികളിൽ ഏറ്റവും പുരോഗമനപരമായിട്ടുള്ളത്. ൧൧൧൬-ൽ ശ്രീമതി കെ. ഭാനുമതിഅമ്മ പ്രസിദ്ധീകരിച്ച ആശാൻസ്മാരകഗ്രന്ഥത്തിൽ "ചണ്ഡാലഭിക്ഷുകി"യെപ്പറ്റി ശ്രീ: ഏ. ബാലകൃഷ്ണപിള്ള എഴുതിയിട്ടുള്ള ലേഖനം ഈ അഭിപ്രായത്തെ സ്പഷ്ടമാക്കുന്നുണ്ട്. "ദുരവസ്ഥ" ഇന്നത്തെ രീതിയിലുള്ള ഒരു പുരോഗമനസാഹിത്യമാണോ എന്നു പരിശോധിക്കുന്നതും തെറ്റാണ്. ഇന്നത്തെ ചുറ്റുപാടുകളിൽ ജീവിക്കുന്ന ഒരു കവിക്കേ ഇന്നത്തെ രീതിയിലുള്ള പുരോഗമനസാഹിത്യം രചിക്കാൻ കഴിയുകയുള്ളൂ. ഇന്നത്തെ മുതലാളിത്തകാലഘട്ടത്തിൽനിന്നും മൂലേ വിഭിന്നമായ ഫ്യൂഡൽകാലഘട്ടത്തിൽ ജീവിച്ചിരുന്ന കുമാരനാശാൻ ഇന്നത്തെരീതിയിലുള്ള പുരോഗമനസാഹിത്യം സൃഷ്ടിച്ചിട്ടുണ്ടോ എന്നു നോക്കാൻ തുടങ്ങുന്നതു വളരെ തെറ്റായൊരു മാർഗ്ഗമാണ്.

മാർക്സിന്റെ തത്വസംഹിതയും ലെനിന്റെ വിശദീകരണവുമനുസരിച്ചുള്ള സോഷ്യലിസ്റ്റുസിദ്ധാന്തത്തിലൂടെ വസ്തുക്കളെ അപഗ്രഥിച്ചു ബോധപൂർവ്വം വർഗ്ഗസമരത്തിനാഹ്വാനം നൽകുകയും അതുവഴി സാമ്പത്തികാടിസ്ഥാനത്തിൽ വർഗ്ഗരഹിതമായ ഒരു സമൂഹം സൃഷ്ടിക്കാൻ ഉത്തേജനം നൽകുകയും ചെയ്യുന്ന സാഹിത്യത്തെയാണ് പുരോഗമനസാഹിത്യമായി മി: കാർത്തികേയൻ കണക്കാക്കുന്നത്. ഈ വീക്ഷണഗതി മലയാളസാഹിത്യത്തിൽ കടന്നുകൂടിയിട്ടുതന്നെ വളരെ കാലങ്ങളൊന്നും ആയിട്ടില്ല. ഈ പുതിയ ചിന്ത പരക്കെ പ്രചരിച്ചിട്ടുള്ള ഇക്കാലത്തുംപോലും പേരുകേട്ട സാഹിത്യകാരന്മാർപോലും വഴിതെറ്റിക്കാണുന്നു. ആ സ്ഥിതിക്കു സോഷ്യലിസത്തെക്കുറിച്ചു ശരിയായി മലയാളികൾ ധരിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ വിശേഷിച്ചു സാഹിത്യവുമായി അതിനൊരു ബന്ധമുണ്ടെന്നു സ്വപ്നത്തിൽപോലും അറിയാതിരുന്ന ഒരവസരത്തിൽ ആശാൻ സോഷ്യലിസ്റ്റുസിദ്ധാന്തത്തിലൂടെ വസ്തുക്കളെ ബോധപൂർവ്വം അപഗ്രഥിച്ചു കവിത എഴുതാൻ പരിശ്രമിച്ചിട്ടുണ്ടോയെന്നു പരിശോധിക്കാൻ തുടങ്ങുന്നതു വളരെ പിശകാണ്.

"ദുരവസ്ഥ' പുരോഗമനസാഹിത്യമല്ലെന്നു പ്രകടമാക്കുവാൻ പറയുന്ന സംഗതികൾ ഇങ്ങനെ സംഗ്രഹിക്കാം.

മലബാറിലെ മാപ്പിളലഹള ഒരു വർഗ്ഗസമരമായിരുന്നു. അതിനെ കുമാരനാശാൻ കണ്ടതു ജാതിയുടെ ഉച്ചനീചത്വങ്ങൾ സമുദായത്തിനും രാജ്യത്തിനും ചെയ്യുന്ന ഘോരപാതകത്തിന്റെ രൂപത്തിലാണ്.

ഈ ലഹളയുടെ അശാസ്ത്രീയത എവിടെയെന്നു കവി ചൂണ്ടിക്കാണിക്കുന്നില്ല. നേരേമറിച്ചു വർഗ്ഗീയവൈരം ക്രൂരതലായി കുത്തിവയ്ക്കാനും അദ്ദേഹം അറിയാതെ ഒരുമ്പെട്ടുപോയി.

കവി കൈകാര്യംചെയ്യുന്ന കാര്യങ്ങൾ വായനക്കാരെ വഴിതെറ്റിക്കുകയാണ്. യഥാർത്ഥപ്രശ്നത്തെ മറച്ചുകൊണ്ടു അതു മാപ്പിളമാരുടെ ക്രൗര്യത്തെയും നമ്പൂതിമാരുടെ ജാതിഭ്രമത്തെയും ചെറുമക്കളുടെ നിസ്സഹായതയേയും പര്‍ടിപ്പുകഴ്ത്തുകയാണ്. സാമ്പത്തികാടിസ്ഥാനത്തിൽ മാപ്പിളലഹളയെ അപഗ്രഥിച്ചിരുന്നുവെങ്കിൽ അതു രാജ്യത്തിന്റെയും സാഹിത്യത്തിന്റെയും ഭാഗ്യമാകുമായിരുന്നു.

പുരോഗമനസാഹിത്യത്തെക്കുറിച്ചുള്ള പുതിയ നിലപാടനുസരിച്ചു മേൽപറഞ്ഞ ദൂഷ്യങ്ങളാണ് "ദുരവസ്ഥ'യിൽ മി: കാർത്തികേയൻ കണ്ടിട്ടുള്ളത്. ഈ ദോഷാരോപണങ്ങൾ ശരിയാണോയെന്നു ഇനി പരിശോധിക്കാം.

മലബാറിലെ മാപ്പിളലഹള ജന്മികുടിയാൻ സമരമായിട്ടുതന്നെ ആശാൻ കണ്ടിരുന്നു. "ജന്മിമാരില്ലമിടിച്ചുകളംകുഴിപ്പിൻ" എന്നും

"എന്നല്ലിവരിൽ പലരുംമനസ്സാലെ-
ക്കന്നവർതെതുക്ഷിക്കാരേല്ലാം
പേർത്തുംചിലരിവർ നമ്മുടെ വസ്തുക്കൾ
ചാർത്തിച്ചുവാങ്ങിക്കഴിവോരല്ലോ
എന്നല്ലീമുസ്ലിംയും കാഫ്റീൻകൂട്ടരും
സ്വന്തംപടിക്കലെ ഭൃത്യരല്ലോ"

എന്നും "ദുരവസ്ഥ 'യിൽ പറഞ്ഞിട്ടുള്ളതു ഇതിനു തെളിവാണ്. മലബാറിലെ ജന്മികുടിയാൻ സമരത്തിനു പ്രധാനകാരണം സാമ്പത്തികമല്ല; ജാതിവൈരമായിരുന്നു. ജന്മിമാരെല്ലാം നമ്പൂരിമാരും അവരെ കൊള്ളചെയ്ത കുടിയാന്മാർ മാപ്പിളമാരുമാണെന്നുള്ളതുകൊണ്ട് മതവൈരം ലഹളയുടെ ഒരു പ്രബലകാരണമാണെന്നു കാണാൻ കഴിയും. ഈ ലഹള നടന്നടിക്കിൽ കുടിയാന്മാരായി മററു മതക്കാരുണ്ടായിരുന്നു. പക്ഷേ അവർ ലഹളയിൽ പങ്കുകൊണ്ടിരുന്നില്ല. മതപരമായ ഒരടിസ്ഥാനം ആ സമരത്തിനില്ലായിരുന്നുവെങ്കിൽ തീർച്ചയായും മററുവർഗ്ഗക്കാരും കൊള്ളക്കാരുടെ കൂട്ടത്തിൽ കാണുമായിരുന്നു.

ഇനി ലഹളക്കാർതന്നെ ശരിയായ മഹമ്മദീയരാണോ? അല്ലെന്നു കാണാൻ കഴിയും. ഹിന്ദുമതത്തിലെ ജാതിഭേദത്തിന്റെ ദുരനുഭവങ്ങളാൽ മതംമാറിയപതിതവർഗ്ഗമാണു മഹമ്മദീയർ.

ആശാന്റെ കാലത്തു ജാതിയുടെ ഭീകരവാഴ്ചയായിരുന്നു കേരളത്തിൽ നടമാടിയിരുന്നതു്. കേരളത്തിൽതന്നെ വടക്കേദിക്കിൽ അതിന്റെ ദുരനുഭവങ്ങൾ അനിതരസാധാരണമായി അഭിവൃദ്ധിപ്പെട്ടിരുന്നു. ഇന്നും കേരളത്തിൽ വടക്കൻ പ്രദേശത്താണ് ജാതീയമായ ഉച്ചനീചത്വങ്ങൾ രൂഢമൂലമായിരിക്കുന്നത്. പണ്ടും അങ്ങനെതന്നെ ആയിരുന്നു. താണജാതിക്കാരായ ഹിന്ദുക്കൾ മഹമ്മദുമതം സ്വീകരിച്ചു സ്വാതന്ത്ര്യം നേടാൻ പണ്ട് ഉത്സാഹിച്ചിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. മലബാറിലെ മുഹമ്മദീയർ ഇങ്ങനെയുള്ളവരാണെന്നു ആശാൻ വ്യക്തമാക്കിയിട്ടുണ്ട്.

"കേരളത്തിങ്കൽ മുസൽമാന്മാർപശ്ചിമ
പാരങ്ങളിൽനിന്നു വന്നു കടലിൽ
ചീറുംതിരകൾകടന്നാഹോ മലയാ-
ളമേറിയവന്നവരേറയില്ല
എത്രയോകൂട്ടംവഴിതെറ്റിനില്ക്കുന്നോ-
രേഴച്ചെറുമൻപോയ് തൊപ്പിയിട്ടാൽ
ചിത്രമവനെത്തിച്ചേരത്തിരുന്നിടാം
ചൊറും പേടിക്കണ്ടാനമ്പൂരാരേ
ഇത്രസ്വച്ഛവുമാർദ്ദവുമായ്
സിദ്ധിക്കും സ്വാതന്ത്ര്യസൗഖ്യമെങ്കിൽ
ബുദ്ധിയുള്ളോരിങ്ങാരേയ പേക്ഷിച്ചു
ബദ്ധരായ് മേവുമോ ജാതിജാലത്തിൽ."

ഇങ്ങനെ സവർണ്ണഹിന്ദുക്കളുടെ ദുർവൃത്തികൾകൊണ്ടു മതംമാറി മുഹമ്മദീയരായിത്തീർന്ന കൊള്ളക്കാർക്ക് സവർണ്ണരോടെന്നെ എതിർക്കാനാണല്ലോ പ്രത്യേകതയുള്ളതു്. ഇപ്രകാരം നോക്കുമ്പോൾ ഹിന്ദുമതത്തിന്റെ ഉള്ളിലുള്ള വൈരുധ്യങ്ങളാണു മതകലഹത്തിനു വഴിതെളിച്ചതെന്നു പ്രകടമാകുന്നു.

ജന്മികുടിയാൻ കാലഘട്ടത്തിൽ (ഫ്യൂഡൽ കാലഘട്ടത്തിൽ) ജാതീയമായ ഉച്ചനീചത്വങ്ങളും കലാപങ്ങളും ഏററമുണ്ടെന്നുള്ളതു് ശാസ്ത്രീയസിദ്ധാന്തമാണ്. ആ വ്യവസ്ഥിതിയിൽ ജീവിച്ചിരുന്ന കവി അന്നത്തെ അനീതികളെ തകർക്കാൻ പൊരുതുകയാണുവേണ്ടതു്. കേരളത്തിൽ മാപ്പിളലഹള ജന്മികളും കുടിയാന്മാരും തമ്മിൽ പ്രധാനമായി ജാതിയുടേയും മതത്തിന്റെയുംപേരിൽ നടത്തിയ ഒരുസമരമായിരുന്നു. അതിനാൽ ആ വിപ്ലവം ആശാന്റെ കവിതയിലും പ്രതിഫലിക്കുന്നതു ആ രീതിയിലാണ്.

ദുരവസ്ഥയിലെ നായികയായ സാവിത്രി അന്തർജ്ജനം മനസ്സാൽനിന്നും ചാത്തന്റെ പുൽമാടത്തിൽ എത്തുന്നതിനും ചാത്തനെത്തന്നെ ഭർത്താവായിവരിക്കുന്നതിനുമുള്ള ചുററുപാടു സൃഷ്ടിക്കാൻവേണ്ടിയാണ് മാപ്പിളലഹളയെ കവി കൈകാര്യംചെയ്യുന്നതു്. അതിനാൽ കഥയിൽ സാവിത്രിയുടെയും ചാത്തന്റെയും വിവാഹത്തിനുള്ളിടത്തോളം പ്രാധാന്യം മാപ്പിളലഹളയ്ക്കില്ല. അതുകൊണ്ട് മാപ്പിളലഹളയുടെ സമഗ്രമായ ഒരു വിശകലനത്തിന്റെ ആവശ്യം കവിക്കു നേരിട്ടില്ല കഥാഗതിക്കു സഹായകമായരീതിയിൽ സാവിത്രി അന്തർജ്ജനത്തിന്റെ മനസ്സിൽനടക്കുന്ന സംഭവത്തെ വ്യക്തമാക്കുന്നതേയുള്ളൂ. ആ നിലയിൽ അപാകം കൂടാതെ തന്നെ മാപ്പിളലഹളയെക്കുറിച്ചു പ്രതിപാദിക്കുവാൻ കവിക്കു കഴിഞ്ഞിട്ടുണ്ട്. മാപ്പിളലഹളക്കു കവിതയിൽ ഇപ്രകാരമെങ്കിലും ഒരു രൂപം കൊടുക്കാൻതക്കൊരു പ്രബോധം ആശാനുമാത്രമേ ഉണ്ടായിരുന്നുള്ളു എന്നതുതന്നെ ആശാന്റെ മഹത്വത്തിനു നിദർശനമാണ്.

ദുരവസ്ഥയിൽ മാപ്പിളമാരുടെ ക്രൂരതകളെയും നമ്പൂതിമാരുടെ ജാതിഭ്രമത്തിനെയും കവി എതിർക്കുന്നുണ്ട് മാപ്പിളമാരുടെ മുദ്രാവാക്യംതന്നെ വളരെ മലീമസമായിരുന്നു.

"അള്ളായല്ലാതൊരു ദൈവം മലയാള-
ത്തില്ലാതാക്കീടുവിനെന്നുചൊല്ലും"

എന്നു ലഹളത്തലവന്മാർ ആജ്ഞാപിക്കുന്നതും "അമ്മമാരില്ലേ സഹോദരിമാരില്ലേ" എന്നു സംശയിക്കത്തക്കരീതിയിൽ സ്ത്രീകളോടു പെരുമാറുന്നതും മററും മാപ്പിളമാരുടെ കടുംകൈകളാണ്, അതിനെ ആശാൻ ശക്തിയായി എതിർക്കുന്നു. അതു മാപ്പിളമാരോടു വെറുപ്പുണ്ടാക്കാൻ പര്യാപ്തമാണെങ്കിൽതന്നെയും ആശാൻ തെററുകാരനല്ലല്ലോ.

അതുപോലെതന്നെ നമ്പൂതിമാരുടെ ജാതിഭ്രമത്തിനെയും ആശാൻ ശക്തിയായി പ്രതിഷേധിച്ചു. "മാററുവിൻചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാററുമതുകളീനിങ്ങളെത്താൻ" എന്നാശാൻ പറയുന്നതു് നമ്പൂതിമാരോടുള്ള ചെറുമക്കളുടെ വിപ്ലവാഹ്വാനമായി മുഴങ്ങിക്കേൾക്കാം.

ചെറുമക്കളുടെ നിസ്സഹായതയെ ആശാൻ വ്യക്തമാക്കുന്നുണ്ട്. യഥാതഥമായ ആ പ്രതിപാദനം ജാതിയുടെ കൊടും യാതനകളിൽ പിടയുന്ന ഒരു വർഗ്ഗത്തെ എടുത്തുകാണിക്കുന്നു. ജാതിമൂലം കഷ്ടതകൾ അങ്ങേഅററം എത്തിയിരിക്കുന്ന സ്ഥിതിക്ക് അടുത്തപടിയായി അതൊരു പൊട്ടിത്തെറിക്കലായി കലാശിക്കുമെന്നുള്ള കാര്യം ആശാൻ വളരെ വ്യക്തമായി വ്യഞ്ജിപ്പിക്കുന്നുണ്ട്.

"മാററുവിൻചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതുകളീനിങ്ങളെത്താൻ
മാറാലികൊണ്ടുമൊഴിതന്ന സ്വർദ്ദാം
കാറിരമ്പുന്നിതാ കേരളത്തിൽ
നാലുപാടുംനിന്നതുതന്നെചൊല്ലുന്നു
'കാലവും,നിങ്ങളിന്നന്തിനില്പും'
കാലിന്നടിയിലുമസ്വസ്ഥതയുടെ
കോലാഹലങ്ങൾമുഴങ്ങിടുന്നു."

ഈ വരികൾ ഒന്നു നല്ലപോലെ വായിച്ചുനോക്കുക.

അന്നു സാമ്പത്തികപ്രശ്നം അത്ര ശക്തിപ്രാപിച്ചിരുന്നില്ല. ജാതിയും മതവും അതിന്റെ കെടുതികളുമാണ് ഭീകരവാഴ്ച നടത്തിയതു്. യാന്ത്രികവ്യവസായത്തിന്റെ വിജൃംഭണത്തോടുകൂടിയാണ് സാമ്പത്തികപ്രശ്നം ഒരു മൗലികപ്രശ്നമായി ഉയർന്നു തെളിഞ്ഞതു്. അതിനാൽ അന്നത്തെ വ്യവസ്ഥിതിയിൽ നടന്നതു് ആശാൻ കണ്ടു വേണ്ടവിധം കൈകാര്യംചെയ്തു. അങ്ങനെ ജന്മികുടിയാൻസമരത്തിന്റെ ഭാഗികമായ ജാതിദ്വാരങ്ങളെ നിർമ്മാർജ്ജനംചെയ്യാൻ ശക്തമത്തായ പ്രചോദനം നൽകി.

"ദുരവസ്ഥ'യിലെ പ്രധാനപ്രതിപാദ്യം അന്തർജ്ജനസ്ത്രീയും അന്ത്യജനും തമ്മിലുള്ള വിവാഹമാണ്. അതു് ഇന്നും അവശേഷിക്കുന്ന ജാതിവ്യത്യാസത്തെയും മററും നശിപ്പിക്കുവാൻ പര്യാപ്തമായ ഒരു പുതുമ നശിക്കാത്തപദ്ധതിയായി പല പ്രമാണികന്മാരും കരുതുന്നു. താണവർഗ്ഗവും ഉയർന്നവർഗ്ഗവും തമ്മിലുള്ള മിശ്രവിവാഹം താണവർഗ്ഗത്തെ ഉയർത്താൻ പോരുന്നൊരു പദ്ധതിയായി ആശാൻ പ്രതിപാദിച്ചിട്ടുള്ളതു് വളരെ ദീർഘദൃഷ്ടിയോടുകൂടിയായിരുന്നു എന്നു പറയാതെ തരമില്ല.

"മഹാകവി കുമാരനാശാന്റെ ദുരവസ്ഥയെത്തന്നെ ഈ വിമർശനത്തിനു വിഷയവും മാതൃകയുമായി സ്വീകരിച്ചതു് സാഹിത്യനിരൂപണത്തിൽ ഇന്നും അവശേഷിക്കുന്ന ജാതിക്കിളി തീർക്കാനാണ്" എന്നു പറഞ്ഞാണ് മി. കാർത്തികേയൻ ലേഖനം ഉപസംഹരിക്കുന്നതു്. മി. കാർത്തികേയന്റെ ഈ ഉദ്ദേശത്തെ പുരസ്കരിച്ചുള്ള ലേഖനം പുരോഗമനപരമല്ലെന്നു് മി: കാർത്തികേയന്റെ പുതിയ നിലപാടു സ്വീകരിച്ചുകൊണ്ട് പറയുവാൻ കഴിയും. ഇന്നു ജാതിയേക്കാൾ മികച്ച സാമ്പത്തികപ്രശ്നങ്ങൾ തലയുയർത്തി നില്ക്കുമ്പോൾ എന്തിനാണു ജാതിക്കിളി തീർക്കാൻ പാഴ്വേലചെയ്യുന്നതു? ജാതിക്കിളി തീർക്കുന്നതിനു തുനിഞ്ഞ മി: കാർത്തികേയൻ ജാതിയോടു പടപൊരുതിയ ആശാനെ ആക്ഷേപിക്കുന്നതിന്റെ മനശ്ശാസ്ത്രം എന്തായിരിക്കാം!!

—o—


**List of 1st Prize Winners names for C. No 25.-** (1) Mr. Kunhikrishnan Nair, Attd. Sec. MRC. Wellington Barracks, Nilgiris, (2) Mr. H. M. Deviah, Halasaballi, Malavelli Tk., Mandya Dt, (3) Shibcha an Gope, Clerk, Dy. Commissioner's Office, Chaibasa PO, Singhbhum Dt., (4) Daddappa Rayappa Nargund. Unkal PO., Dharwar Dt., (5) P. Gurulingam, Devara, Parlakamidi, Ganjam Dt, (6) Kekanaje Sham Bhatta. Puttur Khasba, Talepaddy, S. Kanara. (7) P. Chellappan Chettiar, Edamananlakathu Veedu, Maruthenkushy, Trivandrum and (8) Jagannath Mohanty, Mayurbanj

## രൂ: 25,000 നേടുക.

ഗവ: രജി: നമ്പർ 249. പ്രശ്നം നമ്പർ 27.

മുദ്രവച്ച ശരിയുത്തരം പ്രീമിയർബാങ്ക് ഓഫ് ഇൻഡ്യ ലിമിററഡിൽ സൂക്ഷിച്ചിരിക്കുന്നതും അവരുടെ അനുമതിയോടുകൂടി അതു പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

ഒന്നാംസമ്മാനം ശരിഉത്തരം രൂ: 12,000/- രണ്ടാംസമ്മാനം—ആദ്യരണ്ടുവരി ശരിയായതിനു്—രൂ: 7,000/- മൂന്നാംസമ്മാനം—ഒരുവരി ശരിയായതിനു്—രൂ: 3,000/- നാലാംസമ്മാനം—ആദ്യത്തെ മൂന്നക്കം ശരിയായതിനു്—രൂ: 2,000/- അഞ്ചാംസമ്മാനം—ആദ്യത്തെ രണ്ടക്കം ശരിയായതിനു്—രൂ: 1,000/-

അവസാനതീയതി: 29-5-'50. ഉത്തരം പ്രസിദ്ധപ്പെടുത്തുന്നതു്: 14-6-'50.

പ്രവേശനഫീസ്:- ഒരുത്തരത്തിനു്: രൂ: 1-0-0 * 6-ഉത്തരങ്ങൾക്കു്: രൂ: 5-0-0

RAINBOW COMPETITIONS
KEY S. NO. 25 *36 TO 51=174

| | | | |
|---|---|---|---|
| 48 | 38 | 37 | 51 |
| 47 | 41 | 42 | 44 |
| 43 | 45 | 46 | 40 |
| 36 | 50 | 49 | 39 |

We hereby certify that the above is the solution in original deposited with us by Rainbow Competitions No. 25 on 8.3.50 in a sealed cover which was opened in our presence to-day and that a copy of the above solution has been lodged with the Bank.

For The Premier Bank of India Ltd
V. Ramanathan 28/4/50
Agent, Madras.

182

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

പൂരിപ്പിക്കേണ്ട വിധം:—38-മുതൽ 53-വരെയുള്ള അക്കങ്ങൾ ഉപയോഗിച്ചു് നേരെയും കുറുകേയും കോണോടുകോണും കൂട്ടിയാൽ ആകെത്തുക 182 കിട്ടത്തക്കവണ്ണം പൂരിപ്പിക്കുക. ഒരക്കം ഒരു പ്രാവശ്യംമാത്രമേ ഉപയോഗിക്കാവൂ. ഓരോ ഉത്തരത്തിനടിയിലും പേരും മേൽവിലാസവും ഇംഗ്ലീഷിൽ വൃത്തിയായി എഴുതിയിരിക്കണം. ഇൻഡ്യൻ പോസ്റ്റൽ ആർഡറായോ മണിയാർഡറായോ തുക അയയ്ക്കണം. മണിയാർഡർകൂപ്പണിൽ പേരും മേൽവിലാസവും എഴുതിയിരിക്കേണ്ടതും, മണിയാർഡർരസീതു് ഉത്തരത്തോടൊപ്പം അയയ്ക്കേണ്ടതുമാണ്. പിരിവനുസരിച്ചു സമ്മാനത്തുക ഭേദപ്പെടുത്തുന്നതായിരിക്കും. മാനേജരുടെ തീരുമാനം അവസാനവും നിയമാനുസൃതവുമായിരിക്കും. ഉത്തരം "റെയിൻബോ" എന്ന പ്രതിപക്ഷപത്രികയിൽ പ്രസിദ്ധപ്പെടുത്തും. ൪-അണസ്റ്റാമ്പയച്ചാൽ തപാൽവഴി അയയ്ക്കുന്നതായിരിക്കും.

ഉത്തരങ്ങൾ അയയ്ക്കേണ്ടും മേൽവിലാസം:-

**THE RAINBOW COMPETITIONS, No. 27.**
**306 (A) Mint Street, MADRAS 1.**

സോമൻ ആൻഡ് പാർട്ടി ൧൦




ബാലപംക്തി

# എന്റെ കഥ

—೦—

അമ്പിഴേത്തു് രാമൻപിള്ള

ഞാൻ ഒരു പൈസ ആകുന്നു. ആദ്യം ഞാൻ ചെമ്പുഖനിയിലായിരുന്നു വസിച്ചിരുന്നതു്. അവിടെ ഞാൻ വളരെ സുഖമായി താമസിച്ചിരുന്നു. എന്നാൽ അവിടം മുഴുവനും ഇരുട്ടായിരുന്നു. ആരെയും കാണുവാൻ കഴിഞ്ഞിരുന്നില്ല. വായുവോ, വെള്ളമോ, സൂര്യപ്രകാശമോ ഒന്നുംതന്നെ അവിടെ എത്തിനോക്കുകപോലും ചെയ്തിരുന്നില്ല. ലോകത്തിൽ എവിടെയെല്ലാം എന്തെല്ലാം നടന്നുവെന്നുള്ളതു് ഞാൻ അല്പംപോലും അറിഞ്ഞിരുന്നില്ല. നിങ്ങൾ ഇപ്പോൾ കാണുന്നതായ എന്റെ ഈ രൂപം അന്നെനിക്കില്ലായിരുന്നു. എനിക്കു ആകൃതിയോ പ്രകൃതിയോ ഒന്നുംതന്നെ ഇല്ലായിരുന്നു.

ഈശ്വരന്റെ മായ് വളരെ വിചിത്രം തന്നെ. സുഖത്തിനുശേഷം ദുഃഖം ദുഃഖത്തിനുശേഷം സുഖം അങ്ങനെ പോകുന്നു ജീവിതചക്രം കറങ്ങിക്കൊണ്ടു്. ഇതുപോലെതന്നെ എന്റെ ജീവിതത്തിലും സുഖദുഃഖങ്ങൾ എനിക്കനുഭവപ്പെട്ടു. അതെങ്ങനെയാണെന്നു കേട്ടുകൊൾക.

ചെമ്പുഖനിയിൽനിന്നും എന്നെ കുഴിച്ചെടുത്തു വെളിയിൽ കൊണ്ടുവരപ്പെട്ടു. പിന്നീടു വണ്ടിയിൽകയററി എന്നെ കൽക്കട്ടായിലെ കമ്മട്ടശാലയിലേക്കു കോണ്ടുപോയി. കമ്മട്ടശാലയിൽ കൊണ്ടുവന്നതിനുശേഷം എന്നെ ഒരു യന്ത്രത്തിലിട്ടു ചൂടുപിടിപ്പിച്ചു. അപ്പോൾ നൂററാണ്ടുകളായി എന്നിൽ പററിപ്പിടിച്ചിരുന്ന അഴുക്കുകളെല്ലാം വേർപെട്ടുതുടങ്ങി. ഞാൻ സ്വർണ്ണംപോലെ തിളങ്ങി. ആ യന്ത്രത്തിൽനിന്നും എന്നെ എടുത്തു് അച്ചിലിട്ടു പിടിച്ചു വൃത്താകൃതിയിലാക്കി. വീണ്ടും എന്നെ പലവിധത്തിൽ ഉപദ്രവിച്ചു് എന്റെ പേരും എന്റെ ജനനവർഷവും എന്റെമേൽ മുദ്രണംചെയ്തു. അതിനുശേഷം എന്റെ മുഖത്തു ജോർജ്ജു ചക്രവത്തിയുടെ രൂപവും അടിച്ചേല്പിച്ചു. അങ്ങനെ ഞാൻ നിങ്ങളുടെ പൈസയായിത്തീർന്നു.

ഇപ്രകാരം ഒട്ടങ്ങാത്ത പീഡനങ്ങൾക്കു ശേഷം ഞാൻ കമ്മട്ടശാലയിൽനിന്നും പുറത്തുവന്നു. ഞാൻ ഒററയായിരുന്നില്ല. എന്നോടുകൂടി എന്റെ അസംഖ്യം സഹോദരന്മാരും ഉണ്ടായിരുന്നു. അവരെല്ലാംതന്നെ എന്നെപ്പോലെയിരുന്നു. പൊന്നണിഞ്ഞ പ്രതീക്ഷകളോടുകൂടിയാണു് ഞാൻലോകത്തിറങ്ങിയതു്. ലോകംമുഴുവനും ചുററിക്കാണണമെന്നു ഞാൻ ആഗ്രഹിച്ചു. രാജാവുമുതൽ ദരിദ്രൻവരെയുള്ളവരെല്ലാം എന്നെ ബഹുമാനിക്കുമെന്നു ഞാൻ വിചാരിച്ചു.

കമ്മട്ടശാലയിൽനിന്നും ഞാൻ നേരേപോയതു് ഒരു മാളികയിലേക്കായിരുന്നു. അതു് ഏതോ ഒരു ബാങ്കായിരുന്നു. അവിടെ എന്നെക്കാൾ പ്രായമുള്ളവനായി ഒരാളെക്കൂടി കണ്ടുമുട്ടി. വളരെദൂരം സഞ്ചരിച്ചു തിരികെ വന്നിരിക്കുകയാണെന്നു എനിക്കയാളെ കണ്ടപ്പോൾതോന്നി. അയാളുടെ മുഖം മ്ലാനമായിരുന്നു. യാതനകളനുഭവിച്ചു് വളരെ ക്ഷീണിച്ചിരുന്ന അവനിൽ എനിക്കു അനുകമ്പ തോന്നി. എന്റെ അവസ്ഥയും ഇതുപോലെ ആകുമോ എന്നു ഞാൻ സംശയിച്ചു.

ബാങ്കിൽനിന്നും തിരിച്ചു ഞാൻ ഒരു നെയ്ത്തുകാരന്റെ പക്കലെത്തി. എന്റെ പുതിയ രൂപം കണ്ടിട്ടു് നെയ്ത്തുകാരന്റെ കുട്ടികൾക്കു് അത്യധികമായ ആനന്ദമുണ്ടായി. അവരിലൊരുവൻ എന്നെ കോരിവാരിയെടുത്തു് അവ

ചെറുകഥ

# സ്നേഹത്തിന്റെ ശ്മശാനം

ശാന്തകുമാരി, മാന്നാർ.

കിഴക്കുള്ള വെള്ളക്കുന്നുകളുടെ പുറംഭാഗത്തു ദിനകരൻ ഒട്ടുമാഞ്ഞ് ലോകസന്ദർശനം ചെയ്യുന്നതിനു തയ്യാറാകുന്നു. കിളികളുടെ കളകളാരവം പ്രഭാതത്തിന്റെ ശോഭയ്ക്കു മാററു കൂട്ടുന്നു. സുഗന്ധപുഷ്പങ്ങൾ പനനീർത്തുള്ളികളെ ഭൂമിയിൽ തളിച്ച് എങ്ങും രമ്യമായ സുഗന്ധം പുറപ്പെടുവിക്കുന്നു. പരിമളവാഹിയായ മന്ദമാരുതൻ പ്രഭാതരമ്യതയെ വീക്ഷിച്ചു കൊണ്ട് തരുലതാദികളെ തഴുകുന്നു. ഇങ്ങനെയുള്ള സുപ്രഭാതത്തിൽ പ്രകൃതിദേവിയുടെ വിലാസരംഗവും മനോഹരവുമായ ഒരു പുഷ്പവാടി എത്രമാത്രം പരിശോഭനമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ? പ്രകൃതിരമ്യതയുടെ ഏകരൂപിച്ചുള്ള വിലാസത്താൽ പ്രശോഭിതമായിരിക്കുന്ന ഒരു ചെറിയ പുഷ്പവാടിയുടെ മദ്ധ്യത്തിലാണ് ആ മനോഹരമായ ചെറിയ "ശവകുടീരം" സ്ഥിതിചെയ്യുന്നത്.

സ്നേഹത്തിന്റെ ശ്മശാനം — ഡംപത്യസമരത്തിന്റെ സമാധാനം — എന്നുള്ള രണ്ടു വാചകങ്ങൾമാത്രം അതിന്റെ ഒരു ഭാഗത്ത് ഭംഗിയായി കൊത്തിയിട്ടുണ്ട്. ആ ശവകുടീരത്തിന്റെ യാതൊരു ചരിത്രങ്ങളും അതിൽനിന്നു മനസ്സിലാക്കുവാൻ സാധ്യമല്ല. എന്നാൽ ആരോ അതിനെ — അതിലുറങ്ങുന്ന തത്വത്തെ — ആരാധിക്കുന്നുണ്ടെന്ന് അവിടെ കത്തിവച്ചിരിക്കുന്ന വിളക്കുകളും പുഷ്പമാല്യങ്ങളും കണ്ടാൽ മനസ്സിലാകും. ആ പുഷ്പവാടിയിൽ പുഷ്പങ്ങൾ ശേഖരിക്കുന്ന ഗോപിയെ ആക്തതന്നെ കണ്ടുകൂടേ? അവൻ ആ പുഷ്പങ്ങളിലും നിലത്തും പൊഴിക്കുന്ന ചുടുകണ്ണീർത്തുള്ളികൾ അതുകടതന്നെ ഹൃദയത്തിൽ വികാരങ്ങളുയർത്തുന്നില്ലേ?

ആ ശവകുടീരത്തിന്റെ പിന്നിലുള്ള ദീർഘമായ കഥയറിയുവാൻ ആരാണു ജിജ്ഞാസപ്പെടാത്തതു? ആ ശവകുടീരത്തിന്റെ പിന്നിലുള്ള വഴിയിൽക്കൂടി, ആ ശ്മശാനത്തെയും അതിന്റെ ചാരെ പടർന്നുള്ള സൂക്ഷ്മവീക്ഷണം ചെയ്യുവരുന്ന വിദേശീയസ്ത്രീ അതിന്റെ കഥയറിയുവാൻ വെമ്പൽകൊള്ളുന്നതിലെന്താണത്ഭുതം? ആ നാട്ടുകാരെയാരെയെങ്കിലും കണ്ടു ചോദിക്കുവാൻ ആകാംക്ഷയോടെ വരുന്ന ആ സ്ത്രീ ഗോപിയെക്കണ്ടാൽ വിട്ടേയ്ക്കുമോ? അവർ ചോദിക്കുകതന്നെ ചെയ്തു. "കുഞ്ഞേ, ആ കാണുന്നതെന്താണ്?" "അതൊരു ശവകുടീരം." ഗോപി പ്രതിവചിച്ചു.

അതിലാരാണ് വല്ല മഹാത്മാക്കളുമാണോ?

ഗോപി — അതേ! അതിലൊരു മഹാത്മാവാണു.

സ്ത്രീ — സ്ത്രീയോ? പുരുഷനോ? അവർ കുഞ്ഞിന്റെ ആരാണ്. അവർ എങ്ങിനെ മരിച്ചു. അതിന്റെ കഥ എന്നോടൊന്നു പറയുമോ?

ഗോപി — അവർ സ്ത്രീയുമല്ല; പുരുഷനുമല്ല ഒരു ബാലികയാണു. മറ്റുള്ളകഥയെല്ലാം ഈ പൂവിറുത്തുകൊണ്ടുവരുന്നതുവരെ ക്ഷമിച്ചാൽ പറയാം.

സ്ത്രീ — എത്രനേരം വേണമെങ്കിലും ക്ഷമിക്കാം. എന്നാലും എനിക്കിതിന്റെ കഥ കേൾക്കണം.

* * * *

ഗോപി പൂവിറുത്തുകൊണ്ടുവന്ന് കഥ പറയുവാനാരംഭിച്ചു.

എനിക്കോർമ്മവയ്ക്കുന്നതിനുമുമ്പ് എന്റെയമ്മ — ആ ഭാഗ്യവതി — ഞങ്ങളെ വിട്ടുപിരിഞ്ഞു കഴിഞ്ഞിരുന്നു. ഞാനും എന്റെ അനുജത്തിയും അച്ഛന്റെ ശാസനയിലും ലാളനയിലും വളർന്നുവന്നു. അമ്മയെപ്പററി ഓർത്തു ദുഃഖിക്കുവാനുള്ള അവസരം ഞങ്ങൾക്ക് വളരെക്കുറവേ ഉണ്ടായിരുന്നുള്ളു. കാരണം അച്ഛന്റെ ലാളന ഒന്നുമാത്രമായിരുന്നു. എന്റെ അച്ഛൻ ഒരു ദരിദ്രനായിരുന്നു. അദ്ദേഹം ഒരു നെയ്ത്തുശാലയിലെ തൊഴിലാളിയായിരുന്നു. അമ്മയുടെ വേർപാട് അദ്ദേഹത്തെ നിരുത്സാഹനാക്കിത്തീർത്തു. മക്കളുടെ അഭീഷ്ടസാദ്ധ്യത്തിനുവേണ്ടിയാണ് പ്രയത്നഫലം മുഴുവൻ ചിലവാക്കിയിരുന്നതു.

എന്റെ പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞ് എന്നെ ഇംഗ്ലീഷ് സ്കൂളിൽ ചേർത്തു. രണ്ടുവർഷം കഴിഞ്ഞപ്പോൾ ഓമനത്തിയും അതേ സ്കൂളിൽതന്നെ എത്തി. അന്ന് ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്തുനിന്നും വളരെ ദൂരെയായിരുന്നു സ്കൂൾ. അവളുടെ സൗകര്യത്തിനുവേണ്ടി ഞങ്ങൾ സ്കൂളിനടുത്തുള്ള ഒരു ചെറിയ കെട്ടിടത്തിൽ താമസമുറപ്പിച്ചു. അന്നുമുതൽ ഓമനയും ഞാനും വളരെ ഉത്സാഹമായി പഠിച്ചുവന്നു.

ഞങ്ങളുടെ ശൈശവജീവിതത്തിൽ ആനന്ദത്തിന്റെ രശ്മികൾ വിതറി സുഖത്തിനു മാററു കൂട്ടുവാൻ ഒരു കൊച്ചു സഹോദരിയെ ലഭിച്ചു. തങ്കം അതായിരുന്നു അവളുടെ പേര്. തങ്കം തന്നെയായിരുന്നവൾ. അവൾ വലിയൊരു ധനവാന്റെ പുത്രിയായിരുന്നെങ്കിലും അതിന്റെ സുഖങ്ങളൊന്നും അനുഭവിക്കുവാൻ അവൾക്കവസരം ലഭിച്ചിരുന്നില്ല. ബാല്യത്തിൽതന്നെ അച്ഛൻ അവളോടുയാത്ര പറഞ്ഞുകഴിഞ്ഞിരുന്നു. പിന്നെ അവൾക്കു ബന്ധുക്കളായി ശേഷിച്ചിരുന്നതു് അമ്മയും ഒരു മൂത്തസഹോദരനും ആയിരുന്നു. അവളുടെ ഭാവി അത്യന്തം ശോഭനമായിരിക്കുമെന്നു ഞങ്ങൾ പ്രത്യാശിച്ചു. എന്നാൽ എന്തു കാരണമോ അങ്ങിനെ സംഭവിച്ചിരുന്നില്ല.

ഓമനയും തങ്കവും സമവയസ്കരായിരുന്നെങ്കിലും, ഓമനയേയ്ക്കാളും വളരെ മുൻപുതന്നെ തങ്കം വിദ്യാലയത്തോടു യാത്രചോദിക്കുവാൻ നിർബന്ധിതയായിത്തീർന്നിരുന്നു. സംസ്കാരലേശം തീണ്ടിയിട്ടില്ലാത്ത സഹോദരന്റെ വിവേകശൂന്യതയുള്ള ആജ്ഞയ്ക്ക് മനസ്സില്ലാമനസ്സോടെയെങ്കിലും സമ്മതിച്ച ആ ബാലികയുടെ ബുദ്ധിവൈഭവം അവളെ നിരാശപ്പെടുത്തിയില്ല. അവൾ ഓമനയെ ആശ്രയിച്ചുപഠിക്കാൻ തുടങ്ങി. ദിവസേന ഞങ്ങളുടെ വീട്ടിൽ വന്ന് ഓമന പഠിക്കുന്ന പാഠങ്ങളെല്ലാം പഠിക്കുകയും സംശയമുള്ളവ എന്നോടു ചോദിച്ചു മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. ഞാൻ തങ്കത്തിനെ ഒരു കൊച്ചുസഹോദരിയെപ്പോലെ സ്നേഹിച്ചിരുന്നു. അവൾക്കു ദിവസേന സഹോദരനിൽനിന്നു ലഭിച്ചിരുന്ന ദയനീയമായ പ്രഹരങ്ങൾ എന്നെയും ഓമനയേയും വളരെ കണ്ണീരൊഴുക്കുന്നവരാക്കിത്തീർത്തിരുന്നു. ഞങ്ങൾ എന്തു ചെയ്യട്ടെ! അവൾക്കൊരാശ്വാസവചനങ്ങൾപോലും നൽകുവാൻ ഞങ്ങൾ ശക്തരായിരുന്നില്ല. മാതാവിന്റെ ലാളനയും ഞങ്ങളുടെ സഹവാസവും മാത്രമേ അവൾക്കൊരാശ്വാസം ഉണ്ടായിരുന്നുള്ളു.

* * *

രഘു ഒരു സാധാരണ സൃഷ്ടിതന്നെയായിരുന്നു. എങ്ങും നടപ്പിലുള്ള രീതിതന്നെയായിരുന്നു അയാളുടേതു്. അയാൾ ആ ഗ്രാമത്തിലെങ്ങും കണ്ടുവന്നിരുന്ന രീതിതന്നെയായിരുന്നു അതു്. പുരുഷൻ എത്രതന്നെ പ്രായംകുറഞ്ഞവനായാലും, വീട്ടിലുള്ള പ്രായംചെന്ന സ്ത്രീകളെപ്പോലും, ശിക്ഷിക്കുവാനും നിയന്ത്രിക്കുവാനും ഉള്ള അധികാരം അവനുതന്നെയാണെന്നുള്ളതു്, എവിടെയും നടപ്പിലിരിക്കുന്ന നിയമംതന്നെയായിരുന്നു. പിന്നെ അയാൾമാത്രം എന്തിന് മറെറാരുരീതി അംഗീകരിക്കുന്നു. എഴുന്നേററാലുടൻ റോഡിൽ പോകണം കാപ്പികുടിക്കണം; പുകവലി ഇടവിടാതെ നടത്തണം. ഉച്ചയൂണിനുമുമ്പ് പോക്കായി വീട്ടിലെത്തണം. ഊണു സുഖമായില്ലെങ്കിൽ അമ്മയെ ശകാരിക്കണം പെങ്ങളെ തല്ലണം; ഊണുകഴിഞ്ഞാലോ നാലുമണിവരെ ഉറങ്ങണം. അതുംകഴിഞ്ഞു റോഡിൽ പോയി കാപ്പികുടി, സിനിമാകാണൽ ഇവയെല്ലാം കഴിഞ്ഞു രാത്രിയോടുകൂടി തിരിച്ചെത്തും. ഇവയൊക്കെയാണ് കൃത്യനിഷ്ഠകൾ. ഇവയെല്ലാം ഓരോന്നും തങ്കം മനസ്സിലാക്കിയിരുന്നു. തന്നെയുമല്ല വേണ്ടസമയത്തു അവൾ തട്ടിവിടുകയുംചെയ്യും.

* * *

അന്നു വിഷുവായിരുന്നു. ഞങ്ങൾ അവിടെ താമസമുറപ്പിച്ചിട്ടു നാലുവർഷം തികയുന്ന ദിവസമാണതു്. നെയ്ത്തുശാല തൊഴിലാളിപ്പണിമുടക്കു ധൃതിയായി നടക്കുന്നു. റോഡിൽ മുദ്രാവാക്യങ്ങൾ മുഴങ്ങിത്തുടങ്ങി. രഘുവും മററും ബഹളം കേട്ടിടത്തേയ്ക്കോടി. സഹോദരന്റെ അഭാവത്തിലാണ് സാധാരണ തങ്കം ഞങ്ങളെ സന്ദർശിക്കാറുള്ളതു. ഗോപിയണ്ണാ? എന്നുള്ള വിളി എന്റെ കണ്ണുകളിൽ പതിച്ചതോടുകൂടിത്തന്നെ ആ കൊച്ചുസഹോദരി എന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. അവൾ ഓമനയ്ക്കു വിഷുക്കൈനീട്ടവുംകൊണ്ടെത്തിയതായിരുന്നു. അവൾ ആദ്യമായി ഓമനയ്ക്കു സമ്മാനിച്ചതു് സ്നേഹസ്മാരകമായ ഒരാലിംഗനവും അതോടുകൂടിയുള്ള ചൂടുകണ്ണുനീരും.

ഓമനേ! നീയെന്നോടു ക്ഷമിക്കണേ! ഞാനൊരു ധനികന്റെ മകളാണെന്നു ലോകം ഘോഷിക്കുന്നുണ്ടെങ്കിലും എന്റെ പരിതഃസ്ഥിതികൾ ഗോപിയണ്ണനും ഓമനയും പൂർണ്ണമായിട്ടറിയുന്നില്ലേ! ഓമനേ! അമ്മയുടെ അഭാവത്തിലും സ്നേഹത്തോടും സ്വാതന്ത്ര്യത്തോടും വളർത്തുവാൻ ആഗ്രഹിക്കുന്ന ഒരു സഹോദരനെയും പിതാവിനെയും ലഭിച്ച ധന്യയല്ലേ നീ? ഞാനോ? നിത്യനരകമനുഭവിക്കുന്ന വെറും ഒരു മനുഷ്യജീവി. എന്റെ അമ്മകൂടി ഇല്ലായിരുന്നെങ്കിൽ! ഭഗവാനേ! എനിക്കോർത്തുകൂടാ. ഓമനേ! ധന്യേ! എന്റെയീ ചെറിയ സമ്മാനം നീ സ്വീകരിക്കണം. ഇതുകൊണ്ടാണു ഞാൻ നിന്റെ സ്നേഹം അളക്കുന്നതു് എന്നു പറഞ്ഞവൾ കരയാൻതുടങ്ങി.

തങ്കം! നീയെന്തു തന്നാലും ഞാൻ സ്വീകരിക്കുമെന്നു നിനക്കറിഞ്ഞുകൂടേ? പിന്നെ നീയെന്തിനാണിക്കരയുന്നതു്.

ഓമനേ! ഞാനെന്തിനു കരയാതിരിക്കണം. എന്റെ ജീവിതത്തിൽ കരച്ചിലാണെനിക്കാശ്വാസം. ഇന്നലെ അമ്മ എന്തോ പറഞ്ഞതു കേട്ടു ഞാൻ ചിരിച്ചുപോയി. രഘുവണ്ണനതെന്തുവാണെന്നു ഞാനറിഞ്ഞില്ല. അണ്ണന്റെ മുഖത്തിനു എന്റെ ചിരി രസക്കേടായിപ്പോയി. പെണ്ണുങ്ങൾക്കിങ്ങനെ കിടന്നു ഇളിക്കാമോയെന്നു പറഞ്ഞെന്റെ ചെള്ളയ്ക്കൊരടി. എന്റെ ഓമനേ! അതിന്റെ വേദന എനിക്കു സഹിച്ചുകൂടായിരുന്നു. ഇന്നലെ രാത്രിതന്നെ മരിച്ചാൽ എത്ര സുഖമായിരുന്നെന്നു ഞാൻ വിചാരിച്ചു. പിന്നെയും എന്നെ ജീവിക്കുവാൻ അനുവദിച്ചതു് ഓമനയുടെയും, ഗോപിയണ്ണന്റെയും സൗന്ദര്യചിന്തകളായിരുന്നു. ഓമനേ! പെൺകുട്ടികൾക്കു എന്താണിത്ര വലിയൊരു കുറവു്, ദൈവം കല്പിച്ചിരിക്കുന്നതു്. ഞാനതിവിടെ കാണുന്നില്ലല്ലോ? ഗോപിയണ്ണനും ഓമനയ്ക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്തതുകൊണ്ടു നിങ്ങൾക്കു സന്തോഷമല്ലേയുള്ളു.

അന്നു ഞങ്ങൾ സിനിമാ കാണാൻ പോകണമെന്നു തീർച്ചപ്പെടുത്തിയിരുന്നു. തങ്കവും അമ്മയും വരുന്നെന്നു പറഞ്ഞിരുന്നതനുസരിച്ചു് ഞങ്ങൾ അവരെ ക്ഷണിക്കാൻ അവിടെച്ചെന്നു. ഞങ്ങൾ അവിടെച്ചെന്നപ്പോൾ വലിയൊരു ബഹളം കേൾക്കുന്നു. ചില ശബ്ദങ്ങളും മററുമായിരുന്നു. ഏഹം. എന്തിനാണെല്ലാരും ഈ വേഷം കെട്ടുന്നതു്. ഇവിടുന്നാരും എങ്ങും പോകണ്ട. ഈ പെണ്ണിനെന്തിനു ചീകിമിനുക്കുന്നതു്, ഹ ആണുങ്ങളോടും ചോദിക്കുകയും വേണ്ടാ പറയുകയും വേണ്ട. ആരെയും പേടിക്കേണ്ടെന്നു വിചാരിച്ചു് അങ്ങു തിരുകവിഞ്ഞതാലേ? അല്ല!! എന്റെ കുഴപ്പംതന്നെയായിതു്. നടക്കട്ടെ! നടക്കട്ടെ! ഇതെല്ലാം കേട്ടിട്ട് അയാളുടെ അമ്മ യാതൊന്നുംതന്നെ ശബ്ദിച്ചില്ല. അയാൾ അറിയാതെ പോകുന്നമെന്നാണവരുദ്ദേശിച്ചിരുന്നതു്. അയാൾ ട്ട രയെവിടേയും പോകാനായി യാത്രതിരിച്ചുകഴിഞ്ഞതായ ശേഷം അവർ ഒരുക്കങ്ങൾ തുടങ്ങിയതു്. എന്നാൽ യാദൃച്ഛികമായി, അയാൾ തിരിച്ചുവരികയും, ഇവരുടെ പരിപാടികൾ മനസ്സിലാക്കുകയും ചെയ്തതോടുകൂടി ആ സ്ത്രീ പരുങ്ങലിലായി. തങ്കം വിട്ടുകൊടുത്തില്ല."

ശവകുടീരത്തിന്റെ കഥയറിയുവാൻ ആകാംക്ഷയോടെ കാത്തിരുന്ന സ്ത്രീയ്ക്കു് ഗോപിയുടെ ഈ വിശദീകരണത്തിൽ അക്ഷമ തോന്നിയിട്ട്, ശവകുടീരത്തിന്റെ കാര്യം ഇതുവരെ പറഞ്ഞില്ലല്ലോ എന്നു് ഗോപിയെ ഉണർത്തി ഗോപി അതാണീ പറയുവാൻ തുടങ്ങുന്നതു്. കേട്ടോളൂ.

അണ്ണൻ മിക്കവാറും സിനിമാകാണാൻ പോകാറില്ലേ? ഞങ്ങൾ ഇതുവരെ പോയിട്ടില്ലല്ലോ? ഇന്നൊരു സുദിനമല്ലേ, ഞങ്ങൾ പോകുന്നതുകൊണ്ടണ്ണനെന്താ കുഴപ്പം എന്നു തങ്കം ചോദിച്ചുതീരുംമുമ്പു പ്രഹരങ്ങൾ പലതു കഴിഞ്ഞിരുന്നു. "ഛീ എന്റെ കാര്യം നീയാണോ നിശ്ചയിക്കുന്നതു്, നിന്റെ ലജ്ജ മുറയും! നിനക്കു സിനിമ കാണണം അല്ലേ; നിന്നെ ഞാനിന്നു സിനിമയല്ല, സ്വർഗ്ഗംവരെ കാണിച്ചേക്കാം" എന്നു പറഞ്ഞു വീണ്ടും പ്രഹരം തുടങ്ങി. മാതാവിന്റെ തടസ്സം പാടേ ഒട്ടുംതന്നെ ഫലപ്പെട്ടില്ല. ഓമന തങ്കത്തിന്റെ ദയനീയമായ സ്ഥിതികണ്ട് വാവിട്ടു കരഞ്ഞുപോയി. ഉടൻതന്നെ അയാൾ അവിടെനിന്നിറങ്ങിപ്പോയതുകൊണ്ട് ഞങ്ങൾക്കു കുറച്ചു സമാധാനം ലഭിച്ചു.

* * * *

ആ സംഭവത്തിനുശേഷം ഒരുവർഷവും കുറെ ദിവസങ്ങളും കഴിഞ്ഞിരുന്നു. തങ്കം പതിനഞ്ചുവയസ്സുള്ള ഒരു ബാലികയായിരുന്നെങ്കിലും ഇതിനിടയിൽ അവളുടെ വിവാഹം നിശ്ചയിച്ചു കഴിഞ്ഞിരുന്നു. തങ്കത്തിന്റെ വരനായി നിശ്ചയിച്ചിരുന്നതു് രഘുവിന്റെ ഒരു സ്നേഹിതനായിരുന്നു. അയാളുടെ റോഡിലെ കൂട്ടുകാരൻ! അപരിഷ്കൃതനായ തൊഴിലില്ലാത്ത സ്നേഹിതൻ! സംസ്കാരമില്ലാത്ത; വിദ്യാഭ്യാസമില്ലാത്ത അവിവേകി! എന്നാൽ ഇതിലും ഉപരിയായി ഒരു ധനികന്റെ മകൻ! ധൂർത്തടിച്ചു സ്നേഹിതരെ സഹായിക്കുന്ന മിടുക്കൻ. ഇവയോരോന്നും തങ്കം മനസ്സിലാക്കിയിരുന്നു. അവൾ ഇതിനെ സധീരം എതിർത്തു. വേണ്ടിടത്തോളം പ്രഹരങ്ങളും ലഭിച്ചുകഴിഞ്ഞിരുന്നു. എങ്കിലും അവൾ പിന്മാറിയില്ല.

ഓമനയായിരുന്നു തങ്കത്തിനേക്കാളും സങ്കടപ്പെട്ടിരുന്നതു്. തങ്കം ഈ ജീവിതത്തിൽ അനുഭവിച്ചിട്ടുള്ള സങ്കടം ആർക്കുംതന്നെ വർണ്ണിക്കുവാൻ സാധ്യമല്ല. അവളുടെ സഹനശക്തി! അവളുടെ സ്നേഹം! അവളുടെ അനുകമ്പ! അവളുടെ ബുദ്ധിവൈഭവം ഇവയെല്ലാം അവർണ്ണനീയംതന്നെ. തങ്കം പതിവില്ലാത്തതുപോലെ ഒരു ദിവസം ഓമനയോടുകൂടി വീട്ടിലേക്കുവന്നു. വളരെനേരം ഞങ്ങളോടു സന്തോഷമായി സംസാരിച്ചിട്ടാണവൾ പോയതു്. അവളുടെ വിവാഹത്തിൽ യാതൊരുതൃപ്തിയും അവൾക്കുള്ളതായി തോന്നിയില്ല. ഗോപിയണ്ണാ! ഞാൻ പോകട്ടെയോ? എന്നുള്ള അവളുടെ യാത്രചോദിപ്പ് എന്നിൽ വലുതായ സംശയങ്ങളുണർത്തി. അവളുടെ അണ്ണനോടു ന്യായവാദം നടത്തുകയായിരുന്നു അവൾ. അന്ത്യമായിട്ടു നിശ്ചയിച്ചിരുന്ന പരിപാടി. അതൊരു ദൃഢനിശ്ചയംതന്നെ.

അണ്ണാ! അണ്ണനെന്താണെന്നോടിങ്ങനെ നിർദ്ദയം ചെയ്യുന്നതു്. അണ്ണൻ എന്റെ മൂത്ത സഹോദരനായതുകൊണ്ട് ഞാൻ സകലതും ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്നു — എന്നാൽ അമ്മയോ — ? ഭക്ത്യാദരങ്ങളോടുകൂടി അമ്മയെ സ്നേഹിക്കുകയും അമ്മയുടെ ആജ്ഞകളെ അനുസരിക്കുകയും ചെയ്യുന്നതിനുപകരം അമ്മയെ ശാസിക്കുകയു അണ്ണന്റെ ആജ്ഞകൾക്ക് അമ്മ കീഴടങ്ങേണ്ടിവരികയുമല്ല ചെയ്യുന്നതു്. ഇതൊക്കെന്യായമാണോ? അണ്ണന്റെ ജീവിതരീതികളെല്ലാം ഇനിയുമെങ്കിലും മാററണേ! അണ്ണാ! അമ്മയുടെ കണ്ണുനീർ ഇനിമുതലെങ്കിലും അണ്ണന്റെ സ്വഭാവശുദ്ധിവരുത്തുമോ? അണ്ണനിതുവരെയെങ്കിലും എന്നെ സ്നേഹമായിട്ടൊന്നു വിളിച്ചിട്ടുണ്ടോ? ഒന്നു വിളിക്കൂ അണ്ണാ! ഞാൻ കേൾക്കട്ടെ.

കഷ്ടം! അവൾ ഇതെല്ലാം ആരോടാണു പറഞ്ഞതു്. ഒരു കൊച്ചുസഹോദരിയുടെ ദയനീയമായ അപേക്ഷ ആരുടെ കഠിനഹൃദയത്തെയാണലിയിപ്പിക്കാത്തതു്. എന്നാൽ രഘുവിന്റെ കൈയ്യിൽനിന്നവൾക്കുകിട്ടിയ പ്രതിഫലം ഏററവും നിന്ദാർഹമായ ഒന്നുതന്നെയായിരുന്നു. ഛീ, നീയെന്നെ വേദാന്തംപഠിപ്പിക്കാനൊരുമ്പെടുകയാണോ? നിന്റെ കൊഞ്ചൽ, നിന്നെ ഞാനിനി കൊച്ചെന്നുവിളിക്കാമെടീ ഫോ! അസത്തേ! നീയുള്ളിടത്തോളം ഇവിടെ നാശമാണെടീ, വീട്ടിൽ അടങ്ങിയൊതുങ്ങി താമസിക്കേണ്ട പെണ്ണിനെ, ഇത്രവഷളത്തം പഠിപ്പിച്ചതു് ഈ തള്ളയൊരുത്തിയാണ്. മററതുമല്ല അവരുടെ കൊഞ്ചലുകണ്ടില്ലേ? ആരോടാണിതൊക്കെ — പൊയ്ക്കോ!! — എന്റെ മുൻപിൽനിന്ന് — അസത്തേ! — അയ്യോ! എന്റെ അണ്ണാ! ഇന്നെങ്കിലും എന്നെ തല്ലരുതേ! ഞാനൊന്നു സന്തോഷിച്ചുകൊള്ളട്ടെ?

നിന്നെ തല്ലരുതേ? എന്തുകൊണ്ട് തല്ലി

---

ന്റെ പോക്കററിലിട്ടു. രണ്ടുദിവസം വരെ ഞാൻ ആ പോക്കററിൽ കഴിച്ചുകൂട്ടി. ആ കുട്ടികളുടെ നിഷ്കളങ്കതയിൽ ഞാൻ പങ്കുകൊണ്ടു. മൂന്നാംദിവസം അവർ എന്നെ ഒരു പലഹാരക്കച്ചവടക്കാരന്റെ കടയിൽ കൊണ്ടുചെന്നെത്തിച്ചു. കച്ചവടക്കാരൻ ആ കുട്ടികൾക്ക് ഒരു ജിലേബി കൊടുത്തിട്ട് എന്നെ അയാളുടെ പെട്ടിയിൽ അടച്ചിട്ടു. ആ കടയിൽ പലതരത്തിലുള്ള മധുരപലഹാരങ്ങളുണ്ടായിരുന്നു. അതിന്റെ സുഗന്ധം ഞാൻ ആവോളം ആസ്വദിച്ചു. പക്ഷേ അധികനാൾ അപ്രകാരം ചെയ്യുന്നതിനെനിക്കു സാധിച്ചില്ല. അവിടെനിന്നും എന്നെ ഒരു വീട്ടിലേക്കു കൊണ്ടുപോയി. ആ സമയംമുതൽ ഞാൻ ചുററിക്കറങ്ങുവാൻ തുടങ്ങി. അതിൽപിന്നെ ഒരിക്കലും ഒരിടത്തും രണ്ടുനാലു ദിവസത്തിൽകൂടുതൽ താമസിക്കുന്നതിനെനിക്കു സാധിച്ചിട്ടില്ല. ലോകരെല്ലാം എന്നെ ആഗ്രഹിച്ചു. അവർ എന്നെ രക്ഷിച്ചു. ഞാൻ സുരക്ഷിതമായി ജീവിക്കുവാൻ തുടങ്ങി. ചിലർ അവരുടെ പോക്കററിലും മററുചിലർ സഞ്ചികളിലും, വേറെചിലർ പെട്ടികളിലും എന്നെ സൂക്ഷിച്ചു. ഇപ്രകാരം എല്ലാവരും എന്നെ ബഹുമാനിച്ചു. എല്ലാവരും എന്നെ സ്നേഹിച്ചു. എന്നാൽ ഞാൻ ആരുടെയും പക്കൽ വളരെദിവസങ്ങളും തുടച്ചയായി താമസിച്ചില്ല. എന്നിരുന്നാലും അക്കാലം എന്റെ ജീവിതത്തിന്റെ സുവർണ്ണകാലമായിരുന്നു.

അങ്ങനെയിരിക്കെ ഒരവസരത്തിൽ ഒരു കുട്ടിയുടെ പോക്കററിൽനിന്നും ഞാൻ റോഡിൽ വീണുപോയി. അഹോ! എന്തൊരു വേദന! അവിടെക്കിടന്നു ഞാൻ എത്രമാത്രം കഷ്ടപ്പെട്ടുപോയി! കടന്നുപോയവരെല്ലാം എന്നെ ചവിട്ടിമെതിച്ചിട്ടാണ് പോയതു്. രാത്രിയിൽ കഠിനമായ തണുപ്പും പകൽ അത്യധികമായ ചൂടും ഞാൻ സഹിച്ചു. ഒന്നുംതന്നെ ചെയ്യുവാൻ നിവൃത്തിയില്ലാതെ ഞാൻ അവിടെ കിടന്നുപോയി. അവസാനം ഒരു ദരിദ്രൻ എന്നെ കാണുവാനിടയായി. അയാൾ സന്തോഷത്തോടുകൂടി എന്നെ എടുത്തു തുടച്ചു അയാളുടെ കീശയിലിട്ടു. എനിക്കു രക്ഷകിട്ടിയെന്നു ഞാൻ വിചാരിച്ചു. എന്നാൽ ആ മഹാപാപി ഒരു വലിയ കുടിയനായിരുന്നു. അവൻ എന്നെ ഒരു ചാരായഷാപ്പിൽകൊടുത്തിട്ടു കുറച്ചു ചാരായം വാങ്ങി കുടിച്ചു. ആ ചാരായഷാപ്പിൽ കിടന്നു ഞാൻ വളരെയധികം കഷ്ടപ്പാടുകളനുഭവിച്ചു. അവിടുത്തെ ദുർഗ്ഗന്ധംനിമിത്തം എന്റെ മൂക്കും വന്നുകൂടുന്ന ആളുകളുടെ അസഭ്യങ്ങൾ കേട്ടു എന്റെ ചെവിയും പൊട്ടിപ്പോയി. ഇത്രമാത്രം അസഭ്യങ്ങൾ എന്റെ ജീവിതത്തിൽ ഞാൻ കേട്ടിട്ടില്ലായിരുന്നു, എന്തിനധികം പറയുന്നു; ഞാൻ നരകത്തിലാണെന്നു വിചാരിച്ചിട്ടു ദൈവത്തെ പ്രാർത്ഥിക്കാൻ തുടങ്ങി. "ദയാലുവായ ഭഗവാനേ! ഈ നരകത്തിൽനിന്നും എന്നെ ഉയർത്തിയാലും. ഞാൻ വീണ്ടും സന്തോഷത്തോടുകൂടി സുഖകരമായ ആ ഭൂതലത്തിൽ കഴിഞ്ഞുകൂടിക്കൊള്ളാം. എന്നെ ഉദ്ധരിച്ചാലും;" എന്റെ പ്രാർത്ഥനലഭിച്ചു ഞാൻ അവിടെനിന്നും ഒരു ബാങ്കറുടെ വീട്ടിലെത്തി. അയാൾ എന്നെ ഒരു ഇരുമ്പുപെട്ടിയിൽ ബന്ധിച്ചു. ഇവിടെയും ഇരുട്ടായിരുന്നു. വായുവോ വെളിച്ചമോ എനിക്കു കിട്ടിയില്ല എന്നാലും അവിടം ആ നശിച്ച ചാരായഷാപ്പിനെക്കാൾ എത്രയോ ഭേദമാണെന്നോർത്തു ഞാൻ സമാധാനിച്ചു.

* ഹിന്ദിയിൽനിന്ന്.

കൂടാം. നിന്നെ തല്ലുകയല്ലായിരുന്നു—കൊല്ലണം നിന്നെ! ഇന്നലെ നീ അമ്മയോടു പറഞ്ഞില്ലേ നിനക്കു നിശ്ചയിച്ച കാര്യം ഞാൻ നിനക്കിഷ്ടമില്ലെന്ന്, ഇതൊക്കെ നിന്റെ അഹങ്കാരമല്ലേ?! നീയാണോ നിന്റെ കാര്യങ്ങളൊക്കെ നിശ്ചയിക്കുന്നത്. ഞങ്ങളുള്ളിടത്തോളം അതു ഞാൻ സമ്മതിക്കില്ല. കൊന്നാലും ശരി, ആ പിന്നെ എന്തിനുമാകട്ടെ!

അയ്യോ! ശരിയാണ്. എനിക്കതിഷ്ടമില്ല. എനിക്കിഷ്ടമില്ലാത്തതാണോ? അണ്ണന്റെ നിശ്ചയം.

എന്തെടീ നിനക്കിഷ്ടമില്ലേ? എന്ന ചോദിക്കുകയും പുറകെ പ്രഹരങ്ങളും.

തങ്കത്തിന്റെ ദീനവിലാപങ്ങൾ ഓമനയുടെ കണ്ണുകളിലെത്തി. ഓമന വേഗം തങ്കത്തിന്റെ അടുക്കലേക്കോടി.

* * * *

അടുത്ത ദിവസം പ്രഭാതമായി. തങ്കത്തിനോടുകൂടി കളിക്കുവാൻ, ഉത്സാഹത്തോടെ പോയ ഓമന അയ്യോ!! അയ്യോ!! എന്റെ കണ്ണാ! വേ...ഗം ...ഓടിവാ...യോ!

എവിടേയ്ക്കു?

ത...ങ്ക...ത്തി... എന്നു അബോധാവസ്ഥയിൽ വിരമിച്ചു.

ഓമനേ! എന്തിനാണു കരയുന്നത്. കാര്യംപറയൂ.

അയ്യോ! അണ്ണാ! നമ്മുടെ തങ്കം—നമ്മുടെ തങ്കം!

"തങ്കത്തിനെന്തുപറ്റി?"

"തങ്കം ഒന്നും മിണ്ടുന്നില്ല. തങ്കത്തിന്റെ അമ്മ......അ...വ......എന്നുപറഞ്ഞു വാവിട്ടു കരഞ്ഞു.

ഞാൻ വേഗം അവിടേയ്ക്കോടി. അവിടെച്ചെന്നപ്പോഴും തങ്കത്തിന്റെ അമ്മ അവളെ കെട്ടിപ്പിടിച്ചുകൊണ്ടു ഉറക്കെക്കരയുന്നുണ്ടായിരുന്നു. തങ്കം ഇരുകൈകളിലും മുഖം മറച്ചുകൊണ്ടു കമിഴ്ന്നു കിടന്നിരുന്നു. അവളെ തൊട്ടുനോക്കുവാൻപോലും എനിക്കു ധൈര്യമുണ്ടായില്ല. അവൾ എന്തോ മഹാചിന്തയിൽ മുഴുകിയിരിക്കുന്നതുപോലെ തോന്നി. ആ സമയത്തിങ്കൽ ഭംഗം വരുത്തുന്ന അപരാധി അവളുടെ കോപാഗ്നിയിൽ ഭസ്മീഭൂതനായേക്കുമെന്നും ഞാൻ ശങ്കിച്ചു.

ഗൃഹത്തിനകത്തും വെളിയിലും ആളുകൾ തിങ്ങിക്കൂടിയിരുന്നു. എന്തുപറ്റി? എങ്ങിനെ മരിച്ചു. എപ്പോഴാണ് മരിച്ചതു? മരിക്കുന്നതിനുമുൻപായി വല്ലതും പറഞ്ഞോ? ഇങ്ങനെ ആളുകൾ ഒരു ചോദ്യശരമാലാ അവരെ ചാർത്തി. ഇതിനിടയിൽ അവരുടെ നിന്നും ഒരു കടലാസ്സു തുണ്ടു കിട്ടി. അതിൽ ഇങ്ങനെ എഴുതിയിരുന്നു:—

"ഞാൻ സ്വേച്ഛയാ ആത്മഹത്യചെയ്യുന്നു. എന്റെ അമ്മയ്ക്കും സഹോദരനും ഇതിനെപ്പറ്റി യാതൊരറിവും ഇല്ല."

എന്നു, തങ്കം.

* * * * * * *

അന്നു സന്ധ്യയായി. ഓമനയും ഞാനും ഞങ്ങളുടെ മുറിയിൽ ചെന്നപ്പോൾ അവിടെയിരുന്ന കീർത്തനപുസ്തകത്തിൽനിന്നു ഒരു കത്തുകിട്ടി. അതിപ്രകാരമായിരുന്നു.

ഓമനേ! അണ്ണാ!

"നമ്മുടെ ആനന്ദപൂർണ്ണമായ ജീവിതം ഇന്നു അവസാനിക്കാൻ പോകുന്നു. ഞാൻ നിങ്ങളോടു യാത്രപറയുവാൻ തുടങ്ങുന്നു. അസൂയാജനകമായ നിങ്ങളുടെ—സ്നേഹവും സ്വാതന്ത്ര്യവും നിറഞ്ഞ—ജീവിതം എന്നെ ഓരോനിമിഷവും നിരാശയിലേയ്ക്കു തള്ളുകയായിരുന്നു. ഇപ്പോൾ മുതൽ ഞാൻ ആനന്ദസുഷുപ്തിയിലാണ്. ഒരു ബാലികയ്ക്കു സഹിക്കാവുന്നിടത്തോളവും അതിലധികവും ഞാൻ സഹിച്ചിട്ടുണ്ട്. നിങ്ങൾ അണ്ണനോടുകൂടി സുഖമായിട്ടു ജീവിക്കുന്നില്ലേ? അതുപോലെ—അല്ല അതിലും ഉപരിയായി സുഖംഅനുഭവിക്കാൻ ഞാനും അണ്ണന്റെ അടുത്തേയ്ക്കുപോകുന്നു. അതേ! അണ്ണനെന്നെവിളിക്കുന്നു. ഓമനേ! ഞാൻ പോകട്ടയോ? ഗോപിയണ്ണാ! ഞാൻ പോകട്ടയോ? എന്റെ അന്ത്യനമസ്കാരം."

എന്നു,

സ്നേഹംനിറഞ്ഞ ഹൃദയത്തോടെ തങ്കം.

ആ തങ്കത്തിന്റെ സ്വാതന്ത്ര്യസമരത്തിനു സമാധാനം ഈ ശ്മശാനത്തിലാണവൾക്കു ലഭിച്ചതു്. അവളുടെ സ്നേഹംനിറഞ്ഞ ആത്മാവാണു് ഞങ്ങൾക്കു മാർഗ്ഗദീപം. അവളുടെ സഹനശക്തി, അവളുടെ നിർമ്മലസ്നേഹം, ഇവയെല്ലാം സ്ത്രീകൾക്കാദർശമരുളുന്നു. അവളുടെ സ്നേഹം ഇവിടെയാണു കുടികൊള്ളുന്നതു്.

"ഇതുതന്നെ സ്നേഹത്തിന്റെ ശ്മശാനം!!"

—*—

# ജാതകാദേശം

(സവ്യാഖ്യാനം)

ജ്യോതിഷസംബന്ധമായും ജാതകസംബന്ധമായും അനർഘങ്ങളായ വിവരങ്ങൾ അടങ്ങിയ ഉത്തമജ്യോതിഷഗ്രന്ഥം. വില ണ. 15.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.



സംസ്ഥാനചീഫ്മിനിസ്റ്റരന്മാരുടെയും പ്രവിശ്യാ കോൺഗ്രസ്സ് കമ്മിററി പ്രസിഡൻറന്മാരുടെയും ഒരു സമ്മേളനം ഏപ്രിൽ 2൭-ാം-നു ന്യൂഡൽഹിയിൽവച്ചു നടന്നു. പ്രസ്തുത സമ്മേളനം പണ്ഡിതനെഹ്റു ഉത്ഘാടനംചെയ്തു. പണ്ഡിതനെഹ്റുവിന്റെ ഇരുവശങ്ങളിലുമായി പണ്ഡിതപന്തിനേയും കോൺഗ്രസ്സ് പ്രസിഡൻറ് ഡാ: പട്ടാഭി സീതാരാമയ്യ, സർദാർ പട്ടേൽ, മൗലാന ആസാദ് എന്നിവരേയും കാണാം.

# ഗണിതവിചാരം

എസ്. പരമേശ്വരൻ

## VII ഹിന്ദുക്കൾ

ഭാരതീയരാണു് ഹിന്ദുക്കൾ എന്ന പേരിൽ അറിയപ്പെട്ടുപോരുന്നതു്. ക്രിസ്തുവിനു് മൂവായിരം കൊല്ലംമുമ്പുതന്നെ ഹിന്ദുക്കൾ ഉയർന്ന നിലയിൽ ജീവിതം നയിച്ചിരുന്നുവെന്നതിനു് തെളിവുകളുണ്ടു്. അക്കാലത്തുണ്ടായിരുന്ന മററൊരു രാജ്യക്കാർക്കും പരിഷ്കാരസംബന്ധിച്ചിടത്തോളം ഇവരുടെ അടുത്തെങ്ങും സ്ഥാനമുണ്ടായിരുന്നില്ലതന്നെ; പ്രത്യേകിച്ചു അങ്കഗണിതത്തിൽ ഹിന്ദുക്കളോടു കിടപിടിക്കുന്നതിനു ആർക്കും കഴിഞ്ഞിരുന്നില്ല.

ഭൂലോകമൊട്ടുക്കെന്നുതന്നെ പറയാം ഇന്നു അക്കങ്ങളെഴുതുവാൻ ഉപയോഗിച്ചുപോരുന്ന ചിഹ്നങ്ങൾ ൧, ൨, ൩, ൪, ൫, ൬, ൭, ൮, ൯ ഇവയാണല്ലോ. ഈ ചിഹ്നങ്ങളുടെ ചുവടു് പ്രാചീനകാലത്തു നടപ്പിലിരുന്ന സംസ്കൃതഭാഷയിലെ ഒൻപതു ലിപികളാണെന്നു കാണാം. ഈ ചിഹ്നങ്ങളെ "അറബിക്ചിഹ്നങ്ങളെ"ന്നും "ഹിന്ദു—അറബിക്ചിഹ്നങ്ങളെ"ന്നും വിളിച്ചുപോരുന്നുണ്ടു്. ഹിന്ദുക്കളാണു് ഈ ചിഹ്നങ്ങൾ ആദ്യമായി കണ്ടുപിടിച്ചതെന്ന വസ്തുത ഇന്നു തർക്കമററതാകുന്നു. അറബിവിദ്വാന്മാർ ഹിന്ദുക്കളിൽനിന്നും ഈ സംഖ്യാനക്രമം മനസ്സിലാക്കി, ചില ചില്ലറ ഭേദഗതികളോടുകൂടി യൂറോപ്പിലേക്കു കടത്തിവിട്ടു. അതുകൊണ്ടാണു് ഈ ചിഹ്നങ്ങളോടു് അറബികളുടെ പേരും ചേർത്തുകാണുന്നതു്.

ഈ ചിഹ്നങ്ങൾ എപ്പോൾ കണ്ടുപിടിക്കപ്പെട്ടുവെന്നും, ഏതു വ്യക്തിയാണു് കണ്ടുപിടിച്ചതെന്നും ഇതുവരെ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഒന്നുമുതൽ ഒൻപതുവരെയുള്ള ചിഹ്നങ്ങൾ ആദ്യം കണ്ടുപിടിക്കപ്പെട്ടു, കാലം വളരെ കഴിഞ്ഞശേഷമാണു് പൂജ്യചിഹ്നം ആവിർഭവിച്ചതു്. "ഒന്നുമുതൽ ഒൻപതുവരെയുള്ള ചിഹ്നങ്ങളോടു സാദൃശ്യമുള്ള ചിഹ്നങ്ങൾ ഇന്നും സിലോൺദീപിൽ പരിപാലിക്കപ്പെട്ടിരിക്കുന്നു എന്നതു് ഇതിനു ഒരു തെളിവാകുന്നു. പൂജ്യചിഹ്നം കണ്ടുപിടിക്കപ്പെടുന്നതിനുമുമ്പു, അതായതു് എ. ഡി. മൂന്നാംശതകത്തോടുകൂടിയാണു് ബുദ്ധമതവും ഹൈന്ദവ (ഭാരതീയ) സംസ്കാരവും സിലോണിലേക്കു വ്യാപിച്ചതു്. അവിടെ ആ സംസ്കാരം വളരെയൊന്നും പുരോഗമിച്ചില്ല; ആ നിലയിൽതന്നെ കഴിഞ്ഞുകൂടി; ഭാരതത്തിലാകട്ടെ ഉൽക്കർഷം പ്രാപിച്ചു. അതിനാൽ സിലോണിലെ ഒൻപതു ചിഹ്നങ്ങൾ പ്രാചീനഭാരതത്തിൽ നിലവിലിരുന്ന ചിഹ്നങ്ങളാണെന്ന അനുമാനം അടിസ്ഥാനരഹിതമല്ല" [Cajori]

ക്രിസ്താബ്ദം ൪൭൬-ൽ ജനിച്ച ആര്യഭടൻ എന്ന ശാസ്ത്രപണ്ഡിതന്റെ കാലത്തോടുകൂടി പൂജ്യചിഹ്നവും സ്ഥാനവലിപ്പക്രമവും ഹിന്ദുഗണിതത്തിൽ നടപ്പാക്കി ആവിർഭവിച്ചു. അതോടെ സ്ഥാനക്രമത്തിൽ അക്കങ്ങളെഴുതുന്ന 'ദശഗുണക്രമം' പരിപൂർണ്ണത പ്രാപിച്ചു.

ഹിന്ദുക്കൾക്കു ഗണിതത്തോടുള്ള താല്പര്യം 'വിളഞ്ഞൊനും വിളഞ്ഞൊനത്തിനു വണ്ടി' എന്ന രീതിക്കുള്ളതായിരുന്നു. അവർ ദശഗുണിതമായ സംഖ്യാനക്രമം വളരെക്കാലെ കണ്ടുപിടിച്ചതുകൊണ്ടു് അവർക്കു അങ്കവിദ്യയിലും ബീജഗണിതത്തിലും അഭിവൃദ്ധി എളുപ്പത്തിൽ ഉണ്ടായി. ഗണിതക്രിയകൾക്കു് എളുപ്പം വഴങ്ങുന്ന ചിഹ്നവ്യവസ്ഥ, പൂർണ്ണചിഹ്നം, സ്ഥാനവലിപ്പക്രമം ഇവ അവരെ ഗണിതക്രിയകളിൽ വ്യാപരിക്കുവാൻ വളരെയധികം സഹായിച്ചിരിക്കണം; തന്മൂലം ഉണ്ടായതായിരിക്കണം ആ ഉൽക്കർഷം.

ഹിന്ദുക്കളുടെ ഗണിതവിജ്ഞാനത്തെക്കുറിച്ചു് അറിവുതരുവാൻ പ്രാപ്തങ്ങളായ അക്കാലത്തെ ഹൈന്ദവഗ്രന്ഥങ്ങളൊന്നും നമുക്കു ലഭിച്ചിട്ടില്ല. അതിനു് അറബികളാണു് ആധുനികർക്കു കടപ്പെട്ടിരിക്കുന്നതു്. 'അന്ധകാരയുഗ' (Dark Age) എന്നറിയപ്പെടുന്ന അക്കാലങ്ങളിൽ അറബികൾമാത്രമേ വിദ്യാഭ്യാസതൽപരതയോടെ ഗവേഷണങ്ങൾ തുടർന്നു നടത്തിയിരുന്നുള്ളു; അങ്ങനെ യൂറോപ്പ് അന്ധകാരത്തിൽ ആണ്ടുകിടന്ന കാലത്തു് അറബികൾമാത്രമാണു് വിദ്യാദീപം കെട്ടുപോകാതെ കാത്തുസൂക്ഷിച്ചിരുന്നതു. അറബികളിൽനിന്നും ലഭിച്ച ഗണിതരേഖകളെ ആസ്പദമാക്കി ലാററിൻഭാഷയിൽ പല ഗ്രന്ഥങ്ങളും രചിക്കപ്പെട്ടു. ഇവയിൽനിന്നു് ഹൈന്ദവഗണിതത്തെക്കുറിച്ചു് ആധുനികലോകത്തിനു് വളരെയേറെ കാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുമുണ്ടു്. ഹൈന്ദവജീവിതത്തിലെ പ്രശ്നങ്ങൾക്കു എത്രയേറെ സങ്കീർണ്ണവും ഉദ്വേഗജനകവുമായ പ്രയോഗങ്ങളാണു് അവർ നൽകിയിരുന്നതെന്നു അത്ര എളുപ്പം പറഞ്ഞുതീർക്കാവുന്നതല്ല.

പ്രശസ്തന്മാരായ പല ഗണിതശാസ്ത്രജ്ഞന്മാരും ഹിന്ദുക്കളുടെ ഇടയിൽ പണ്ടു ജീവിച്ചിരുന്നിട്ടുണ്ടു. അവരിൽ ചിലരെപ്പററിയുള്ള വിവരങ്ങളിലേയ്ക്കു കടക്കാം.

ആര്യഭടൻ— എ. ഡി. ൪൭൬-ൽ ജനിച്ച ജ്യോതിശ്ശാസ്ത്രജ്ഞൻ. അദ്ദേഹത്തിന്റെ പ്രധാനകൃതി "ആര്യഭടീയം" എന്ന ഗ്രന്ഥമാകുന്നു. അതിൽ അദ്ദേഹം ഭൂമി തിരിയുന്നതിനാലാണു് രാവും പകലും ഉണ്ടാകുന്നതെന്നു സാധിക്കുകയും സൂര്യചന്ദ്രഗ്രഹണങ്ങളുടെ യഥാർത്ഥകാരണത്തെ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്. തോണിയിൽ പോകുമ്പോൾ കരയ്ക്കുനില്ക്കുന്ന വൃക്ഷങ്ങളുംമററും ചലിക്കുന്നതായി തോന്നുന്നതുപോലെയാണു് നമുക്കു നക്ഷത്രങ്ങൾ ചലിക്കുന്നതായി തോന്നുന്നതെന്നും അദ്ദേഹം പറഞ്ഞുകാണുന്നു.

[ആര്യഭടൻ പാടലീപുത്രത്തിലാണു് ജനിച്ചതെന്നു പറയപ്പെടുന്നു. പക്ഷേ അദ്ദേഹം ഒരു കേരളീയനാണെന്നു അനുമിക്കുവാൻ ഇടനൽകുന്ന ചില തെളിവുകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടു്. അവ ഇതാണു്. ഭാരതത്തിലെ ഇതരദേശങ്ങളെ അപേക്ഷിച്ചു് കേരളത്തിനു് ജ്യോതിശ്ശാസ്ത്രവിഷയത്തിൽ ഒരു പ്രത്യേകത കാണപ്പെടുന്നുണ്ടു്. പഞ്ചസിദ്ധാന്തങ്ങളിൽ സൂര്യസിദ്ധാന്തത്തെ സർവ്വപ്രധാനമായി ഇതരദേശീയർ സ്വീകരിച്ചിരിക്കെ കേരളീയർമാത്രം ആര്യമതമല്ലോ, ബ്രഹ്മസിദ്ധാന്തമാണു് കൈക്കൊണ്ടിരിക്കുന്നതു്. ആര്യഭടീയത്തിന്റെ ഗണിതപാഠത്തിലും ഗീതികാപാദത്തിലുമുള്ള പ്രാരംഭശ്ലോകങ്ങളെ ആസ്പദമാക്കി നോക്കുമ്പോൾ ആര്യഭടീയം ബ്രഹ്മസിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തിയാണു് എഴുതീട്ടുള്ളതെന്നു ഗ്രഹിക്കാം. ഇതൊരു തെളിവു്. ആര്യഭടീയത്തിന്റെ വ്യാഖ്യാതാക്കന്മാരെല്ലാവരുംതന്നെ കേരളീയരാണു്. എന്നതു് മറെറാരു തെളിവായി. മൂന്നാമതൊരു തെളിവുകൂടിയുണ്ടു്, അതിതാണു്. ആര്യഭടീയഭാഷ്യകാരനായ കേളല്ലൂർ നീലകണ്ഠസോമയാജിപ്പാടു്, ആര്യഭടന്റെ ജന്മദേശത്തെപ്പററി "അശ്മകജനപദജാതഃ" എന്നു രേഖപ്പെടുത്തിക്കാണുന്നു. 'അശ്മക'പദത്തിനു് ആപ്തേയുടെ സംസ്കൃത നിഘണ്ടുവിൽ പ്രാചീനതിരുവിതാംകൂർ എന്നാണു് അർത്ഥം കൊടുത്തിട്ടുള്ളതു്.]

(യുക്തിഭാഷ—അവതാരിക)

ബ്രഹ്മഗുപ്തൻ എ. ഡി. ൫൯൮-ൽ ജനിച്ചു. അദ്ദേഹം 'ബ്രഹ്മസ്ഫുടസിദ്ധാന്തം' എന്ന ജ്യോതിശ്ശാസ്ത്രഗ്രന്ഥം എഴുതിത്തീർത്തു് ക്രിസ്താബ്ദം ൬൨൮ ലാണു്. ഈ ഗ്രന്ഥത്തിൽ ഒരോ അദ്ധ്യായംവീതം അങ്കഗണിതത്തിനും ബീജഗണിതത്തിനും വിനിയോഗിച്ചിട്ടുണ്ടു്.

മഹാവീരൻ—ഒൻപതാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഗണിതപണ്ഡിതൻ. അദ്ദേഹത്തിന്റെ കൃതിയാണു് "ഗണിതസാരസംഗ്രഹം" എന്ന വിശിഷ്ട ഗ്രന്ഥം. കൗതുകകരങ്ങളായ ചില അങ്കഗണിതഫലങ്ങൾ മഹാവീരൻ രേഖപ്പെടുത്തീട്ടുണ്ടു്.

ഉദാ: (൧) ൧൪൨,൮൫൭,൧൪൩ എന്നസംഖ്യയെ ഏഴുകൊണ്ടു ഗുണിച്ചാൽ കിട്ടുന്നതു് ഒരു മുത്തുമാല്യമായിരിക്കും. കാരണം പൂജ്യചിഹ്നത്തെയും ഓരോ മുത്തായിക്കരുതുന്നതായാൽ ഗുണനഫലമായ ൧൦൦,൧൧൦,൦൦൧ നടുക്കു് ഒരു 'പതക്ക'ത്തോടുകൂടിയ മുത്തുമാല്യമായില്ലേ?

(൨) ൧൪൨,൮൫൭,൧൪൩ എന്ന സംഖ്യയെ ഏഴുകൊണ്ടു ഗുണിച്ചാൽ കിട്ടുന്നതു് രാജകീയമായ ഒരു മുത്തുമാല്യമായിരിക്കും. ൧,൦൦൦,൦൦൦,൦൦൧ എന്നതാണല്ലോ ആ ഗുണനഫലം. കൂടുതൽ മുത്തുകൾ ഉള്ളതുകൊണ്ടായിരിക്കണം ഇതു രാജകീയമായതു്.

ഭാസ്കരാചാര്യർ—പന്ത്രണ്ടാംനൂററാണ്ടിൽ ജീവിച്ചിരുന്ന ജ്യോതിശ്ശാസ്ത്രവിശാരദൻ. എ. ഡി. ൧൧൧൪-ൽ ജനിച്ചു. "സിദ്ധാന്തശിരോമണി" എന്ന പ്രസിദ്ധഗ്രന്ഥത്തിന്റെ കർത്താവു്. ക്രിസ്താബ്ദം ൧൧൫൦-ലാണു് ഈ ഗ്രന്ഥം എഴുതിത്തീർന്നതു്. ഇതിലെ ഒന്നാംഭാഗം ബീജഗണിതവും രണ്ടാംഭാഗം ലീലാവതിയും ഒടുവിലത്തെഭാഗം ഗോളാദ്ധ്യായവുമാകുന്നു: ഈ ഭാഗങ്ങളെല്ലാം ഇംഗ്ലീഷിൽ തർജ്ജിമചെയ്യപ്പെട്ടിട്ടുണ്ടു്. ഈ ഗ്രന്ഥത്തിലുള്ള ചില ഗണിതതത്വങ്ങൾ യൂറോപ്യന്മാർ അടുത്തകാലത്താണു് കണ്ടുപിടിച്ചതെന്നു പറയുമ്പോൾ അതിന്റെ മാഹാത്മ്യം ഏതാണ്ടൊ ഊഹിക്കാവുന്നതാണല്ലോ.

പ്രാചീനഭാരതത്തിൽ—നമ്മുടെ കേരളത്തിൽ പ്രത്യേകിച്ചും—നിലവിലിരുന്ന ജ്യോതിശ്ശാസ്ത്രവിജ്ഞാനത്തെക്കുറിച്ചു വളരെക്കാര്യങ്ങൾ പറവാനുണ്ടു്. വിസ്തരഭയത്താൽ, അതിനിവിടെ ഉദ്യമിക്കുന്നില്ല.

ഇപ്പോൾ ലോകമൊട്ടുക്കു നടപ്പുള്ള സ്ഥാനവലിപ്പക്രമം, ചിഹ്നവ്യവസ്ഥ ഇവ പുരാതനഹിന്ദുക്കളാണു് കണ്ടുപിടിച്ചതെന്നും അങ്ങിനെ അങ്കഗണിതത്തിന്റെ അസ്ഥിവാരം കെട്ടുന്നതിൽ അവർക്കു് സുപ്രധാനമായ പങ്കുണ്ടായിരുന്നു എന്നും പറയുന്നതു കേവലം പരമാർത്ഥംമാത്രം.

പരിപ്രേക്ഷ്യവകാശം ലേഖകനു്.

—o—

# ഗ്രന്ഥവിചാരം

## തകന്ന തലമുറ

ലളിതാംബികഅന്തർജ്ജനം

നാഷണൽബുക്ക സ്റ്റാൾ, കളരിക്കൽബസാർ, കോട്ടയം.
വില ത്രപാ ൧ അണ ൪

ഒരു വനിത, വിശേഷിച്ചും ഒരു അന്തർജ്ജനം എന്നിനിലയിലുള്ള ഒയാഗ്യതകളൊന്നും ആവശ്യമായിവരുന്നില്ലന്നതന്നെയല്ല, നിരൂപണത്തിന്റെ നിശിതമായ സംഹാരഭാവം അവലംബിച്ചാൽ തന്നെയും ക്ഷോഭക്ഷമവും അക്ഷുണ്ണവുമെന്നു പരികല്പിക്കപ്പെട്ടേക്കാവുന്ന ഒന്നാണ് തകന്ന തലമുറയിലെ മാണിക്കൻ. ഉദ്ദേശം ഒൻപതു കൊല്ലങ്ങൾമുമ്പ് നമ്മുടെ സാഹിത്യക്ഷേത്രത്തിലെ കഥാലതാസമവത്തിൽ ഇന്നത്തെപ്പോലെ പിന്നാമ്പികളുടെ കോലാഹലമൊന്നും ആരംഭിച്ചിട്ടില്ലാതിരുന്ന ആ അവസരത്തിൽ അന്തർജ്ജനത്തിന്റെ ഈ കാളകെട്ട് അസാധാരണമായ ഒരു കാഴ്ചയായിരുന്നു. നവജീവൻ വിശേഷാൽപ്രതിയിൽ ശ്രീമതിയുടെ മാണിക്കനും ശ്രീ: എൻ. പി-യുടെ ചക്കരപ്പിലാവും രണ്ടു കാഴ്ചകളൊരേതെട്ടിലുണ്ടാകുംപോലെ പ്രത്യക്ഷപ്പെട്ടുകണ്ടത് അത്ഭുതമായിരുന്നു. പരേതനായ ഒ. എം. ചെറിയാൻ ഈ കഥകളുടെ ഐകരൂപ്യത്തിൽ കലാലോകത്തിലെ ചിന്താസാദൃശ്യം ദർശിച്ചു ചില എങ്കിലും ഇപ്പോൾ മാറ്റമുണ്ടായിരിക്കും. അതുപോലെതന്നെ ശ്രീ: സി. വി. കുഞ്ഞുരാമനും ലളിതാംബികയുടെ ഈ കലാശില്പം കാലത്തിന്റെ ജീവിതപ്രതിബിംബനം മന്നനിലയിൽ ശതവർഷങ്ങളെ അതിജീവിച്ച് മലയാളത്തിന് പ്രഥമതഃ പരിഗണിക്കപ്പെടുന്നതായിരിക്കുമെന്നു പ്രവചിക്കാതിരുന്നിട്ടില്ല. ഇങ്ങനെ വിസ്തൃതമായ ഒരു പൂർവ്വവൃത്തമുണ്ടെങ്കിലും മാണിക്കന്റെ ഇതിവൃത്തം ശുഷ്കവും സാധാരണവുമാണ്. ചങ്ങമ്പുഴയുടെ വാഴക്കുലയിലും മാണിക്കന്റെ ചാണകം വളമായിട്ടില്ല എന്നു സംശയിക്കേണ്ടതുണ്ട്. ചങ്ങമ്പുഴ രക്തപങ്കിലമായ വിപ്ലവത്തെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഭ്രാതൃഭാവമസൃണമായ സമസൃഷ്ടിസ്നേഹമാണ് വിശാലാന്തിക്ക് അന്തർജ്ജനം ദർശിക്കുന്നത്. മലയാളത്തിൽ നിലനിന്നുവന്നിരുന്ന ഉദാനാട്ടുജീവിതം വലിയ കാളയും കലപ്പയും കുലിപ്പണിക്കാരുമായി അങ്ങനെ കഴിഞ്ഞുപോന്ന ഗ്രഹസ്ഥജീവിതം തകന്നതലമുറയായി ചിത്രീകരിച്ചുസൂക്ഷിക്കേണ്ട കാലഘട്ടമായിട്ടുണ്ട്. ആ കൃത്യം കലാവൈദഗ്ദ്ധ്യത്തോടുകൂടി അനുഭവവേദ്യം വരത്തക്കവിധം ആവിഷ്കരിച്ചതിൽ അന്തർജ്ജനത്തെ എത്ര വാഴ്ത്തിയാലും അധികമായിപ്പോകുന്നില്ല.

ദേവിയും ആരാധകനും, ആണ് തലമുറയിലെ ആദ്യകഥ. ദേവീക്ഷേത്രത്തിലെ ദീപാരാധനവേള അനിർവ്വചനീയമായ ആ ആത്മാനന്ദാനുഭൂതിയെ നമുക്ക പകർന്നുതരുന്നതിൽ ആ അനുഗൃഹീതഹസ്തങ്ങൾ അത്ഭുതമായ പാടവത്തോടുകൂടിത്തന്നെ പെരുമാറുന്നു. സാഹിത്യത്തിന്റെ മധുരാരോമസ്ഫുരണവും വികാരങ്ങളുടെ അതിസൂക്ഷ്മമായ സ്വരപ്പെടുത്തലും ചിത്രീകരണത്തിലുള്ള ജീവൽപ്രതിബോധവും കൊണ്ടു കഥാപ്രപഞ്ചത്തിൽ ഒരു പ്രമുഖസ്ഥാനംതന്നെ ഇതു പ്രതിനിധീകരിക്കുന്നുണ്ട്. അനശ്വരമായ ഐശ്വര്യാനുഭൂതി മനുഷ്യനിൽനിന്നു മാത്രമേ മനുഷ്യനു കിട്ടുകയുള്ളു എന്നതിന്റെ വെളിച്ചപ്പാടാക്കി ശാന്തിഭേദിജനെ മാനസാന്തരം ചെയ്യിക്കുന്ന ഇതിലെ ആന്തരികപ്രമേയം മിഥ്യാദൃഷ്ടിയുടെ നിഴലാട്ടമായിപ്പോയിയെന്നു പറയാതെ തരമില്ല. ശ്രീ: ശങ്കരന്റെ പിൻഗാമിയും ബ്രഹ്മസൂത്രത്തിനു ഭാഷ്യപ്രപഞ്ചനവിധാതാവും ആയി നാം പരിചയപ്പെടുന്ന ആ ശാന്തിഭേദിജൻആളാനബലാകരിമീൻകണ്ടപോലെ ആകുന്നുവെങ്കിൽ അതു് ഏതാനും നിമിഷനേരത്തേക്കുമാത്രമായിരിക്കയില്ല. അന്തർജ്ജനമാകട്ടെ ആ ലഘുവായ ചലനത്തെ വിചിത്രാംഗന്യായേനഭ്രമണം ചെയ്യിക്കുന്നതിൽ അങ്ങനെയും സംഭവിക്കാമെന്നുമാത്രമേ പറയാൻ സാധിക്കുന്നുള്ളു. കല്ലിനു പാലൂട്ടുന്നതിനേക്കാൾ ശിശുവിന്റെ കണ്ണുനീർ തുടയ്ക്കുന്നതാണ് പുണ്യം എന്ന ബുദ്ധ്യുപദിഷ്ടമായ മാറ്റിക്കൂട്ടൽ പുരാംഗമനോന്മുഖമാണെന്നുള്ളതു പ്രതിഷേധിക്കുന്നില്ല. ഭോഗഭൂതാംവയസ്സിൻ ചാപല്യം അതിനും അഭയസ്ഥാനം വേണമല്ലോ.

ശ്രീമതി ലളിതാംബികയുടെ കാറസമ്മതം, എന്നകഥ നമ്പൂതിരി സമുദായത്തെ സംബന്ധിച്ചുള്ളതാണെങ്കിലും അതിന്റെ അവതരണം തുടങ്ങി അവസാനംവരെ അതിമനോഹരമായി വ്യാപരിക്കുന്നകലാരസികത്വം നമ്മെ അനന്യപരായണമാനസരാക്കാതെ ഇരിക്കയില്ല. ഏതു യത്തുടിപ്പുണ്ടാക്കുന്ന പശ്ചാത്തലം സൃഷ്ടിക്കുന്നതിൽ ഒരു കവയിത്രികൂടെയായ ഗ്രന്ഥകർത്രിയുടെ രോചന ചമൽകാരത്തിലൂടെ മന്ദമന്ദമൊഴുകി ഇങ്ങോട്ടു പാടിവന്ന ശാരികപോലെ ആയിത്തീരുന്നു. ആ വൃന്ദാവനാന്തരത്തിന്റെ അവ്യക്തമായ ഭീകരസ്വപ്നപ്പെടുത്തൽ......തകർന്ന ജീവിതമാകുന്ന ആഴങ്ങൾ, കല്യാണക്ഷേത്രത്തിലെ ശ്രീകോവിലിനെ പ്രദക്ഷിണംവയ്ക്കുന്നതിലെ തിരക്കു്, പുറപ്പാടോ, പിൻവാങ്ങലോ കഴിഞ്ഞ കർമ്മഭേദത്തിലേക്ക് നാം എത്തുന്നുവെന്നു പറയാതെ തരമില്ല. ചെട്ടിച്ചിയിലെ പുട്ടുകച്ചവടക്കാരിയായ അന്നപ്പൂർണ്ണയുടെ ജീവിതാനുഭവങ്ങൾ പുട്ടുകച്ചവടക്കാരി, ഒടുവിൽ മാംസകച്ചവടക്കാരിയായി തീരേണ്ടിവന്ന പരിതഃസ്ഥിതികൾ, തുടങ്ങിയവ യഥാതഥപ്രവണതകളായിരിപ്പാകുന്നു. വെറും സംഭവവിവരണങ്ങൾക്ക് സ്വാഭാവികതകൊണ്ടുണ്ടാകാവുന്ന തിളക്കം ഇതിനില്ലെന്നു പറഞ്ഞുകൂടാ. അതുപോലെതന്നെ മലംഭാണ്ഡക്കാരൻ കിഴങ്ങൻനായരും അയാളുടെ അച്ഛിയും കൊച്ചുങ്ങളുമായി നാട്ടുകാണാനിറങ്ങിയ അനുഭവത്തെ ചിത്രീകരിക്കുന്ന അവരുടെ ദാഹാർത്തി ഫലിതം കൈകാര്യം ചെയ്തു് പഴകാത്ത അപക്വത അല്പമല്ലും സഹിച്ചുകൂടാനാമെങ്കിലു, അതിനു് വാസ്തവികതയുണ്ട്. മനുഷ്യൻ മാത്രം എന്ന കഥ ആദർശസുരഭിലമാണ്. നമ്പൂതിരികുടുംബവും മഹമ്മദീയകുടുംബവും ആയി ക്രമേണ പരിചയപ്പെടുന്നതും ആ പരിചയബന്ധത്തിന്റെ പാരമ്യപദവി ഇതരോപാധികളെ വിസ്മരിപ്പിച്ചു് മനുഷ്യൻമാത്രം എന്ന പരമാദർശപരിധിയിലേയ്ക്കു് അവരെ എത്തിച്ചേക്കുന്നതുമായ സംഭവവികാസങ്ങൾ ആദർശാലോകചിതമായി ഇതിൽ കാണാം. യത്രാരംഗത്തിലും സഹോദരസ്നേഹത്തിന്റെ അതിപാവനമായ അനുഭൂതിയാണ് പ്രതിപാദ്യം. കഴിഞ്ഞ കാലത്തിലെ തൂവൺനിലാവണിപ്പുറപ്പിലെ കള്ളക്കാരിത്തിരിപ്പിൽ പുത്തൂരമ്മയുടെ പൊൻകതിർഴ പാകുന്ന പൊന്നുകണ്ണസന്ധ്യയുടെ പ്രതീതി നാനാവിധാനുഭവമാകുന്ന കനകാഭരണത്തോടുകൂടി ഇതിൽപ്രതിഫലിക്കയാണെന്നു പറയാം. ചില നേരിയ നിഴൽപാടുകൾ, അതിന്റെ അഴകിനെ വർദ്ധിപ്പിക്കുന്നതല്ലാതെ അലങ്കോലമാക്കുന്നില്ലെന്നുള്ളതിലാണ് കൂടുതൽ സന്തോഷിക്കാനുള്ളതു്.

—സി. എം. പി.

—:*:—

കാർഷികപംക്തി

# കിലുക്കാംപെട്ടി

കടവത്തു്, കെ. ഗോപിനാഥൻ ബി. എ.

കുട്ടികളുടെ കളിക്കോപ്പാണ് കിലുക്കാംപെട്ടി. കിലുക്കിയുടെ കായ് കുട്ടികൾ കിലുക്കികളിക്കുക സാധാരണയാണ്. അവർ അതിന്റെ ശബ്ദത്തിനൊത്തു് തലയാട്ടിതുള്ളിച്ചാടുന്നതു കണ്ടിട്ടില്ലാത്തവർ കാണുകയില്ല. പക്ഷേ കിലുക്കാംപെട്ടി കേരവൃക്ഷത്തിന്റെ നാടായ കേരളത്തിലെ കർഷകരോടു് അതിന്റെ സന്ദേശം മനോഹരമായ ആ കാഹളധ്വനിയിൽകൂടി പ്രതിധ്വനിപ്പിക്കുകയാണു ചെയ്യുന്നതു്. അതിന്റെ സന്ദേശം എന്താണെന്നു നമുക്കു ശ്രദ്ധിക്കാം.

കേരവൃക്ഷം ഭൂമിയിലെ കല്പവൃക്ഷമാണെന്നു വിഖ്യാതമാണ്. എന്നാൽ നമ്മുടെ കർഷകർ ഈ കല്പവൃക്ഷത്തിനെ അല്പംപോലും അന്വേഷിക്കാത്തതുമൂലം അതു് ഇന്നു രോഗംബാധിച്ചും വിളവുകുറഞ്ഞും നശിച്ചുകൊണ്ടിരിക്കുന്നുവെന്നകാര്യം നാമെ അനുസ്മരിപ്പിക്കുന്നതോടൊപ്പം അതിനെ സമുദ്ധരിക്കേണ്ടതിനുള്ള ചില പരിഹാരമാർഗ്ഗങ്ങൾകൂടി കിലുക്കാംപെട്ടി ചൂണ്ടികാണിച്ചുതരുന്നു.

ഏതുതരംവിളവും വർദ്ധിക്കുന്നതിനു് ശരിയായ വളവും കിളയും അത്യാവശ്യമത്രേ. മണ്ണിന്റെ ചേതനവർദ്ധനാക്കുന്നതിനു് പച്ചിലവളം ഏറ്റവും പറ്റിയതാണ്. നമ്മുടെ ചില തെങ്ങിൻതോപ്പുകളിൽ ഒരു കളയായിവളർന്നുനിൽക്കുന്ന കിലുക്കിച്ചെടി കേരവൃക്ഷത്തിനു് അത്യുത്തമമായ ഒരു പച്ചിലവളമാണെന്നകാര്യം അധികമാരും മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഏറ്റവും ലഘുവായ ചെലവിൽ ഏറ്റവും കൂടുതൽ പച്ചിലവളം സമ്പാദിക്കുവാൻ സാധിക്കുന്ന ഈ ചെടിക്കു് ചില പ്രത്യേകഗുണവിശേഷങ്ങളുണ്ടെന്നുള്ളതു് അവിസ്മരണീയമാണ്.

### പേരു്

മലയാളക്കരയുടെ വിവിധഭാഗങ്ങളിൽ പലപേരുകൾ കൊണ്ടാണ് ഈ ചെടി അറിയപ്പെടുന്നതു്. സർവ്വസദ്ഗുണങ്ങളുടെയും മൂർത്തീകരണമെന്നു് മനുഷ്യർ വിശ്വസിച്ചു് ആരാധിക്കപ്പെടുന്ന ഈശ്വരനേയും പല പേരുകൾകൊണ്ടു് വിളിച്ചുവരാറുണ്ട്. ഈ സാമ്യം ഈ ചെടിയുടെ ഗുണവിശേഷത്തെയാണ് പ്രദ്യോതിപ്പിക്കുന്നതെന്നു പറഞ്ഞാൽ അതിൽ അല്പവും അതിശയോക്തിക്കു് അവകാശമില്ല. കിലുക്കി, കിലുക്കാംപെട്ടി, കാട്ടുചണമ്പു്, തന്തലക്കൊട്ടി, കലംകൊട്ടി, കാട്ടുതകര, തന്തലതല്ലി എന്നിങ്ങനെ വിവിധനാമങ്ങളാൽ ഈ ചെടി അറിയപ്പെട്ടുവരുന്നു. ഇംഗ്ലീഷിൽ ഇതിനു് ക്രോട്ടലേറിയസ്ട്രിയാറ്റാ (Crotalaria Striata) എന്നു പറയപ്പെടുന്നു.

### കൃഷിചെയ്യേണ്ടതെവിടെ?

തെങ്ങിനു് ഉത്തമവളമായ ഈ ചെടി തെങ്ങിൻതോപ്പുകളിൽതന്നെ കൃഷിചെയ്യാവുന്നതാണ്. ഇതു് കൃഷിചെയ്യുന്നതിനുവേണ്ടി പ്രത്യേകം സ്ഥലം ആവശ്യമില്ലെന്നുള്ളതു് കർഷകരെ സംബന്ധിച്ചിടത്തോളം ഒരു അനുഗ്രഹംതന്നെയാണ്.

### വിത്തും വിതയും

കാലവർഷം ആരംഭിച്ചുകഴിഞ്ഞാൽ ഇതിന്റെ വിത്തു വിതയ്ക്കാം. വെള്ളം കയറുന്ന താഴ്ന്ന കായലോരപ്രദേശങ്ങളാണെങ്കിൽ വെള്ളപ്പൊക്കം കഴിഞ്ഞിട്ടു് വിത്തുവിതച്ചാൽ മതിയാകും. കേരകൃഷിയുള്ള എല്ലാ സ്ഥലങ്ങളിലേയും മണ്ണ് ഈ ചെടിയുടെ വളർച്ചയ്ക്കു അനുയോജ്യമാകുന്നു. രണ്ടുമൂന്നു നല്ല മഴ കഴിഞ്ഞാൽ കന്നുകാലിവളം വിതറി പറമ്പ് നല്ലതുപോലെ കൊത്തിക്കിളയ്ക്കുകയോ ഉഴുകയോ ചെയ്തു് മണ്ണിളക്കേണ്ടതാണ്. ഇതു് തെങ്ങിനുതന്നെ ഗുണകരമാകുന്നു. അനന്തരം ഒരേക്കർ സ്ഥലത്തു് ഏകദേശം ഇരുപതു റാത്തൽ വിത്തുവിതയ്ക്കാവുന്നതാണ്.

### വളവും വളർച്ചയും

ഈ ചെടിയുടെ വളർച്ചയ്ക്കു വളം വളരെ കുറച്ചുമാത്രമേ ആവശ്യമുള്ളു. വിത്തു വിതച്ചുകഴിഞ്ഞാൽപിന്നെ ചെടിയുടെ കാര്യത്തിൽ അത്ര ശ്രദ്ധപതിപ്പിക്കണമെന്നില്ല. ക്രമേണ അതു തഴച്ചു വളർന്നുതുടങ്ങും. കന്നുകാലികൾ പറമ്പിലെ പച്ചിലച്ചെടികളും പുല്ലും മറ്റും ആഹാരമായി കഴിക്കാറുണ്ടല്ലോ. എന്നാൽ ഈ ചെടിയുടെ ഇല കന്നുകാലികളും മറ്റു ജന്തുക്കളും കടിക്കുകയില്ലെന്നുള്ളതുകൊണ്ടു് ഇതിന്റെ സൂക്ഷിപ്പിനുമാത്രമായി വേലിപോലും ആവശ്യമായി വരുന്നില്ല. കൂടാതെ സാധാരണ ചെടികളിൽ കണ്ടുവരാറുള്ള പുഴുശല്യവും കിലുക്കിച്ചെടിയെ എളുപ്പത്തിൽ ബാധിക്കുന്നില്ല.

### പൂവും കായും.

ഏതാണ്ട് അഞ്ചു മാസക്കാലമാകുമ്പോഴേയ്ക്കും ചെടി നാലുമുതൽ അഞ്ചടിവരെ പൊക്കത്തിൽ വളർന്നു പൂത്തുതുടങ്ങുന്നു. മഞ്ഞനിറത്തിലുള്ള അതിന്റെ പുഷ്പങ്ങൾ തോട്ടത്തിനു ഒരു അലങ്കാരംതന്നെയാണ്. ഒരു ചെടിതന്നെ തുടർച്ചയായി മൂന്നുപ്രാവശ്യംവരെ പുഷ്പിക്കാറുണ്ട്. ഇതിനിടയിൽ ആദ്യത്തെ പൂവിൽ ഉത്ഭവിച്ച കായകൾ ശേഖരിക്കത്തക്കവണ്ണം പാകമായിരിക്കും. അങ്ങനെ അവ അടുത്തകൊല്ലം വിതയ്ക്കുന്നതിലേക്കായി സംഭരിക്കുന്നതു നന്നായിരിക്കും. ഉദാസീനരായ കർഷകർ അതും ചെയ്യണമെന്നില്ല. ആ വിത്തുകൾ കൊഴിഞ്ഞു മണ്ണിൽ വീഴും. അടുത്തകൊല്ലത്തിൽ ഇടവപ്പാതി ആരംഭിച്ചുകഴിഞ്ഞാൽ അതു് സ്വയം മുളച്ചുവളർന്നുകൊള്ളും. ഒരിക്കൽ വിതച്ചാൽ പിന്നെ തുടർച്ചയായി സ്വയം വളർന്നുകൊള്ളുമെന്നുള്ളതു ഇതിന്റെ സ്വഭാവവിശേഷമത്രേ. ഒരേക്കർ സ്ഥലത്തുള്ള ചെടിയിൽനിന്നു് ആദ്യപൂവിലുണ്ടാകുന്നവിത്തു ശേഖരിക്കപ്പെടുന്നപക്ഷം കാഞ്ഞതു് ൫൦ റാത്തൽവരെ ലഭിക്കുന്നതാണ്.

### പച്ചിലവളമാക്കേണ്ടതെപ്പോൾ?

ചെടി പൂത്തുകൊണ്ടിരിക്കുമ്പോൾതന്നെ അതിനെ പച്ചിലവളമായി ഉപയോഗിക്കേണ്ടതാണ്. രണ്ടാമത്തേതോ മൂന്നാമത്തേതോ പൂത്തുതുടങ്ങുമ്പോൾ വിളഞ്ഞ വിത്തുകൾ എടുത്തശേഷം ചെടി പിഴുതോ മൂട്ടിൽവച്ചു മുറിച്ചോ എടുക്കണം. ഒരേക്കർസ്ഥലത്തുള്ള ചെടികളിൽനിന്നു ൧൫,൦൦൦ മുതൽ ൨൫,൦൦൦ റാത്തൽവരെ പച്ചിലവളം ലഭിക്കുന്നതാണ്. ഇതുമുഴുവനും ഒരേക്കർസ്ഥലത്തുള്ള തെങ്ങിനുതന്നെ വളമായി ഉപയോഗിക്കണം. പിഴുതെടുത്തുകഴിഞ്ഞാൽ അവ ഉണങ്ങുന്നതിനുമുമ്പ് നാലു തെങ്ങുകൾക്കിടയിൽ ചെറിയ കുഴികൾവെട്ടി അതിൽഇട്ടു മൂടണം. അല്ലെങ്കിൽ തെങ്ങിനുചുറ്റും വിശാലമായ തടമെടുത്തു് മൂട്ടിൽനിന്നു കുറഞ്ഞതു രണ്ടടി അകലെയായി ചുറ്റും ഇട്ടു തടംമൂടണം. വിശേഷപ്പെട്ട പച്ചിലവളം ഇത്രയധികം പ്രദാനംചെയ്യുന്ന മറ്റുചെടികൾ ഇല്ലെന്നുതന്നെ പറയാം.

### ഇതുകൊണ്ടു തെങ്ങിനുള്ള പ്രത്യേകഗുണങ്ങൾ

കിലുക്കി പയറുവർഗ്ഗത്തിൽപ്പെട്ട ഒരു ചെടിയാകുന്നു. ഈ വർഗ്ഗത്തിലുള്ള ചെടികൾ പൂത്തുതുടങ്ങുമ്പോൾ പിഴുതുനോക്കിയാൽ അവയുടെ വേരുകളിൽ ചില മുഴകൾ (Nodules) കാണാവുന്നതാണ്. ചെടികൾക്കും വൃക്ഷങ്ങൾക്കും ആവശ്യമായ പാക്യജനകം (Nitrogen) ഇവയിൽ ശേഖരിക്കപ്പെട്ടിരിക്കുകയാണ്. ഈ സ്വഭാവവിശേഷം കിലുക്കിച്ചെടിക്കുമുണ്ട്. അന്തരീക്ഷത്തിലുള്ള പാക്യജനകം ശേഖരിച്ച് ഇതു തെങ്ങിനു നൽകുന്നു. അതുകൊണ്ടാണ് പൂവുള്ളപ്പോൾതന്നെ ഇതു പച്ചിലവളമായി ഉപയോഗിക്കപ്പെടണമെന്നു പറയുന്നതും. അങ്ങനെ ഇവ തെങ്ങിനു് ഏറ്റവും വിശേഷപ്പെട്ട ഒരു വളാംശം പ്രദാനംചെയ്യുന്നു.

കുറഞ്ഞ ചെലവിൽ ഏറ്റവുംകൂടുതൽ പച്ചിലവളം ഇതിൽനിന്നു് ഉല്പാദിപ്പിക്കപ്പെടുന്നു. വലിയ വളമോ ശുശ്രൂഷയോകൂടാതെ വളർന്നുവരുന്ന ഈ ചെടിയുടെ ഇല മറ്റു പച്ചിലവളങ്ങളെ അപേക്ഷിച്ചു ഗുണത്തിൽ മെച്ചമാണ്. ഇതിന്റെ ലോലമായ ഇലകൾ വേഗത്തിൽ മണ്ണിനോടുചേരുന്നു. മണ്ണിൽ കുഴിച്ചുമൂടപ്പെടുന്ന ഇലകൾ തുലാവർഷക്കാലത്തു് ശരിയായി അളിഞ്ഞു വളമായിത്തീരുന്നതാണ്. എത്ര മോശമായ മണ്ണായാലും അതിന്റെ ചേതന നന്നാക്കുന്നതിനു് ഈ ഇലവളത്തിനു പ്രത്യേകശക്തിയുണ്ട്. മണ്ണിന്റെ ചേതന നന്നായാൽ വളവും വർദ്ധിക്കുമെന്നതിൽ സന്ദേഹമില്ല.

മഴ കുറവാകകൊണ്ടു തെങ്ങിൻതോട്ടങ്ങൾക്കു രണ്ടുമൂന്നുകൊല്ലമായി ഉണക്കു ബാധിച്ചിട്ടുണ്ട്. തന്മൂലം കായ്ഫലം വളരെ കുറഞ്ഞിട്ടുണ്ടെന്നുള്ളതു് ഒരു വസ്തുവംമാത്രമാണ്. കിലുക്കി കൃഷിചെയ്യുന്നതും വളമായി ഉപയോഗിക്കുകയുംചെയ്താൽ ഉണക്കുദോഷം ഏറെക്കുറെ പരിഹരിക്കപ്പെടുന്നതാണ്. മഴകഴിഞ്ഞാലുടൻ തോട്ടം ഭംഗിയായി കിളച്ച് ഇളക്കിയിട്ടാൽ ഉണക്കുമൂലമുള്ള ദോഷത്തിനു ശാന്തിയുണ്ടാകും. കിലുക്കിച്ചെടി വളമായിഉപയോഗിച്ചാൽ വെള്ളയ്ക്കാ (മച്ചിങ്ങ) കൊഴിയലും കുറയുവാനിടയുണ്ട്.

### വിത്തു എവിടെക്കിട്ടും

കേരകർഷകർക്കു ഇതിന്റെവിത്തു കുറഞ്ഞവിലയ്ക്കു സുലഭമായി കിട്ടുന്നതിനു ഇന്ത്യൻകേന്ദ്രനാളികേരക്കമ്മിററിയിൽനിന്നു് ചില പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. അതു് പ്രായോഗികമാകുന്നതിനുമുമ്പ് തൽക്കാലം ഇതിന്റെ വിത്തു് റാത്തലൊന്നു് ൧൦ ണ പ്രകാരം "മേഴ്സൺ സൺസൺ ആൻഡ് കമ്പനി കല്ലൻറോഡ്, ആലപ്പുഴ" എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

### ചെടി എവിടെക്കാണാം?

കിലുക്കിച്ചെടി കണ്ടിട്ടില്ലാത്ത കർഷകർ ഉണ്ടെന്നു തോന്നുന്നില്ല. കണ്ടിട്ടില്ലാത്തവർ ആരെങ്കിലുമുണ്ടെങ്കിൽ കൃഷ്ണപുരത്തു (കരുനാഗപ്പള്ളി) ഉള്ള നാളികേരഗവേഷണകേന്ദ്രത്തിൽ ഇതു് തഴച്ചുവളർന്നുനില്ക്കുന്നതു കാണാവുന്നതാണ്. കാഴ്ചയിൽതന്നെ കിലുക്കി കേരകർഷകരുടെ കനകകുംഭമാണെന്നു വ്യക്തമാകും.

കിലുക്കാംപെട്ടി കുട്ടികളുടെ കളിക്കോപ്പും കേരവൃക്ഷത്തിന്റെ ഉത്തമവളവും കർഷകർക്ക പച്ചിലവളം ലഭിക്കുന്നതിനുള്ള സുരക്ഷിതമായ അക്ഷയപാത്രവുമത്രേ.

### കിലുക്കാംപെട്ടിയുടെ സന്ദേശം

കേരകർഷകരോടു് കിലുക്കാംപെട്ടിയുടെ സന്ദേശം തെങ്ങിനു ശരിയായ കിളയും വളവും നൽകണമെന്നാണ്. ഇടവപ്പാതിക്കു മുൻപു് വിശാലമായി തടമെടുത്തു് ചാണകം ഇട്ടാൽ തുലാവർഷാരംഭത്തോടുകൂടി ചാരവും ഇട്ട് തടം മൂടാവുന്നതാണ്. കിലുക്കിച്ചെടി പച്ചിലവളമായും ഉപയോഗിക്കാം. ശരിയായ കിളയും ഉഴവുംകൂടിയുണ്ടെങ്കിൽ കേരകർഷകർക്കു് തെങ്ങു് കല്പതരുവായിത്തീരുമെന്നാണ് കിലുക്കിച്ചെടി ഉൽബോധിപ്പിക്കുന്നതു്.

സന്ധ്യയും അഗ്നിഹോത്രവും

(വിശുദ്ധമായ വൈദികാരാധനക്രമവും നിത്യകർമ്മവിധാനവും)

225-പേജ്.     1 ക. 14 ണ.

[ഹിന്ദുമഹാമണ്ഡലത്തിനോടനുബന്ധിച്ചുള്ള ആര്യസമാജം സ്കൂളിലും വാങ്ങാം]

അപേക്ഷിക്കുക:—
വേദബന്ധു, ആര്യസമാജം,
തിരുവനന്തപുരം.





ഇടത്തുനിന്നു വലത്തോട്ട്: മെ: മന്നത്തു പത്മനാഭൻ, ആർ. ശങ്കർ, എം. ഗോവിന്ദൻ എന്നിവർക്ക് ചെട്ടികുളങ്ങരയിൽ ലഭിച്ച സമുജ്ജ്വലസ്വീകരണം. സമ്മേളനസ്ഥലത്തേയ്ക്കു മന്നശങ്കരന്മാരെ ഘോഷയാത്രയായി സ്വീകരിച്ചുകൊണ്ടുപോകുന്നതാണ് ചിത്രം.

താഴെ: പ്രസിദ്ധ നർത്തകിയായ താരാചൗധുരി.





മുകളിൽനിന്നു താഴോട്ട്: ന്യൂയാക്കിൽവച്ചുനടന്ന ഒരു മിഡിൽ വെയ്റ്റ് ബാക്സിംഗ് മത്സരം ടോണിജനിറോയും റാക്കിഗ്രാസിയാനോയും തമ്മിൽ നടന്ന മത്സരം സമജോടിയായി കലാശിച്ചു. യു. എസ്. വ്യവസായി തൊഴിലാളികൾക്കുവേണ്ടി ആരംഭിച്ചിരിക്കുന്ന കാർ സമ്മാനപരിപാടി. ഈ പരിപാടിയിൽ ഒരു കാർ സമ്മാനമായി ലഭിച്ച കമ്പനി ക്ലാർക്ക് മി. മാക്സ് ന്യൂട്ടനു് മുതലാളി ഹസ്തദാനം ചെയ്യുന്നു. താഴെ ഇടത്തു ചില്ലിയിലെ പ്രസിഡന്റ് ഗബ്രിയൽ ഗൊൺസാലസ് വിഡേല യു. എസ്. സന്ദർശിച്ചപ്പോൾ പ്രസിഡന്റ് ട്രൂമൻ സ്വീകരിക്കുന്നതു്.






## ബാംബെ മെഡിക്കൽഹാൾ

**താമരക്കുളംറോഡ്—കൊല്ലം**

ആയുർവേദവിധിപ്രകാരം തയാറാക്കിയിട്ടുള്ള എല്ലാ ഔഷധങ്ങളും മിതമായ വിലയ്ക്കു് ഇവിടെ എപ്പോഴും കിട്ടുന്നതാണു്. ദൂരസ്ഥന്മാർ രോഗവിവരമറിയിച്ചാൽ ഔഷധം വി. പി. ആയും അയയ്ക്കുന്നതാണു്. ക്യാററ്ലോഗിനു് എഴുതുവിൻ.

മാനേജർ


Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.